بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 6

ലക്കം 17

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഏപ്രിൽ 29/ഹി.ശം. 1400 തബ്‌ലീഗ് 29/1442 റമളാൻ 16

## അല്ലാഹുവിന്റെ വചനം

اَلۡیَوۡمَ اَکۡمَلۡتُ لَکُمۡ دِیۡنَکُمۡ
وَاَتۡمَمۡتُ عَلَیۡکُمۡ نِعۡمَتِیۡ
وَرَضِیۡتُ لَکُمُ الۡاِسۡلَامَ دِیۡنًا

‘ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്കു ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്കു മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു.’ (5:4)

## അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

(1237) ഹദ്‌റത്ത് അബൂദർ (ഗഫ്ഫാരി) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: എന്റെ രക്ഷിതാവിൽനിന്ന് എന്റെയടുക്കൽ ഒരാൾ വന്ന് എന്നോടു ഇപ്രകാരം സന്തോഷവാർത്ത അറിയിച്ചു: അല്ലെങ്കിൽ അവിടന്ന് പറഞ്ഞു: ‘അല്ലാഹുവിന് പങ്കുകാരെ വെക്കാത്ത അവസ്ഥയിൽ എന്റെ സമുദായത്തിൽനിന്ന് വല്ലവനും മരണമടഞ്ഞാൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതായിരിക്കും.’

(1238) ഹദ്‌റത്ത് അബ്ദുല്ലാഹ് (ബിൻ മസ്ഊദ്)(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: വല്ലവനും അല്ലാഹുവിൽ ശിർക്കു ചെയ്തുകൊണ്ട് മരിച്ചാൽ അവൻ നരകത്തിൽ പ്രവേശിച്ചു. അപ്പോൾ ഞാൻ(അബ്ദുല്ലാഹ്)പറഞ്ഞു:‘വല്ലവനും അല്ലാഹുവിൽ ശിർക്കുവെക്കാതെ മരിച്ചാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു കഴിഞ്ഞു.’

(1239) ഹദ്‌റത്ത് ബറാഅ് (ബിൻ ആസിബ്)(റ) നിവേദനം. നബി(സ)തിരുമേനി ഞങ്ങളോടു ഏഴുകാര്യങ്ങൾ കല്പിക്കുകയും ഏഴ് കാര്യങ്ങൾ വിരോധിക്കുകയും ചെയ്തു. മയ്യിത്തിനെ അനുഗമിക്കാനും രോഗിയെ സന്ദർശിക്കാനും ക്ഷണിച്ചവന്റെ ക്ഷണം സ്വീകരിക്കാനും മർദിതനെ സഹായിക്കാനും പ്രതിജ്ഞ പാലിക്കാനും സലാം മടക്കുവാനും തുമ്മിയവനുവേണ്ടി പ്രാർഥിക്കുവാനും അവിടന്ന് ഞങ്ങളോടു കല്പിച്ചു. വെള്ളിപ്പാത്രം, സ്വർണമോതിരം, പട്ടുവസ്ത്രം, ഒരുതരം നേരിയപട്ട് വസ്ത്രം, പട്ടുനൂൽ ചേർത്ത് നെയ്ത വസ്ത്രം, തടിച്ച പട്ടുവസ്ത്രം ഇവ ഞങ്ങളോടു അവിടന്ന് വിരോധിക്കുകയും ചെയ്തു.(സ്വഹീഹ് ബുഖാരി വാല്യം 2, കിതാബുൽ ജനാഇസ്, ഖാദിയാൻ 2006)

**The Weekly BADR Qadian (Malayalam)**

*https://www.akhbarbadrqadian.in/*

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 19-03-2021
സമ്പൂർണ തർജമ

ജുമുഅ ഖുത്വ്ബ 26-03-2021
സമ്പൂർണ തർജമ തുടർച്ച

**എനിക്കുണ്ടായ ഇൽഹാമുകൾകൊണ്ട് സമൂഹത്തിനും ഇസ്‌ലാമിനും പ്രയോജനമുണ്ട്. ഈ നിലവാരം വളരെ കരുത്തുറ്റ നിലവാരമാണ്. അത് അവ അല്ലാഹുവിൽനിന്നുള്ളതാണെന്നതിന് തെളിവാണ്.**

## സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ദൈവികവെളിപാടിന്റെ നിലവാരം

‘അഹോ കഷ്ടം! ഈയാളുകൾ ചെറിയ ചെറിയ നിസാരമായ ഇൽഹാമീ കഷണങ്ങളിലും സ്വപ്നങ്ങളിലും അഹങ്കരിച്ചിരിക്കുകയാണ്. ഏതെങ്കിലും ഇൽഹാം അല്ലാഹുവിൽനിന്നുള്ളതാണെന്നതിനും ശയ്ത്വാന്റെ കൈകടത്തലുകളിൽനിന്ന് പരിശുദ്ധമാണെന്നുള്ളതിനുമുള്ള മാനദണ്ഡമെന്താണെന്ന് മനസ്സിലാക്കുന്നില്ല. മാനദണ്ഡം ഇതുതന്നെയാണ്. ആ (ദൈവിക വെളിപാടിനോടൊപ്പം) ദൈവ സഹായം ഉണ്ടായിരിക്കണം. പ്രതാപപരമായ അദൃശ്യജ്ഞാനവും വിജയംവരിക്കുന്ന പ്രവചനങ്ങളും അതിനോടൊപ്പമുണ്ടാകണം. ഇല്ലെങ്കിൽ അത് വ്യർഥമായ കാര്യങ്ങളാണ്. അത് ജനങ്ങൾക്ക് പ്രയോജനകരമാകുകയില്ല. ഏതെങ്കിലും വ്യക്തി ഒരു ജൽസയിൽ ദൂരെ ഇരിക്കുകയാണെങ്കിൽ ഏതെങ്കിലും മഹാരാജാവിന്റെ സംസാരങ്ങൾ മാമൂലെന്ന നിലയിൽ കേൾക്കുകയും എന്നിട്ട് അയാൾ വന്ന് താൻ ഇന്ന രാജാവിന്റെ സംസാരങ്ങൾ കേട്ടുവെന്ന് പറയുകയും ചെയ്താൽ അതുകൊണ്ട് അയാൾക്കും മറ്റുള്ളവർക്കും എന്താണ് കിട്ടിയത്? രാജകീയമായ അടുപ്പത്തിനുശേഷമുള്ള സംസാരങ്ങളുടെ അടയാളം മറ്റൊന്നായിരിക്കും. അതുകണ്ട് പണ്ഡിതനായ ഒരാൾ ഉറക്കെ പറയാൻ തുടങ്ങും ഇന്നയിടം വാസ്തവത്തിൽ രാജാവിന്റെ കലാമിന്റേയും സലാമിന്റേയും പതനസ്ഥലമാണെന്ന്. എന്റെ ഇൽഹാമുകളും അപ്രകാരം നിസാരവും വ്യർഥവുമായ കഷണങ്ങളാകുകയും എല്ലാ ഓരോരുന്നിലും അദൃശ്യജ്ഞാനവും വിജയംവരിക്കുന്ന പ്രവചനങ്ങളും ഇല്ലാതിരിക്കുകയുമാണെങ്കിൽ ഞാൻ അവയെ കൊള്ളരുതാത്തതായിമാത്രം മനസ്സിലാക്കുമായിരുന്നു. ആരെങ്കിലും ലേഖ്റാമിനെ കുറിച്ചുള്ള പ്രവചനത്തിന് സമാനമായി ഏതെങ്കിലും ഒരു ഇൽഹാം പറയുക. എനിക്കുണ്ടായ ഇൽഹാമുകൾകൊണ്ട് സമൂഹത്തിനും ഇസ്‌ലാമിനും പ്രയോജനമുണ്ട്. ഈ നിലവാരം വളരെ കരുത്തുറ്റ നിലവാരമാണ്. അത് അവ അല്ലാഹുവിൽനിന്നുള്ളതാണെന്നതിന് തെളിവാണ്. എന്നോടുള്ള അല്ലാഹുവിന്റെ ഇടപെടലുകളും നിയന്ത്രണങ്ങളും അവന്റെ അടയാളവും എന്നെ പിന്തുയ്ക്കുന്നതിൽ അത്ഭുതകരമാണ്. കുറച്ച് എന്നെ സംബന്ധിച്ചാണെങ്കിൽ കുറച്ച് എന്റെ സന്താനങ്ങളെ സംബന്ധിച്ചാണ്. കുറച്ച് എന്റെ സ്നേഹിതന്മാരെ സംബന്ധിച്ചാണ്. കുറച്ച് എതിരാളികളെ സംബന്ധിച്ചാണ്. കുറച്ച് ജനങ്ങളെ സംബന്ധിച്ചാണ്.’ **(മൽഫൂദാത്ത് വാല്യം 1, പേജ് 281, ഖാദിയാൻ പ്രസിദ്ധീകരണം 2018)**

**ഗ്രന്ഥത്തിന്റെ നിവേദനത്തിൽ ഖുർആന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നത് വിസ്മയാർഹമാണ്. ഞങ്ങൾ ബൈബിളിന്റെ ചില നിവേദനങ്ങളെ ചരിത്രപരമായ സാക്ഷ്യമെന്ന നിലയിൽ പകർത്തിയെഴുതുന്നുവെന്നത് ശരിതന്നെയാണ്. പക്ഷേ, ബുദ്ധിയും മറ്റു ചരിത്രവും അല്ലെങ്കിൽ വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ചുമണെങ്കിൽ മാത്രമാണത്.**

സയ്യിദുനാ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ് (റ) സൂറ യൂസുഫിലെ 81-ാമത്തെ വചനത്തിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു: ഏതൊരു സഹോദരനെ സംബന്ധിച്ചാണോ കബീറുഹും എന്ന് വന്നിട്ടുള്ളത് അയാളുടെ മനസ്സിൽ ഒരു പരിധിവരെ ദൈവഭയമുണ്ടായിരുന്നുവെന്ന് മനസ്സിലാകുന്നു. കാരണം ഒന്നാമതായി അയാൾ തന്റെ പിതാവിനോടു വഞ്ചനകാണക്കുന്നതിൽ സഹോദരങ്ങളെ ഭയപ്പെടുത്തുന്നു. രണ്ടാമത്തേത് തന്റെ പിതാവ് അനുവദിക്കാത്തിടത്തോളം അല്ലെങ്കിൽ അല്ലാഹു എന്തെങ്കിലും തീരുമാനമെടുക്കുന്നതുവരെ ഇവിടെനിന്ന് പോകുകയില്ലെന്നുള്ള തന്റെ പ്രതിജ്ഞ പാലിക്കുന്നതിൽ ഉറച്ചുനിന്നു. അല്ലാഹുവിന്റെ തീരുമാനം എന്നതുകൊണ്ട് അയാളുടെ മനസ്സിലുണ്ടായിരുന്നത് എങ്ങനെയെങ്കിലും ബിൻയാമീൻ സ്വതന്ത്രനാകണമെന്നും തനിക്ക് അവനേയും കൂട്ടി തിരിച്ചുപോകാൻ കഴിയണമെന്നുമായിരിക്കാം.

ഹദ്‌റത്ത് യൂസുഫിന്റെ ഏറ്റവും മൂത്ത സഹോദരന്റെ പേര് റോബൻ എന്നായിരുന്നു. ബൈബിളിന്റെ അടിസ്ഥാനത്തിൽ ഏതൊരു സഹോദരനാണോ ആ അവസരത്തിൽ വീട്ടിൽ തിരിച്ചുപോകാൻ കൂട്ടാക്കാതിരുന്നത് അത് യഹൂദാ ആയിരുന്നു. അയാൾ സഹോദരന്മാരിൽ നാലാമനായിരുന്നു. ഖുർആനിന്റെ കർത്താവിന് ചരിത്രത്തെ കുറിച്ചും ജ്ഞാനമില്ലെന്ന് പറഞ്ഞ് ക്രൈസ്തവ എഴുത്തുകാർ ഇവിടെ ആക്ഷേപം ഉന്നയിക്കാറുണ്ട്. അത് യഹൂദായുമായി ബന്ധപ്പെട്ട കാര്യത്തെ റോബനുമായി ബന്ധപ്പെടുത്തി പറയുന്നുവത്രെ! ക്രൈസ്തവ എഴുത്തുകാരുടെ ഇത്തരം ആക്ഷേപങ്ങളിൽ എനിക്കെപ്പോഴും അത്ഭുതം തോന്നാറുണ്ട്. അവർ ബൈബിൾ ഏറ്റവും കൂടുതൽ പ്രാമാണികമായ ചരിത്രഗ്രന്ഥമെന്ന നിലയിലാണ് അതിലെ കാര്യം പറയുന്നത്. വാസ്തവത്തിൽ ക്രൈസ്തവ സാഹിത്യങ്ങൾ ചരിത്രപരമായ നിലയിൽ ബൈബിളിന്റെ നിലയെ ഒരുപാടു ഇടിവു വരുത്തുന്ന തെളിവുകൾകൊണ്ട് നിറഞ്ഞു കിടക്കുന്നു. പൗരാണിക ചരിത്രം അവിടെ നില്ക്കട്ടെ, മൂസായുടെ യാത്രകളുടെ അവസ്ഥയെ കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ള മൂസായുടെ പുസ്തകങ്ങളിൽ ക്രൈസ്തവ ഗവേഷകർത്തന്നെ അതിന്റെ യോഗ്യതയിൽ വിശ്വസിക്കുന്നവരല്ല. ഭൂമിശാസ്ത്രപരമായ കാര്യങ്ങളും അക്കാലഘട്ടത്തിലെ മറ്റു ചരിത്രങ്ങളും ബൈബിളിന്റെ ഉള്ളിൽത്തന്നെയുള്ള തെളിവുകളും ആ അവസ്ഥകളെ സംഭവത്തിന് വിരുദ്ധമായാണ് പ്രകടിപ്പിക്കുന്നത്. അത്തരം ഗ്രന്ഥത്തിന്റെ നിവേദനത്തിൽ ഖുർആന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നത് വിസ്മയാർഹമാണ്. ഞങ്ങൾ ബൈബിളിന്റെ ചില നിവേദനങ്ങളെ ചരിത്രപരമായ സാക്ഷ്യമെന്ന നിലയിൽ പകർത്തിയെഴുതുന്നുവെന്നത് ശരിതന്നെയാണ്. പക്ഷേ, ബുദ്ധിയും മറ്റു ചരിത്രവും അല്ലെങ്കിൽ വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ചുമണെങ്കിൽ മാത്രമാണത്. ഇല്ലെങ്കിൽ ബൈബിളിൽ എത്രമാത്രം കൈകടത്തലുകൾ ഉണ്ടായി കഴിഞ്ഞിരിക്കുന്നുവെന്നാൽ അതിന്റെ ചരി

(ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്‌മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

അബൂ അബ്ദുല്ലാഹ് ഹദ്റത്ത് ഉഥ്മാൻ.......എന്റെ സ്വഹാബാക്കളിൽവച്ച്
എന്നോട് ഏറ്റവും കൂടുതൽ സ്വഭാവത്തിൽ സാമ്യതയുള്ള വ്യക്തിയാണ്(അൽഹദീഥ്)

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ദുന്നൂറയ്ൻ
ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

മസ്ജിദ് നബ്‌വിയുടെ വിപുലീകരണത്തെ സംബന്ധിച്ചുള്ള വിവിധ നിവേദനങ്ങളുടെ വിശദമായ ചർച്ച

'ഞാൻ നബി(സ)തിരുമേനിയുടെ സ്വഹാബാക്കളിൽ സംഭാഷണം മുഴുവനായും ഭംഗിയായും പറയുന്ന കാര്യത്തിൽ
ഹദ്റത്ത് ഉഥ്മാനെക്കാളും ശ്രേഷ്ഠനായി ആരെയും കണ്ടിട്ടില്ല. എന്നാൽ, അദ്ദേഹം അമിത ഭാഷണത്തിൽ നിന്നു വിട്ടുനില്ക്കുമായിരുന്നു.'
(ഹദ്റത്ത് യഹ്‌യ ബിൻ അഹ്ദുർ റഹ്മാൻ ബിൻ ഹാത്വിബ്(റ) )

നബി(സ)തിരുമേനി പറഞ്ഞു, 'എന്റെ ജാമാതാക്കളെയോ ഞാൻ ജാമാതാവായ വ്യക്തികളെയോ
നീ നരകത്തിൽ പ്രവേശിപ്പിക്കരുതേ എന്ന് ഞാൻ പ്രതാപവാനായ എന്റെ നാഥനോടു പ്രാർഥിച്ചു.'

അഹ്മദ് ബഖ്ശ് സാഹിബിന്റെ മകൻ മുബശ്ശിർ അഹ്മദ് രിൻദ് സാഹിബ്, മുനീർ അഹ്മദ് ഫർഖ് സാഹിബ്, മുൻ അമീർ ജമാഅത്ത് ജില്ലാ ഇസ്‌ലാമാബാദ്,ബ്രിഗേഡിയർ റിട്ടയേർഡ് ലതീഫ് സാഹിബ്, മുൻ അമീർ ജില്ലാ റാവൽപിണ്ടി, ഖിർഗിസ്താനിലെ അഹ്മദി ബഹുമാനപ്പെട്ട കോനോക്ക് ബേക്ക് ഉമുർ ബേക്കോവ്(Konokbek Omurbekov)സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2021 മാർച്ച് 19/1400 അമാൻ 19**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ അനുസ്മരണമാണ് നടന്നു വന്നിരുന്നത്. അദ്ദേഹത്തിന്റെ ശഹാദത്തും തുടർന്നുണ്ടായ സംഭവങ്ങളും വിവരിച്ചിരുന്നു. ശഹാദത്തിനു ശേഷമുള്ള ദിവസങ്ങളെ ക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദും(റ) ചുരുങ്ങിയ നിലയിൽ വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'മദീന അപ്പോൾ അവരുടെ അധികാരപരിധിയിൽ വന്നു കഴിഞ്ഞിരുന്നു. ആ നാളുകളിലെ അവരുടെ ചെയ്തികൾ അങ്ങേയറ്റം അമ്പരപ്പുള്ളവാക്കുന്നതാണ്. ഹദ്റത്ത് ഉഥ്മാനെ അവർ ശഹീദാക്കിയിരുന്നു. അദ്ദേഹത്തിന്റെ മൃതദേഹം ഖബ്റടക്കുന്നതിനുപോലും പ്രശ്നമുണ്ടാക്കി. അക്കാരണത്താൽ മൂന്നുനാളുകളോളം അദ്ദേഹത്തെ ഖബ്റടക്കാനായില്ല. അവസാനം ഒരു കൂട്ടം സ്വഹാബാക്കൾ ധൈര്യം സംഭരിച്ച് രാത്രിനേരം അദ്ദേഹത്തെ ഖബ്റടക്കി. അവർക്കും ഇക്കൂട്ടർ മാർഗതടസ്സം സൃഷ്ടിച്ചു. എന്നാൽ, ചില സ്വഹാബാക്കൾ ശക്തമായി നേരിടുമെന്ന് ഭീഷണിപ്പെടുത്തിയപ്പോഴാണ് അവർ അടങ്ങിയത്.(ഇസ്‌ലാം മെ ഇഖ്തിലാഫാത്ത് കാ ആഗാസ്, അൻവാറുൽഉലൂം വാല്യം 4, പേജ് 333)

ഹദ്റത്ത് ഉഥ്മാൻ(റ)നെ കുറിച്ച് നബി(സ)തിരുമേനി ഒരു പ്രവചനം നടത്തിയിട്ടുണ്ട്. അതിപ്രകാരം വന്നിരിക്കുന്നു: 'ഹദ്റത്ത് അബൂമൂസാ അശ്അരിയിൽനിന്നു നിവേദനം. നബി(സ)തിരുമേനി ഒരു തോട്ടത്തിൽ പ്രവേശിച്ചു. എന്നിട്ട് അതിന്റെ പ്രവേശന കവാടത്തിൽ കാവൽ നില്ക്കാൻ എന്നോടു നിർദേശിച്ചു. അപ്പോൾ അവിടെ ഒരു വ്യക്തി വരികയും അകത്തേക്ക് കടക്കാൻ അനുമതി തേടുകയും ചെയ്തു. നബി(സ)തിരുമേനി പറഞ്ഞു: 'അകത്തേക്ക് കയറ്റി വിടുകയും അദ്ദേഹത്തിന് സ്വർഗത്തെ കുറിച്ച് സുവാർത്ത നല്കുകയും ചെയ്യുക. നോക്കുമ്പോൾ അത് അബൂബക്ർ(റ) ആയിരുന്നു. വേറെയും ഒരു വ്യക്തി വന്ന് അനുവാദം ചോദിച്ചു. നബി(സ)തിരുമേനി അദ്ദേഹത്തെ അകത്തേക്ക് വരാൻ അനുവദിക്കാനും സ്വർഗത്തെ കുറിച്ച് സുവാർത്ത നല്കാനും പറഞ്ഞു. നോക്കിയപ്പോൾ അത് ഹദ്റത്ത് ഉമ ർ(റ) ആയിരുന്നു. വീണ്ടും ഒരു വ്യക്തി വന്ന് അകത്തു കടക്കാൻ സമ്മതം ചോദിച്ചു. നബി(സ)തിരുമേനി അല്പനേരത്തെ മൗനത്തിനുശേഷം അദ്ദേഹത്തെ അകത്തേക്ക് വരാൻ അനുവദിക്കാനും സ്വർഗത്തെ കുറിച്ച് സുവാർത്ത നല്കാനും പറഞ്ഞു. പക്ഷേ, അദ്ദേഹം ഒരു വൻ വിപത്തിനെ നേരിടുന്നതായിരിക്കും. ഞാൻ നോക്കിയപ്പോൾ അത് ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ) ആയിരുന്നു.(സ്വഹീഹുൽബുഖാരി, കിതാബു ഫ ളാഇലു അസ്ഹാബുന്നബിയ്യി(സ), ബാബു മനാഖിബു ഉഥ്മാൻ ബിൻ അഫ്ഫാൻ.....ഹദീഥ് 3695)

ഹദ്റത്ത് അനസിൽ നിന്നു നിവേദനം, നബി(സ) തിരുമേനി ഉഹുദ് മലയിൽ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ(റ.ഹും)എന്നിവരോടൊപ്പം കയറി. ഉഹുദ് പർവ്വതം ഇളകാൻ തുടങ്ങിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, 'ഉഹുദേ! ഇളകാതിരിക്കുക.' നിവേദകൻ പറയുന്നു, നബി(സ)തിരുമേനി അതിനുമേൽ കാലുയർത്തി ചവിട്ടി എന്നാണ് ഞാൻ കരുതുന്നത്. എന്നിട്ടു പറഞ്ഞു, 'നിനക്കു മീതെ ഒരു നബിയും ഒരു സിദ്ദീഖും രണ്ടു ശുഹദാക്കളുമാണുള്ളത്.'(സ്വഹീഹുൽ ബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബിയ്യി(സ), ബാബു മനാഖിബു ഉഥ്മാൻ ബിൻ അഫ്ഫാൻ.....ഹദീഥ് 3699)

ഹദ്റത്ത് ഇബ്നു ഉമർ(റ) വിവരിക്കുന്നു, നബി(സ) തിരുമേനി ഒരു കലാപത്തെ കുറിച്ച് ഇങ്ങനെ പറഞ്ഞു, 'ഈ വ്യക്തി ആ കലാപത്തിൽ അക്രമത്തിന് ഇരയായിക്കൊണ്ട് വധിക്കപ്പെടുന്നതാണ്.' ഇക്കാര്യം ഹദ്റത്ത് ഉഥ്മാനെ ചൂണ്ടിക്കാണിച്ചാണ് അവിടന്ന് പറഞ്ഞത്.(സുനനു ത്തിർമുദി, അബ്‌വാബുൽമനാഖിബു, ഹദീഥ് നമ്പർ 3708).

ഹദ്റത്ത് ഉഥ്മാന്റെ മരണാനന്തര സ്വത്തുക്കളെ കുറിച്ച് ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു:ഉബയ്ദുല്ലാഹ് ബിൻ അബ്ദുല്ലാഹ് ബിൻ ഉത്ബ വിവരിക്കുന്നു: ഹദ്റത്ത് ഉഥ്മാൻ ശഹീദാക്കപ്പെട്ട ദിവസം, അദ്ദേഹത്തിന്റെ ഖജാൻജിയുടെ പക്കൽ അദ്ദേഹത്തിന്റെ മൂന്ന് കോടി, അഞ്ചുലക്ഷം ദിർഹമും ഒന്നരലക്ഷം ദീനാറുമുണ്ടായിരുന്നു. അതെല്ലാം കൊള്ളയടിക്കപ്പെട്ടു. കൂടാതെ റബ്ദ എന്ന സ്ഥലത്ത് അദ്ദേഹം ആയിരം ഒട്ടകങ്ങളെ വിട്ടിരുന്നു. ഹിജാസിലേക്കുള്ള വഴിയിൽ മദീനയിൽ നിന്നു മൂന്നുനാൾ യാത്രാ ദൂരത്തിലുള്ള പ്രദേശമാണ് റബ്ദ. അതുപോലെ തന്നെ ബറാദീസ്, ഖയ്ബർ, വാദിയുൽ ഖുറാ എന്നിവിടങ്ങളിൽ രണ്ടുലക്ഷം ദീനാറുകൾ സ്വദഖയായി വിതരണം ചെയ്യുന്നതിന് നീക്കിവച്ചിരുന്നു. അതിൽനിന്നാണ് അദ്ദേഹം ദാനധർമങ്ങൾ നല്കാറുണ്ടായിരുന്നത്.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 42, ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബെയ്റൂത്ത് 1996) (ഫർഹങ്കെ സീറത്ത് പേജ് 130, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)

മുമ്പേയും വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ് അവിടന്ന് പറഞ്ഞു: 'ഞാൻ സമ്പന്നനായിരുന്നു. എന്നാൽ, ഇപ്പോൾ എന്റെ പക്കൽ രണ്ട് ഒട്ടകം മാത്രമാണുള്ളത്. അത് ഹജ്ജിനുവേണ്ടി ഞാൻ വെച്ചിരിക്കുകയാണ്.(ഇസ്‌ലാം മെ ഇഖ്തിലാഫാത്ത് കാ ആഗാസ്, അൻവാറുൽഉലൂം വാല്യം 4, പേജ് 294)

ചിലപ്പോൾ ഈ പറയുന്നത്, ഖജനാവിലെ സ്വത്തിനെ കുറിച്ചാകാം. അത് നിവേദകൻ ഹദ്റത്ത് ഉഥ്മാന്റെ സ്വകാര്യസ്വത്തായി പറഞ്ഞതാകാം. അല്ലെങ്കിൽ ആ സ്വത്ത് അദ്ദേഹത്തിന്റേതുതന്നെയായിരിക്കാം. പക്ഷേ, അത് സ്വന്തം കാര്യത്തിനായി അപ്പോൾ ഉപയോഗിച്ചിട്ടുണ്ടാകുകയില്ല. പ്രത്യുത സ്വദഖകൾ കൊടുക്കാനും സമുദായിക കാര്യങ്ങൾക്കുവേണ്ടിത്തന്നെ ചെലവഴിക്കാറുണ്ടായിരുന്നു. എന്തായാലും ഒരു നിവേദനമാണ്. അതു ഞാൻ വിവരിച്ചു. ഇതിനുമുമ്പേ അദ്ദേഹത്തിന്റെ സ്വന്തം ഉദ്ധരണി എന്ന നിലയിലും ഒരു നിവേദനം വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ഖജനാവിന്റെ കാവലിനായി അദ്ദേഹം നിശ്ചയിച്ചിരുന്ന ഖജാൻജിമാരിൽനിന്നു പ്രകടമാകുന്നതും അത് പൊതു ഖജനാവായിരുന്നു എന്നാണ്. അത് സംരക്ഷിക്കാൻവേണ്ടിയാണ് അദ്ദേഹം കാവലേർപ്പെടുത്തിയിരുന്നത്.(ഇസ്‌ലാം മെ ഇഖ്തിലാഫാത്ത് കാ ആഗാസ്, അൻവാറുൽഉലൂം വാല്യം 4, പേജ് 329)

ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തു സംഭവത്തെ കുറിച്ച് സ്വഹാബാക്കൾ വിവരിക്കുന്നത് ഇപ്രകാരമാണ്: 'ഒരിക്കൽ ഹദ്റത്ത് അലിയോട് ഹദ്റത്ത് ഉഥ്മാനെ കുറിച്ച് തങ്ങൾക്ക് വല്ലതും പറഞ്ഞു തരാൻ ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹം എങ്ങനെയുള്ള ആളായിരുന്നുവെന്നാൽ 'മലഉൽഅഅ്‌ലാ'യിലും (മലക്കുകളുടെ സമുന്നതസമിതി)'ദുന്നൂറയ്ൻ'(ഇരട്ട പ്രകാശമുള്ളവൻ) എന്നു പറയപ്പെട്ടിരുന്നു.(അൽ ഇസ്വബ ഫീ തമീസിസ്സ്വഹാബ, ഭാഗം 4, പേജ് 378, ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2005)

അദ്ദേഹം അല്ലാഹുവിന്റെ പക്കലും ദുന്നൂറയ്ൻ ആയിരുന്നു.

ഹദ്റത്ത് അലി(റ) പറഞ്ഞു, 'ഹദ്റത്ത് ഉഥ്മാൻ ഞങ്ങളിൽ ഏറ്റവുമധികം കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്ന വ്യക്തിയായിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ ശഹാദത്തിനെ കുറിച്ച് വിവരം ലഭിച്ചപ്പോൾ ഹദ്റത്ത് ആഇശാ(റ) പറഞ്ഞു, 'അവർ അദ്ദേഹത്തെ വധിച്ചു. വാസ്തവത്തിൽ അദ്ദേഹം അവരിൽ ഏറ്റവുമധികം കുടുംബബന്ധം പുലർത്തുന്നയാളും അവരിൽ ഏറ്റവുമധികം തഖ്‌വ (സൂക്ഷ്മത) പാലിക്കുന്ന വ്യക്തിയുമായിരുന്നു. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, ഭാഗം 4, പേജ് 378, ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2005)

നബി(സ)തിരുമേനി തന്റെ ജാമാതാക്കൾക്കുവേണ്ടി പ്രത്യേകം ദുആ ചെയ്തിട്ടുണ്ട്. അൽ ഇസ്ത്തീആബിൽ ഒരു നിവേദനം ചേർത്തിട്ടുണ്ട്. നബി(സ)തിരുമേനി പറഞ്ഞു, 'എന്റെ ജാമാതാക്കളെയോ ഞാൻ ജാമാതാവായ വ്യക്തികളെ യോ നീ നരകത്തിൽ പ്രവേശിപ്പിക്കരുതേ എന്ന് ഞാൻ പ്രതാപവാനായ എന്റെ നാഥനോടു പ്രാർഥിച്ചു.'(അൽ ഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, ഭാഗം 3, പേജ് 156, ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2002)

ഹദ്റത്ത് ഉഥ്മാന്റെ വസ്ത്രധാരണത്തെയും രൂപത്തെയും കുറിച്ച് മഹ്മൂദ് ബിൻ ലബീദ് വിവരിക്കുന്നു. അദ്ദേഹം ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനെ രണ്ടു മഞ്ഞ പുതപ്പുകൾ ധരിച്ചുകൊണ്ട് ഒരു കോവർ കഴുതപ്പുറത്ത് യാത്ര ചെയ്യുന്നതായി കണ്ടു.

ഹക്കം ബിൻ സ്വൽത്ത് വിവരിക്കുന്നു, 'എന്റെ പിതാവ് എന്നോടു പറഞ്ഞു: അദ്ദേഹം ഹദ്റത്ത് ഉഥ്മാനെ കറുത്ത പുതപ്പു ധരിച്ചും മൈലാഞ്ചി കൊണ്ടു ഡൈ ചെയ്തും പ്രഭാഷണം നടത്തുന്നതായി കണ്ടു. സുലയിം അബൂ ആമിർ വിവരിക്കുന്നു, അദ്ദേഹം ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ ഒരു യമനീ ചാദുർ ധരിച്ചിരിക്കുന്നതായി കണ്ടു. അതിന്റെ വില നൂറുദിർഹമായിരുന്നു. മുഹമ്മദ് ബിൻ ഉമർ വിവരിക്കുന്നു: ഞാൻ അംറ് ബിൻ അബ്ദുല്ലാഹ്, ഉർവ ബിൻ ഖാലിദ്, അബ്ദുർറഹ്മാൻ ബിൻ സന്നാദ് എന്നിവരോടു ഹദ്റത്ത് ഉഥ്മാന്റെ രൂപലാവണ്യത്തെ കുറിച്ചു ചോദിച്ചു. അവരെല്ലാവരും അഭിപ്രായവ്യത്യാസമൊന്നും കൂടാതെ പറഞ്ഞു, 'അദ്ദേഹം പൊക്കം കുറഞ്ഞയാളോ അധികം പൊക്കമുള്ളയാളോ ആയിരുന്നില്ല. അദ്ദേഹത്തിന്റെ മുഖം സുന്ദരവും ചർമം മൃദുലവും താടി ഇടതൂർന്നതും നീണ്ടതും നിറം ഗോതമ്പിന്റേതും പേശികൾ ബലവത്തും ചുമലുകൾ വീതിയുള്ളതും തലമുടി തിങ്ങിയതും താടി മഞ്ഞനിറത്തിൽ ഡൈ ചെയ്തതുമായിരുന്നു. വാഖിദ് ബിൻ അബൂയാസിർ വിവരിക്കുന്നു, 'ഹദ്റത്ത് ഉഥ്മാൻ(റ) പല്ലുകൾ സ്വർണക്കമ്പി കൊണ്ട് ബന്ധിച്ചിരുന്നു. മൂസാ ബിൻ ത്വൽഹ വിവരിക്കുന്നു, ഞാൻ ഉഥ്മാനെ ഇപ്രകാരം കാണാറുണ്ട്, അദ്ദേഹം ജുമുഅ ദിവസം പുറത്തിറങ്ങുമ്പോൾ രണ്ടു മഞ്ഞപ്പുതപ്പുകൾ ധരിച്ചിട്ടുണ്ടാകും. അദ്ദേഹം മിമ്പറിനു സമീപം ഇരിക്കും. മുഅദ്ദിൻ ബാങ്കുവിളിച്ചു കഴിഞ്ഞാൽ അദ്ദേഹം ഒരു വളഞ്ഞ പിടിയുള്ള ഊന്നുവടി പിടിച്ച് ഖുത്ബ നൽകും. ശേഷം അദ്ദേഹം മിമ്പറിൽ നിന്നു താഴെ വരും. മുഅദ്ദിൻ ഇഖാമത്ത് കൊടുക്കും.' ഹസ്സൻ വിവരിക്കുന്നു, 'ഞാൻ ഹദ്റത്ത് ഉഥ്മാനെ തന്റെ പുതപ്പ് തലയണയാക്കി മസ്ജിദിൽ ഉറങ്ങുന്ന നി ലയിൽ കണ്ടിട്ടുണ്ട്.(അത്ത്വബഖാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 232–34, ദിക്റു ലിബാസു ഉഥ്മാൻ, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് 1996)

മൂസാ ബിൻ ത്വൽഹ വിവരിക്കുന്നു, ജുമുഅ ദിവസം ഹദ്റത്ത് ഉഥ്മാൻ ഒരു ഊന്നുവടി പിടിച്ചിരുന്നു. അദ്ദേഹം ജനങ്ങളിൽവച്ച് ഏറ്റവും സൗന്ദര്യമുള്ള ആളായിരുന്നു. മഞ്ഞ നിറത്തിലുള്ള രണ്ടുതുണി ധരിച്ചിരുന്നു; ഒരു പുതപ്പും ഒരു മുണ്ടും. അദ്ദേഹം മിമ്പറിലേക്ക് വരികയും അവിടെ ഇരിക്കുകയും ചെയ്തിരുന്നു.(മജ്മഉസ്സവാഇദ് വ മമ്പഉൽ ഫവാഇദ്. ഭാഗം 9, പേജ് 57, കിതാബുൽമനാഖിബ്, ബാബു സ്വിഫ്ത്തുഹൂ, ഹദീഥ് നമ്പർ 14493, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

നബി(സ)തിരുമേനിയുടെ പക്കൽ ഒരു മോതിരമുണ്ടായിരുന്നു. അതിൽ 'മുഹമ്മദ് റസൂലുല്ലാഹ്' എന്ന് കൊത്തിയിരുന്നു. അത് നബി(സ)തിരുമേനി ഉപയോഗിച്ചിരുന്നതാണ്. അതിനെക്കുറിച്ചുള്ള ഒരു നിവേദനമുണ്ട്. ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു, 'നബി(സ)തിരുമേനി റോമൻ ചക്രവർത്തിക്ക് കത്തെഴുതാൻ ഉദ്ദേശിച്ചു. അപ്പോൾ സീൽവച്ച കത്തല്ലാതെ അവർ(ഭരണാധികാരികൾ) വായിക്കുകയില്ലെന്ന് നബി(സ)തിരുമേനിയെ ചിലർ ഉണർത്തി. അപ്പോൾ നബി(സ)തിരുമേനി ഒരു വെള്ളി മോതിരം പണിയിക്കുകയും അതിൽ 'മുഹമ്മദ് റസൂലുല്ലാഹ്' എന്ന് കൊത്തിക്കുകയും ചെയ്തു. നിവേദകൻ പറയുന്നു: ഞാനിപ്പോഴും നബി(സ)തിരുമേനിയുടെ കൈയിൽ അതിന്റെ തിളക്കം കാണുന്നതുപോലെ തോന്നുന്നു.'(സ്വഹീഹുൽബുഖാരി, കിതാബുല്ലിബാസ്, ബാബു ഇത്തിഖാദുൽഖാത്തം..... ഹദീഥ് 5875) അക്കാര്യം എന്റെ മനസ്സിൽ ചൂടോടെയുണ്ട്.

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു, നബി(സ)തിരുമേനിയുടെ ആ മോതിരം ആ മഹാത്മാവിന്റെ കൈയിലിരുന്നു. ആ ദിവ്യാത്മാവിനുശേഷം അത് ഹദ്റത്ത് അബൂബക്റിന്റെ കൈയിലിരുന്നു. ഹദ്റത്ത് അബൂബക്റിനുശേഷം ഹദ്റത്ത് ഉമറിന്റെ കൈയിലിരുന്നു. പിന്നീട് ഹദ്റത്ത് ഉഥ്മാന്റെ കാലം വന്നപ്പോൾ ഒരിക്കൽ അദ്ദേഹം 'അരീസ്'എന്നുപേരുള്ള കിണറ്റിന്മേൽ ഇരിക്കുകയായിരുന്നു. നിവേദകൻ പറയുന്നു, അദ്ദേഹം ആ മോതിരം ഊരുകയും അതുകൊണ്ട് വിനോദിക്കുകയും ചെയ്തു. അതായത് വിരലിൽ തന്നെ മോതിരം ഉരുട്ടിയിരുന്നിട്ടുണ്ടാകും. അപ്പോൾ അത് കിണറ്റിൽ വീണു. നിവേദകൻ പറയുന്നു, ഞങ്ങൾ ഹദ്റത്ത് ഉഥ്മാനോടൊപ്പം മൂന്നുദിവസംവരെ അത് തിരഞ്ഞുകൊണ്ടിരുന്നു. കിണറ്റിലെ വെള്ളം മുഴുവൻ വറ്റിച്ചു. എന്നാൽ, ആ മോതിരം തിരിച്ച് കിട്ടിയില്ല.

ആ മോതിരം കളഞ്ഞുപോയതിനുശേഷം ഹദ്റത്ത് ഉഥ്മാൻ അത് കണ്ടെത്തിക്കൊണ്ടുവരുന്ന ആൾക്ക് വലിയ തുക പാരിതോഷികം പ്രഖ്യാപിച്ചു. അദ്ദേഹത്തിന് ആ മോതിരം കളഞ്ഞുപോയതിൽ അതിയായ ദുഃഖമുണ്ടായി. അദ്ദേഹം ആ മോതിരം തിരികെ കിട്ടുമെന്ന പ്രതീക്ഷ നഷ്ടപ്പെട്ടപ്പോൾ അതുപോലുള്ള മറ്റൊരു വെള്ളി മോതിരം പണിയാൻ കല്പന നല്കി. അങ്ങനെ അതിനു സദൃശമായ ഒരു മോതിരം ഉണ്ടാക്കിച്ചു. അതിൽ 'മുഹമ്മദ് റസൂലുല്ലാഹ്' എന്ന് കൊത്തിച്ചു. അദ്ദേഹം ആ മോതിരം മരണം വരെ അണിഞ്ഞിരുന്നു. ശഹാദത്ത് നടന്നപ്പോൾ ആ മോതിരം ഏതോ അജ്ഞാതൻ എടുത്തു. (സ്വഹീഹുൽബുഖാരി, കിതാബുല്ലിബാസ്, ബാബു ഹൽ യുജ്അലു നഖ്ശുൽഖാത്തമി ഥലാഥത്ത് അസ്ത്വുരിൻ ഹദീഥ് 5879)(താരീഖു അത്ത്വബ്രി, വാല്യം 5, പേജ് 111 –112........ ദാറുൽഫിക്ർ ബെയ്റുത്ത് 2002)

അശ്റ മുബശ്ശറയിലും അദ്ദേഹം ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അഖ്നസിൽ നിന്നു നിവേദനം, അദ്ദേഹം മസ്ജിദിലായിരുന്നു. അപ്പോൾ ഒരാൾ ഹദ്റത്ത് അലിയെ കുറിച്ച് മോശമായി സംസാരിച്ചു. അതുകേട്ട് ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) എഴുന്നേറ്റു നിന്നു കൊണ്ടു പറഞ്ഞു, ഞാൻ നബി(സ)തിരുമേനിയെ കുറിച്ച് ഒരു സാക്ഷ്യം വഹിക്കുകയാണ്. നബി(സ)തിരുമേനി ഇപ്രകാരം പറയുന്നതായി ഞാൻ കേൾക്കുകയണ്ടായി. പത്തുപേർ സ്വർഗത്തിൽ പോകുന്നതായിരിക്കും. നബി(സ)തിരുമേനി സ്വർഗത്തിലായിരിക്കും. അബൂബക്ർ സ്വർഗത്തിലായിരിക്കും. ഉമർ സ്വർഗത്തിലായിരിക്കും. ഉഥ്മാൻ സ്വർഗത്തിലായിരിക്കും. അലി സ്വർഗത്തിലായിരിക്കും. ത്വൽഹ സ്വർഗത്തിലായിരിക്കും. അബ്ദുർറഹ്മാൻ ബിൻ ഔഫ് സ്വർഗത്തിലായിരിക്കും. സുബയ്ർ ബിൻ അവ്വാം സ്വർഗത്തിലായിരിക്കും. സഅ്ദ് ബിൻ മാലിക് സ്വർഗത്തിലായിരിക്കും. പത്താമത്തെ വ്യക്തിയെ കുറിച്ചും എനിക്കു പറയാൻ കഴിയുന്നതാണ്. നിവേദകൻ പറയുന്നു, ജനങ്ങൾ ചോദിച്ചു പത്താമത്തെ വ്യക്തി ആരാണ്? ഹദ്റത്ത് സയീദ് ബിൻ സയ്ദ് കുറച്ചുനേരം മിണ്ടാതിരുന്നു. അപ്പോൾ ജനങ്ങൾ ചോദിച്ചു, പത്താമത്തെയാൾ ആരാണ്? അദ്ദേഹം പറഞ്ഞു, സയീദ് ബിൻ സയ്ദ്. അതായത് ഞാൻ തന്നെ.' (സുനൻ അബീദാവൂദ്, ഹദീഥ് നമ്പർ 4649) മുമ്പേയും ഒരിടത്ത് ഈ നിവേദനം അദ്ദേഹത്തെ സംബന്ധിച്ച് വിവരിച്ചു കഴിഞ്ഞതാണ്.

നബി(സ)തിരുമേനി, ഹദ്റത്ത് ഉഥ്മാനോടൊപ്പം സ്വർഗത്തിൽ കഴിയുന്നതിനെ കുറിച്ച് വന്നിരിക്കുന്നു. ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായിൽ നിന്നും നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: എല്ലാ പ്രവാചകന്മാർക്കും ഒരു സുഹൃത്തുണ്ടാകും. എന്റെ സുഹൃത്ത് അതായത് സ്വർഗത്തിലെ എന്റെ കൂട്ടുകാരൻ ഉഥ്മാനായിരിക്കും.'(സുനനുത്തിർമുദി, അബ്വാബുൽമനാഖിബു, ഹദീഥ് നമ്പർ 3698)

ഹദ്റത്ത് ജാബിർ(റ) നിവേദനം. ഒരിക്കൽ നബി(സ)തിരുമേനിയോടൊപ്പം ഞങ്ങൾ വീട്ടിലായിരുന്നു. കൂടെ മുഹാജിരീങ്ങളുടെ ഒരു സംഘവുമുണ്ടായിരുന്നു. അതിൽ അബൂബക്ർ, ഉമർ, ഉഥ്മാൻ, അലി, ത്വൽഹ, സുബയ്ർ, അബ്ദുർറഹ്മാൻ ബിൻ ഔഫ്, സഅ്ദ് ബിൻ അബീ വഖാസ് എന്നിവരുമുണ്ടായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു, 'എല്ലാവരും തങ്ങളുടെ സമന്മാരോടൊപ്പം നില്ക്കുക. പിന്നീട് നബി(സ)തിരുമേനി ഹദ്റത്ത് ഉഥ്മാനോടൊപ്പംനിന്നു. അദ്ദേഹത്തെ ആലിംഗനം ചെയ്തു. എന്നിട്ടു പറഞ്ഞു, അൻത വലിയ്യീ ഫിദ്ദുൻയാ വ വലിയ്യീ ഫിൽ ആഖിറത്തി. താങ്കൾ ഈ ലോകത്തും എന്റെ സ്നേഹിതനാണ്. പരലോകത്തും സ്നേഹിതനാണ്.' (മജ്മഉസ്സവാഇദ് വ മമ്പഉൽ ഫവാഇദ്. ഭാഗം 9, പേജ് 66, കിതാബുൽമനാഖിബ്, ബാബു മുവാലാത്ത് ഹദീഥ് നമ്പർ 14528, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

ഹദ്റത്ത് ഉഥ്മാൻ മോചിപ്പിച്ച അടിമയായ അബൂ സഹ്‌ല വിവരിക്കുന്നു, യൗമുദ്ദാറിൽ അതായത് ഹദ്റത്ത് ഉഥ്മാന്റെ വീട് വളഞ്ഞ് അദ്ദേഹത്തെ കലാപകാരികൾ ശഹീദാക്കിയ ദിവസം ഞാൻ ഹദ്റത്ത് ഉഥ്മാനോട് പറഞ്ഞു, അല്ലയോ അമീറുൽ മുഅ്മിനീൻ! ഈ കലാപകാരികളോട് പോരാടുക.'ഹദ്റത്ത് അബ്ദുല്ലായും അദ്ദേഹത്തോടു പറഞ്ഞു, 'അല്ലയോ അമീറുൽ മുഅ്മിനീൻ! ഈ പ്രക്ഷോഭകാരികളോട് യുദ്ധം ചെയ്യുക.' ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു, 'അല്ലാഹുവാണ! ഞാൻ യുദ്ധം ചെയ്യുന്നതല്ല. നബി(സ)തിരുമേനി എന്നോട് ഒരു വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് പൂർത്തിയാകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.' (ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ വാല്യം 3, പേജ് 483–484, ദിക്റു ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറുൽഫിക്ർ ബെയ്റുത്ത് 2003)

ഹദ്റത്ത് ഉഥ്മാൻ ബദ്ർ യുദ്ധത്തിൽ പിന്നിലായതും ഉഹുദിൽ പിന്തിരിഞ്ഞോടിയതും ബയ്അത്തെ രിള്‌വാനിൽ പങ്കെടുക്കാതിരുന്നതും സംബന്ധിച്ച് ആക്ഷേപമുയരാറുണ്ട്. കപടവിശ്വാസികളും ഈ ആക്ഷേപമുന്നയിക്കാറുണ്ട്. ഉഥ്മാൻ ബിൻ മൗഹബ് വിവരിക്കുന്നു, ഒരു ഈജിപ്തുകാരൻ ഹജ്ജിനായി വന്നു. കുറച്ചുപേർ കുടിയിരിക്കുന്നത് അയാൾ കണ്ടു. ഫിത്നയുണ്ടാക്കാൻ അയാൾ ചില കാര്യങ്ങൾ പറഞ്ഞു, അയാൾ ജനങ്ങളോടു ചോദിച്ചു, ഇവരാരാണ്? ജനങ്ങൾ പറഞ്ഞു, ഇവർ ഖുറയ്ശികളാണ്. അയാൾ ചോദിച്ചു, ഇക്കൂട്ടത്തിൽ വയസ്സായ ആൾ ആരാണ്? ജനങ്ങൾ പറഞ്ഞു, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ. അയാൾ പറഞ്ഞു, ' ഇബ്നു ഉമറേ! താങ്കളോടു ഞാൻ ചില കാര്യങ്ങൾ ചോദിക്കട്ടെ? താങ്കൾക്കറിയാമല്ലോ അദ്ദേഹം ഹദ്റത്ത് ഉഥ്മാൻ ഉഹുദ് യുദ്ധത്തിൽ പിന്തിരിഞ്ഞോടിയിരുന്നു. ബദ്ർ യുദ്ധത്തിൽ ഹാജരായിരുന്നില്ല, അതിൽ പങ്കെടുത്തിരുന്നില്ലെന്ന്?' അദ്ദേഹം പറഞ്ഞു, 'അതേ അറിയാം.' അയാൾ ചോദിച്ചു: 'അദ്ദേഹം രിള്‌വാൻ ബയ്അത്തിലും ഹാജരായില്ലെന്നും പങ്കെടുത്തില്ലായെന്നും താങ്കൾക്കറിയില്ലേ?' അദ്ദേഹം പറഞ്ഞു: 'അതെ! ശരിയാണ്.' അപ്പോൾ അയാൾ അത്ഭുതത്തോടെ പറഞ്ഞു,

'അല്ലാഹു അക്ബർ.' ഹദ്റത്ത് ഇബ്നു ഉമർ അയാളോടു പറഞ്ഞു: 'ഇങ്ങോട്ടു വരൂ! നീ ആക്ഷേപങ്ങൾ ഉന്നയിച്ചു. എന്നാൽ, സത്യാവസ്ഥ ഞാൻ പറഞ്ഞുതരാം. ഉഹുദ് യുദ്ധത്തിൽ അദ്ദേഹം പിന്തിരിഞ്ഞോടിയതിനെ കുറിച്ച് പറയാം. അദ്ദേഹത്തിന് അല്ലാഹു അക്കാര്യം മാപ്പാക്കിയിരുന്നു. പൊറുത്തു കൊടുത്തിരുന്നു എന്നതിന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അപ്പോൾ ഒരു അടിയന്തരാവസ്ഥയായിരുന്നു. നബി(സ)തിരുമേനിയെ കാഫിറുകൾ ശഹീദാക്കിയെന്ന കിംവദന്തി പരന്നിരുന്നു. ആ സമയത്ത് ക്ഷണികമായ ഒരു പരിഭ്രാന്തിയിൽ അദ്ദേഹം അവിടം വിട്ടുപോയതാണ്. ബദ്റിൽ ഹദ്റത്ത് ഉഥ്മാന്റെ അസാന്നിധ്യത്തെ കുറിച്ചു താങ്കൾ പറഞ്ഞു, അതിനു കാരണമുണ്ട്. നബി(സ) തിരുമേനിയുടെ മകൾ അതായത് അദ്ദേഹത്തിന്റെ ഭാര്യ രോഗിയായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തോട് പറഞ്ഞു, 'താങ്കൾ ഭാര്യയോടൊപ്പം നില്ക്കുക. താങ്കൾക്ക് ബദ്റിൽ പങ്കെടുത്തവർക്ക് സമാനമായ പുണ്യവും യുദ്ധമുതലിൽ നിന്നു ഭാഗവും ലഭിക്കുന്നതാണ്. രിള്വാൻ ബയ്അത്തിൽ അദ്ദേഹം ഹാജരാകാത്തതിനെ കുറിച്ചാണെങ്കിൽ ഓർക്കുക! മക്കാ താഴ്വരയിൽ ഉഥ്മാനെക്കാൾ കൂടുതൽ ആദരണീയനായ മറ്റൊരാൾ ഉണ്ടായിരുന്നെങ്കിൽ നബി(സ)തിരുമേനി ആ വ്യക്തിയെ ഹദ്റത്ത് ഉഥ്മാനു പകരം തന്റെ പ്രതിനിധിയായി അയക്കുമായിരുന്നു. എന്നാൽ, നബി(സ) തിരുമേനി ഹദ്റത്ത് ഉഥ്മാനെയാണ് അയച്ചത്. അദ്ദേഹം മക്കക്കാരുടെ സമീപത്തേക്ക് പോയപ്പോഴാണ് രിള്വാൻ ബയ്അത്ത് നടന്നത്. രിള്വാൻ ബയ്അത്ത് നടക്കുമ്പോൾ നബി(സ)തിരുമേനി തന്റെ വലതു കൈകൊണ്ട് ഇടതുകൈ ചൂണ്ടി കാണിച്ചുകൊണ്ട് പറഞ്ഞു, 'ഇത് ഉഥ്മാന്റെ കൈയാണ്. നബി(സ)തിരുമേനി തന്റെ ഇടതുകൈ വലതുകൈക്ക് മുകളിലേക്ക് ശക്തിയോടെ വച്ചുകൊണ്ട് പറഞ്ഞു, 'ഇത് ഉഥ്മാനുവേണ്ടിയാണ്.' ഹദ്റത്ത് ഇബ്നു ഉമർ ഇത് വിവരിച്ചശേഷം ആ വ്യക്തിയോട് പറഞ്ഞു, ഇക്കാര്യങ്ങളും കൂടെ കൊണ്ടുപോകുക. ഇതൊന്നും ആക്ഷേപങ്ങളല്ലെന്ന് മനസ്സിലാക്കി കൊള്ളുക. ഇനി പോയ്കൊള്ളുക!(സ്വഹീഹുൽ ബുഖാരി, കിതാബുൽ ഫളാഇൽ അസ്ഹാബുന്നബിയ്യ്(സ), ബാബു മ നാഖിബു ഉഥ്മാൻ, ഹദീഥ് നമ്പർ 3698) ഇത് ബുഖാരിയിലുള്ള നിവേദനമാണ്.

നബി(സ)തിരുമേനിയുടെ ജീവിതത്തിൽത്തന്നെ മസ്ജിദുന്നബ്വിയുടെ വിപുലീകരണം നടന്നു. അതിൽ ഹദ്റത്ത് ഉഥ്മാനും പങ്കെടുക്കാനുള്ള തൗഫീഖ് ലഭിച്ചു. അബൂമലീഹ് തന്റെ പിതാവിൽ നിന്നു നിവേദനം. നബി(സ)തിരുമേനി മദീനയിലെ മസ്ജിദ് വിപുലീകരിക്കുന്നതിന് ആവശ്യമുള്ള ഒരു സ്ഥലത്തിന്റെ ഉടമയായ അൻസാരിയോട് പറഞ്ഞു, ഈ തുണ്ട് ഭൂമിക്കു പകരം താങ്കൾക്ക് സ്വർഗത്തിൽ വീടു ലഭിക്കുന്നതാണ്. എന്നാൽ, ആ വ്യക്തി അതിനു സമ്മതിച്ചില്ല. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) വന്നിട്ടു പറഞ്ഞു, 'താങ്കളുടെ ഈ തുണ്ട് സ്ഥലത്തിനുപകരം ഞാൻ പതിനായിരം ദിർഹം തരാം.' അങ്ങനെ അദ്ദേഹം അതു വാങ്ങി നബി(സ)തിരുമേനിയുടെ അടുത്ത് വന്നുപറഞ്ഞു, 'യാ റസൂലല്ലാഹ്! അൻസാരിയിൽ നിന്നു വിലക്കു വാങ്ങിയ സ്ഥലം എന്നിൽ നിന്നു വാങ്ങിച്ചാലും.' അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിൽ നിന്നു സ്വർഗത്തിലെ വീടിനു ബദലായി അതു വാങ്ങി. എന്നിട്ട് അക്കാര്യം അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു, 'താങ്കൾക്ക് സ്വർഗത്തിൽ ഒരു വീടു ലഭിക്കുന്നതാണ്.' ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു, 'ഇത് ഞാൻ പതിനായിരം ദിർഹം കൊടുത്ത് വാങ്ങിയതാണ്.' അതിനുശേഷം നബി(സ)തിരുമേനി ഒരു ഇഷ്ടിക വച്ചു. എന്നിട്ട് ഹദ്റത്ത് അബൂബക്റിനെ വിളിപ്പിച്ചു. അദ്ദേഹവും ഒരു ഇഷ്ടിക വച്ചു. തുടർന്ന് ഹദ്റത്ത് ഉമറിനെ വിളിച്ചു അദ്ദേഹവും ഒരിഷ്ടിക വച്ചു, പിന്നെ ഹദ്റത്ത് ഉഥ്മാൻ വന്നു. ഒരിഷ്ടിക വച്ചു. ശേഷം നബി(സ)തിരുമേനി ബാക്കിയുള്ളവരോടും ഇഷ്ടിക വയ്ക്കാൻ പറഞ്ഞു. അവരെല്ലാവരും ഇഷ്ടികവച്ചു.(മജ്മഉസ്സവാഇദ് വ മമ്പഉൽ ഫവാഇദ്. ഭാഗം 9, പേജ് 65, കിതാബുൽമനാഖിബ്, ബാബു മാ അമില മിൻ ഖയ്ർ........ഹദീഥ് നമ്പർ 14524, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

ഇങ്ങനെയാണ് ഇതിന്റെ വിപുലീകരണ(extension) മുണ്ടായത്. ഥുമാമ ബിൻ ഹസ്ന് ഖുശയ്രിയിൽ നിന്നു നിവേദനം, ഹദ്റത്ത് ഉഥ്മാന്റെ വീട് ശത്രുക്കൾ വളഞ്ഞപ്പോൾ ഞാനുണ്ടായിരുന്നു. ഹദ്റത്ത് ഉഥ്മാൻ പുറത്തേക്കെത്തി നോക്കിയിട്ട് പറഞ്ഞു, 'അല്ലാഹുവിന്റെയും ഇസ്ലാമിന്റെയും നാമത്തിൽ നിങ്ങളോട് ഞാൻ ചോദിക്കുകയാണ്, നബി(സ)തിരുമേനി മദീനയിലേക്ക് വന്നപ്പോൾ 'റൂമ' എന്നു പേരുള്ള കിണറല്ലാതെ ശുദ്ധജലത്തിന് മറ്റൊരു സംവിധാവുമുണ്ടായിരുന്നില്ലെന്ന് നിങ്ങൾക്കറിവുള്ളതല്ലേ? അപ്പോൾ നബി(സ)തിരുമേനി ആരാണ് 'റൂമ' കിണർ വാങ്ങാൻ സന്നദ്ധൻ എന്ന് ചോദിക്കുകയുണ്ടായി. ആരാണ് തന്റെ തൊട്ടിയോടൊപ്പം മുസ്ലിമീങ്ങളുടെ തൊട്ടിയും ആ കിണറിൽ ഇടണമെന്ന് ആഗ്രഹിക്കുന്നത്? അതായത് അതിൽ നിന്നു സ്വന്തമായും മറ്റു മുസ്ലിമീങ്ങളും വെള്ളം കുടിക്കുന്നതിന് താൽപര്യപ്പെടുന്നത്. അയാൾക്ക് സ്വർഗത്തിൽ അതിനുള്ള ശ്രേഷ്ഠമായ ബദൽ ലഭിക്കുന്നതാണ്.' ഹദ്റത്ത് ഉഥ്മാൻ പറയുന്നു, അപ്പോൾ ഞാൻ ആ കിണർ എന്റെ പണം കൊടുത്തുവാങ്ങി. എന്നിട്ട് എന്റെ തൊട്ടി മുസ്ലിമീങ്ങളുടെ തൊട്ടിയോടൊപ്പം ഇട്ടു. എന്നിട്ടും നിങ്ങൾ എനിക്ക് ആ വെള്ളം തടയുകയും സമുദ്രത്തിലെ ഉപ്പു വെള്ളം കുടിക്കാൻ എന്നെ നിർബന്ധിക്കുകയുമാണോ ചെയ്യുന്നത്?' അപ്പോൾ ജനങ്ങൾ പറഞ്ഞു: 'അല്ലാഹുവാണ! താങ്കൾ നേരാണ് പറഞ്ഞത്.' തുടർന്ന് ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു, 'അല്ലാഹുവിനെയും ഇസ്ലാമിനെയും തൊട്ട് സത്യം ചെയ്തുകൊണ്ട് നിങ്ങളോട് ഞാൻ ചോദിക്കുന്നു, 'ഞാൻ 'ജയ്ശുഉസ്റ', തബൂക്ക് യുദ്ധത്തിലെ സൈന്യത്തെ തയ്യാറാക്കിയത് എന്റെ ധനംകൊണ്ടായിരുന്നുവെന്ന് നിങ്ങൾക്കറിയില്ലേ?' അപ്പോൾ ജനങ്ങൾ പറഞ്ഞു: 'അല്ലാഹുവാണ! അക്കാര്യം ശരിയാണ്.' ശേഷം അദ്ദേഹം പറഞ്ഞു: 'നിങ്ങളോട് ഞാൻ അല്ലാഹുവിനേയും ഇസ്ലാമിനേയും തൊട്ട് ആണയിട്ടുകൊണ്ടു ചോദിക്കുന്നു, നിങ്ങൾക്കറിയില്ലേ? ഈ മസ്ജിദുന്നബ്വി ജനബാഹുല്യത്താൽ കുടുസ്സായപ്പോൾ നബി(സ) തിരുമേനി ഇപ്രകാരം വിളംബരപ്പെടുത്തിയിരുന്നു. ആരാണോ ഇന്ന കുടുംബത്തിൽനിന്ന് ഈ സ്ഥലം വാങ്ങി മസ്ജിദിനോടു ചേർക്കുന്നത്, അയാൾക്ക് സ്വർഗത്തിൽ അതിലും ശ്രേഷ്ഠമായത് ലഭിക്കുന്നതാണ്.' അപ്പോൾ ഞാൻ എന്റെ സ്വകാര്യ സ്വത്തുപയോഗിച്ച് ആ സ്ഥലം വാങ്ങി മസ്ജിദുമായി ചേർത്തു. ഇപ്പോൾ നിങ്ങളെന്നെ ആ മസ്ജിദിൽ രണ്ടു റക്അത്ത് നമസ്കരിക്കുന്നതുപോലും തടയുന്നു.' അപ്പോൾ ജനങ്ങൾ പറഞ്ഞു, 'അല്ലാഹുവാണ! താങ്കൾ പറഞ്ഞത് വാസ്തവമാണ്.' തുടർന്ന് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിലും ഇസ്ലാമിലും ആണയിട്ടു ഞാൻ ചോദിക്കുന്നു, നിങ്ങൾക്കറിയില്ലേ? നബി(സ)തിരുമേനി മക്കയിലെ 'ഥബീർ' മലമുകളിലായിരുന്നപ്പോൾ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും ഞാനും കൂടെ ഉണ്ടായിരുന്നു. ആ പർവതം ഇളകിയപ്പോൾ നബി(സ)തിരുമേനി അതിന്മേൽ ചവിട്ടിക്കൊണ്ടു പറഞ്ഞു:'ഏ ഥബീർ! നില്ക്കുക! എന്തെന്നാൽ, നിന്റെ മീതെ ഒരു നബിയും ഒരു സിദ്ദീഖും രണ്ടു ശഹീദുമാണുള്ളത്.' അപ്പോൾ ജനങ്ങൾ പറഞ്ഞു, 'അല്ലാഹുവാണ! അങ്ങനെ തന്നെയാണ് സംഭവിച്ചത്. അദ്ദേഹം പറഞ്ഞു, 'കഅ്ബയുടെ മഹാനായ നാഥനെക്കൊണ്ടു സത്യം! ഇക്കൂട്ടർ എന്നെ പിന്തുണയ്ച്ചുകൊണ്ടു സാക്ഷ്യം നല്കിയിരിക്കുന്നു.' അതായത് ഞാൻ ശഹാദത്ത് പദവി കരസ്ഥമാക്കാൻ പോകുകയാണെന്ന കാര്യത്തെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. (സുനനുന്നസാഇ, കിതാബുൽ ഇഹ്ബാസ്, ബാബു വഖ്ഫുൽമസാജിദ് ഹദീഥ് നമ്പർ 3638)

മസ്ജിദ് നബ്വിയുടെ വിപുലീകരണത്തിന്റെ ഏറിയ പങ്കും ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്തിലാണ് നടന്നത്. അതുകൊണ്ട് അതിന്റെ പ്രാരംഭ ചരിത്രവും വിപുലീകരണത്തെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങളും പറയുകയാണ്. ആദ്യത്തെ വിപുലീകരണം നബി(സ)തിരുമേനിയുടെ കാലത്തുണ്ടായി എന്നല്ല ഇവിടെ വിവരിച്ചത്. അതുസംബന്ധിച്ച് നോട്ട് ചെയ്യേണ്ട ഒരുകാര്യം കൂടിയുണ്ട്. ഹിജ്റ ഒന്നാം വർഷം റബീയുൽ അവ്വൽ മാസത്തിൽ അതായത് ക്രിസ്ത്വബ്ദം 622 ന്റെ അന്ത്യത്തിലാണ് നബി(സ) തിരുമേനി തന്റെ തൃക്കരങ്ങളാൽ മസ്ജിദ് നബ്വിയ്ക്ക് അടിത്തറ ഇട്ടത്. അടിത്തറ ഏതാണ്ട് ഒന്നര മീറ്റർ ആഴത്തിലായിരുന്നു. അടിത്തറയ്ക്കു കല്ലുകൊണ്ട് പടുത്ത ഇഷ്ടിക പാകി ചുമരുണ്ടാക്കി. മുകളിലേക്കുള്ള ചുമർ മൺകട്ട കൊണ്ടുണ്ടാക്കി. വെയിലത്തുണക്കിയ പച്ച ഇഷ്ടിക കൊണ്ടായിരുന്നു മതിൽ പണിതിരുന്നത്.(ജുസ്തജൂയെ മദീന, അബ്ദുൽ ഹമീദ് ഖാദിരി, പേജ് 430, ഓറിയന്റൽ പബ്ലിക്കേഷൻസ് പാക്കിസ്താൻ 2007)

ഇത് മസ്ജിദിന്റെ നിർമാണ ചരിത്രമാണ്. മസ്ജിദിന്റെ ചുമർ പണിത ചരിത്രത്തോടൊപ്പം വിപുലീകരണ പ്രവർത്തനങ്ങളെ കുറിച്ചും പരാമർശം വരുന്നതാണ്. മസ്ജിദിന്റെ മതിൽ ഏതാണ്ട് മുക്കാൽ മീറ്റർ വീതിയിലായിരുന്നു;ഏകദേശം രണ്ടുരണ്ടര അടി. അതിന്റെ ഉയരം ഏകദേശം മൂന്നരമീറ്ററായിരുന്നു.(ജുസ്തജൂയെ മദീന, അബ്ദുൽ ഹമീദ് ഖാദിരി, പേജ് 432, ഓറിയന്റൽ പബ്ലിക്കേഷൻസ് പാക്കിസ്താൻ 2007)

മസ്ദിജുന്നബ്വിയുടെ പണി പൂർത്തിയായത് ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസത്തിൽ അതായത് ക്രിസ്ത്വബ്ദം 623 നായിരുന്നു.(ജുസ്തജൂയെ മദീന, അബ്ദുൽ ഹമീദ് ഖാദിരി, പേജ് 435, ഓറിയന്റൽ പബ്ലിക്കേഷൻസ് പാക്കിസ്താൻ 2007)

ഹദ്റത്ത് ഖാരിജ ബിൻ സയ്ദ് ബിൻ ഥാബിത്തിൽ നിന്നു നിവേദനം, നബി(സ)തിരുമേനി തന്റെ മസ്ജിദിന്റെ നീളം ഏകദേശം 35 മീറ്ററും വീതി ഏകദേശം 30 മീറ്ററുമാണ് വെച്ചിരുന്നത്. (ജുസ്തജൂയെ മദീന, അബ്ദുൽ ഹമീദ് ഖാദിരി, പേജ് 437-438, ഓറിയന്റൽ പബ്ലിക്കേഷൻസ് പാ ക്കിസ്താൻ 2007)

നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ മസ്ജിദുന്നബ്വിയുടെ ആദ്യ വിപുലീകരണം ഹിജ്റ 7 മുഹർറമാസത്തിലായിരുന്നു. അതായത് ക്രിസ്ത്വബ്ദം 628 ജൂണിലാണ് നടന്നത്. നബി(സ) തിരുമേനി ഖയ്ബർ യുദ്ധത്തിൽ നിന്നു വിജയശ്രീലാളിതനായി തിരികെ വന്നപ്പോൾ മസ്ജിദുന്നബ്വിയുടെ വിപുലീകരണത്തിനും പുനഃനിർമാണത്തിനും കല്പന നല്കി. മസ്ജിദിന്റെ തെക്കുഭാഗത്തെ വിപുലീകരണവും അതായത് ഖിബ്ലയുടെ ഭാഗത്തും കിഴക്കുഭാഗത്തെ വിപുലീകരണവുമാണ് നടത്തിയത്. പടിഞ്ഞാറുഭാഗത്തും കുറച്ച് നടന്നു. തെക്കുഭാഗത്ത് ചില സ്വഹാബാക്കളുടെ വീടുകളായിരുന്നു. ആ ഭാഗത്ത് ഒരു അൻസാരി സ്വഹാബിയുടെ വീടുണ്ടായിരുന്നു. ഞാൻ മുമ്പേ വിവരിച്ചതുപോലെ അദ്ദേഹത്തിന് സ്വന്തം വീടു നല്കുന്നതിന് ബുദ്ധിമുട്ടായിരുന്നു. ഹദ്റത്ത് ഉഥ്മാൻ സ്വന്തം കീശയിൽ നിന്നു പതിനായിരം ദിർഹം നല്കി ആ വീടു വാങ്ങി നബി(സ)തിരുമേനിയ്ക്ക് അർപ്പിച്ചു. അപ്രകാരം മസ്ജിദിന്റെ വിപുലീകരണം ഏറിയ പങ്കും വടക്കുഭാഗത്തും പടിഞ്ഞാറുഭാഗത്തുമാണ് നടത്താൻ കഴിഞ്ഞത്. ഈ വിപുലീകരണത്തിനുശേഷം മൊത്തം വിസ്തീർണം, ആകെ വിസ്തീർണം 50ഃ50 മീറ്ററായി.(ജുസ്തജൂയെ മദീന, അബ്ദുൽ ഹമീദ് ഖാദിരി, പേജ് 446-447, ഓറിയന്റൽ പബ്ലിക്കേഷൻസ് പാക്കിസ്താൻ 2007)

ഹിജ്റ 17 ന് ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ മസ്ജിദിന്റെ രണ്ടാം ഘട്ട വിപുലീകരണം നടന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽ നിന്നു നിവേദനം, നബി(സ)തിരുമേനിയുടെ കാലത്ത് ആ മസ്ജിദ് ചെളികുഴച്ചുണ്ടാക്കിയ(ചുട്ടെടുക്കാത്ത) ഇഷ്ടിക കൊണ്ടായിരുന്നു പണിതിരുന്നത്. അതിന്റെ മേൽകൂര ഈന്തപ്പനയുടെ കൊമ്പുകളും ഓലകളും കൊണ്ടായിരുന്നു മേഞ്ഞിരുന്നത്. തൂണുകൾ ഈന്തപ്പന മരത്തടിയുടെതായിരുന്നു. ഹദ്റത്ത് അബൂബക്ർ അതിനെ മാറ്റാതെ നിലനിറുത്തി. വിപുലീകരിച്ചതുമില്ല. ഹദ്റത്ത് ഉമർ അതിന്റെ നവീകരണവും വിപുലീകരണവും നടത്തി. എന്നാൽ, അ

തിന്റെ രൂപഘടനയ്ക്കും നിർമാണ രീതിയ്ക്കും ഒരു മാറ്റവും വരുത്തിയില്ല. തുടക്കത്തിലെയുള്ള അതേ അടിത്തറ നിലനിറുത്തി. അദ്ദേഹം അതിന്റെ നിർമാണ ഘടനയ്ക്കു മാറ്റം വരുത്തിയില്ല. വിപുലീകരിക്കുക മാത്രമാണ് ചെയ്തത്. മേൽകൂര മുമ്പേയുള്ളപോലെ ഈന്തപ്പനയോലകൊണ്ടുതന്നെ നിലനിറുത്തി. തൂണുകൾ മാത്രം മരത്തിന്റേതാക്കി. ഹിജ്റ 17ന് ഹദ്റത്ത് ഉമർ തന്റെ മേൽനോട്ടത്തിൽ നവീകരിച്ചു. അങ്ങനെ മസ്ജിദിന്റെ ആകെ വിസ്തീർണം 50ഃ50 മീറ്ററായി. അല്ല അമ്പത് മീറ്റർ മുമ്പേതന്നെയുണ്ടായിരുന്നു. 70ഃ60 മീറ്ററായി. അല്ലെങ്കിൽ 120ഃ140 മുഴമായി. ഈ നിവേദനത്തിൽ നിന്നു വ്യക്തമാകുന്നത് നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലെ അതേ വിസ്തീർണത്തിൽ ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തിലും മസ്ജിദുന്നബ്വി മാറ്റമില്ലാതെ തുടർന്നെന്നും ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തിൽ കൂടുതൽ വലുപ്പം ഉണ്ടായെന്നുമാണ്.(ജുസ്തജൂയെ മദീന, അബ്ദുൽ ഹമീദ് ഖാദിരി, പേജ് 459, ഓറിയന്റൽ പബ്ലിക്കേഷൻസ് പാക്കിസ്താൻ 2007)

ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്ത് കാലത്തും മസ്ജിദുന്നബ്വിയുടെ വിപുലീകരണവും നവീകരണവും നടന്നു. അത് ഹിജ്റ 29 ലെ സംഭവമാണ്. ഹദ്റത്ത് ഉഥ്മാൻ(റ) മസ്ജിദുന്നബ്വിയുടെ വിപുലീകരണ നവീകരണ പ്രവർത്തനങ്ങൾക്കിടയിൽ അതിന്റെ മോടി വർധിപ്പിക്കുന്നതിന് ജിപ്സംകല്ല് പതിക്കുകയും അതുപോലെ കൊത്തുപണികൾ നടത്തുകയും ചെയ്തു. ഹദ്റത്ത് ഉഥ്മാൻ(റ) കല്ലുകൾ കൊണ്ട് ചുമരു പണിതു. അവയിൽ കൊത്തുപണികളും നടത്തി. മസ്ജിദുന്നബ്വിയിൽ ആദ്യമായി വെള്ളപൂശാനായി കുമ്മായം ഉപയോഗിച്ചു. കരിവീട്ടി മരത്തടികൊണ്ട് മേൽകൂര പണിതു. ഹിജ്റ 24 ഹദ്റത്ത് ഉഥ്മാൻ(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ജനങ്ങൾ അദ്ദേഹത്തോട് മസ്ജിദുന്നബ്വിയുടെ വിപുലീകരണത്തിന് അഭ്യർഥിച്ചിരുന്നു. അതിന്റെ മുറ്റം ഇടുങ്ങിയതാണെന്നു അവർ പരാതിപ്പെട്ടു. പ്രത്യേകിച്ച് ജുമുഅ നമസ്കാരത്തിന് ഒത്തുകൂടുമ്പോൾ ആളുകൾക്ക് മസ്ജിദിന്റെ പുറത്തുള്ള ഭാഗത്ത് നമസ്ക്കരിക്കേണ്ടതായി വന്നിരുന്നു. അങ്ങനെ ഹദ്റത്ത് ഉഥ്മാൻ(റ) സ്വഹാബാക്കളുമായി കൂടിയാലോചിച്ചു. എല്ലാവരും പഴയ മസ്ജിദ് പൊളിച്ച് തൽസ്ഥാനത്ത് പുതിയ മസ്ജിദ് നിർമിക്കണമെന്ന് അഭിപ്രായപ്പെട്ടു. ഒരു ദിവസം ഹദ്റത്ത് ഉഥ്മാൻ(റ) ളുഹ്ർ നമസ്കാരം കഴിഞ്ഞ് മിമ്പറിൽ കയറി ഖുത്ബ നല്കി ക്കൊണ്ടു പറഞ്ഞു, 'അല്ലാഹുവിനാകുന്നു സർവ സ്തുതികളും, ഞാൻ ഈ മസ്ജിദ് പൊളിച്ച് പുതിയത് പണിയാൻ ആഗ്രഹിക്കുന്നു. ഞാൻ സാക്ഷ്യം വഹിക്കുന്നു, നബി(സ) തിരുമേനിയുടെ തിരുമുഖത്ത് നിന്നു, 'മസ്ജിദുണ്ടാക്കുന്ന വ്യക്തിക്ക് അല്ലാഹു സ്വർഗത്തിൽ ഒരു വീട് പണിയുമെന്നു' പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. എന്റെ മുമ്പേയുണ്ടായിരുന്നത് ഹദ്റത്ത് ഉമർ ആയിരുന്നു. അദ്ദേഹത്തിന്റെ കരങ്ങളാൽ മസ്ജിദുന്നബ്വിയുടെ വിപുലീകരണ വും നവീകരണവും നടന്നത് എനിക്ക് ഒരു മാതൃകയാണ്. ഞാൻ പക്വമതികളായ സ്വഹാബാക്കളോട് ആലോചിച്ചു. മസ്ജിദുന്നബ്വി പൊളിച്ചു പണിയണമെന്നാണ് അവരെല്ലാവരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടത്.

ഹദ്റത്ത് ഉഥ്മാൻ(റ) മസ്ജിദിന്റെ നവീകരണപദ്ധതി അവതരിപ്പിച്ചു. ചില സ്വഹാബാക്കൾ അക്കാര്യത്തിൽ വ്യാകുലത പ്രകടിപ്പിച്ചു. അവർ മസ്ജിദ് പൊളിക്കരുതെന്ന അഭിപ്രായക്കാരായിരുന്നു. അതിൽ ചില സ്വഹാബാക്കൾ മസ്ജിദുന്നബ്വിയോടു ചേർന്ന് വീടുള്ളവരായിരുന്നു. ഈ പദ്ധതി അവരുടെ വീടുകളെ ബാധിക്കുമെന്ന് വ്യക്തമായിരുന്നു. പൊതുജനങ്ങളിൽ ഭൂരിഭാഗവും ഈ പദ്ധതിയെ പിന്തുണച്ചു. എന്നാൽ, ചില സ്വഹാബാക്കൾ എതിർത്തു. ഹദ്റത്ത് അഫ്ലഹ് ബിൻ ഹമീദ് വിവരിക്കുന്നു: 'ഹദ്റത്ത് ഉഥ്മാൻ മിമ്പറിൽ കയറി ജനങ്ങളോട് അഭിപ്രായം തേടിയപ്പോൾ മർവാൻ ബിൻ ഹക്കം ചോദിച്ചു, 'ഇതൊരു പുതിയ പ്രവൃത്തിയാണ്. അതിന് താങ്കൾ ജനങ്ങളുടെ അഭിപ്രായം തേടേണ്ട ആവശ്യമെന്തുണ്ട്?' അപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തെ ശാസിച്ചുകൊണ്ട് പറഞ്ഞു, 'കഷ്ടം തന്നെ! ഞാൻ ഒരു കാര്യത്തിനും ജനങ്ങൾക്കുമേൽ സമ്മർദ്ദം ചെലുത്തുവാൻ താല്പര്യപ്പെടുന്നില്ല. എനിക്ക് അവരോട് എന്തായാലും അഭിപ്രായം തേടേണ്ടതുണ്ട്.' അദ്ദേഹം പറഞ്ഞു, 'ഞാൻ എന്റെ അഭിപ്രായം ജനങ്ങളുടെമേൽ അടിച്ചേല്പിക്കാൻ ആഗ്രഹിക്കുന്നില്ല. ഞാൻ എന്തും ഇവരുടെ ഇഷ്ടത്തോടെ മാത്രമേ ചെയ്യുകയുള്ളൂ.' തുടർന്ന് അദ്ദേഹം ആ പദ്ധതിയുടെ കാര്യത്തിൽ പക്വമതികളായ സഹാബക്കളിൽ നിന്നു സമ്മതം തേടിയപ്പോൾ മസ്ജിദുന്നബ്വിയുടെ വടക്കുഭാഗത്തുള്ള വീടുകൾ വാങ്ങി. അദ്ദേഹം അതിനു വൻ സംഖ്യകൾ നല്കിയെങ്കിലും ചില സ്വഹബാക്കൾ തങ്ങളുടെ വീടുകൾ വില്ക്കാൻ തയ്യാറായില്ല. അങ്ങനെ ഏതാണ്ട് നാലുവർഷം കഴിഞ്ഞിട്ടും അക്കാര്യത്തിൽ വേണ്ടത്ര വിജയം ലഭിച്ചില്ല. ഹദ്റത്ത് ഉബയ്ദുല്ലാഹ് ഖൗലാനിയിൽ നിന്നു നിവേദനം. ജനങ്ങൾ സ്വന്തം വീടുവിട്ടുകൊടുക്കാൻ താല്പര്യകുറവ് കാണിക്കുകയും അവർ ന്യായീകരണങ്ങൾ ഒരുപാടു നല്കുകയും ചെയ്തപ്പോൾ ഹദ്റത്ത് ഉഥ്മാൻ(റ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു, 'നിങ്ങളെല്ലാവരും ഒരുപാടു ന്യായങ്ങൾ കെട്ടിച്ചമച്ചിരിക്കുന്നു. ഞാൻ നബി(സ)തിരുമേനി ഇപ്രകാരം പറയുന്നതായി കേട്ടു, 'ആരാണോ അല്ലാഹുവിന്റെ പ്രീതി നേടാനായി മസ്ജിദ് പണിയുന്നത് അവർക്ക് അല്ലാഹു അതുപോലുള്ള കൊട്ടാരം സ്വർഗത്തിൽ തയ്യാറാക്കുന്നതാണ്.'

അതുപോലെ ഹദ്റത്ത് മഹ്മൂദ് ബിൻ ലബീദിൽ നിന്നു നിവേദനം. ഹദ്റത്ത് ഉഥ്മാൻ(റ) മസ്ജിദുന്നബ്വി തയ്യാറാക്കാൻ ഉദ്ദേശിച്ചപ്പോൾ ജനങ്ങൾക്ക് അദ്ദേഹത്തിന്റെ പദ്ധതി ഇഷ്ടപ്പെട്ടില്ല. നബി(സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന അതേ സ്ഥിതിയിൽ മസ്ജിദുന്നബ്വിയെ നിലനിറുത്തണമെന്ന് അവർ വാശി പിടിച്ചു. അപ്പോൾ അദ്ദേഹം പറയുകയുണ്ടായി, 'ആരാണോ ദൈവപ്രീതിക്കായി മസ്ജിദ് പണിയുന്നത് അവർക്ക് സ്വർഗത്തിൽ സമാനമായ കൊട്ടാരം അല്ലാഹു പണിയിക്കുന്നതാണ്.' ഹദ്റത്ത് ഉഥ്മാൻ ഇക്കാര്യം ജനങ്ങളെക്കൊണ്ട് സമ്മതിപ്പിക്കുന്നതിൽ വിജയിച്ചപ്പോൾ ഹിജ്റ 29 റബീയുൽ അവ്വൽ അതായത് ക്രിസ്ത്വബ്ദം 649ന് അതിന്റെ പണി തുടങ്ങി. നവീകരണത്തിന് വെറും പത്തുമാസമാണെടുത്തത്. അങ്ങനെ ഹിജ്റ 30 മുഹർറം ഒന്നിന് മസ്ജിദുന്നബ്വി പുനർനിർമിക്കപ്പെട്ടു. അദ്ദേഹംതന്നെ നിർമാണത്തിനു മേൽനോട്ടം വഹിക്കുമായിരുന്നു. പകലുകൾ എപ്പോഴും നോമ്പുനോറ്റിരുന്നു. രാത്രി ഉറക്കം സഹിക്കാതെ വരുമ്പോൾ മസ്ജിദിൽതന്നെ ക്ഷീണം മാറ്റുമായിരുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ സഫീനയിൽ നിന്നു നിവേദനം. ഞാൻ കണ്ടിട്ടുണ്ട്, മസ്ജിദ് നിർമിക്കാനുള്ള മണൽക്കൂട്ട് തയ്യാറാകുന്തോറും അത് ഹദ്റത്ത് ഉഥ്മാൻ ഗനിയുടെ അടുത്ത് കൊണ്ടുവരുമായിരുന്നു. അദ്ദേഹം അവിടെതന്നെ നിന്ന നില്പിൽ പണിക്കാരെക്കൊണ്ട് പണിയെടുപ്പിക്കുമായിരുന്നു. പിന്നെ നമസ്ക്കാരസമയമാകുമ്പോൾ അവരോടൊപ്പം നമസ്ക്കരിക്കുമായിരുന്നു. ചിലപ്പോൾ അവിടെ തന്നെ കിടക്കുമായിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ) മസ്ജിദ് നബ്വിക്ക് തെക്കുഭാഗത്തു ഖിബ്ലയുടെ വശത്ത് വിപുലീകരണം നടത്തി. അതിന്റെ ഖിബ്ലയുടെ ചുമർ ഇന്നുള്ളത്ര അദ്ദേഹം വിപുലീകരിച്ചതാണ്. വടക്കുഭാഗത്ത് ഏതാണ്ട് 25 മീറ്റർ കൂട്ടിയെടുത്തതും പടിഞ്ഞാറോട്ടു കുറച്ച് വിപുലമാക്കിയതും അദ്ദേഹമായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ അനുഗൃഹീത മുറികളുണ്ടായിരുന്ന കിഴക്കുഭാഗത്ത് ഒരു വിപുലീകരണവും നടത്തിയില്ല. അതിനുശേഷം മസ്ജിദുന്നബ്വിയുടെ മൊത്തം വിസ്തീർണം 80ഃ75 മീറ്ററായി.'

ഹദ്റത്ത് ഉഥ്മാന്റെ കാലഘട്ടത്തിൽ വാതിലുകളുടെ എണ്ണം ആറായിരുന്നു. ആദ്യമായിട്ടായിരുന്നു മസ്ജിദുന്നബ്വിയിൽ കല്ലുകളിൽ കൊത്തുപണി നടന്നതും വെള്ളപൂശിയതും. ഹദ്റത്ത് ഖാരിജ ബിൻ സയ്ദിന്റെ വിവരണമനുസരിച്ച് ഹദ്റത്ത് ഉഥ്മാൻ(റ) മസ്ജിദുന്നബ്വിയുടെ കിഴക്കും പടിഞ്ഞാറുമുള്ള ചുമരുകളിൽ കിളിവാതിലുകൾ വച്ചിരുന്നു. മസ്ജിദുന്നബ്വിയുടെ വിപുലീകരണത്തിന് വാങ്ങേണ്ടി വന്ന വീടുകളിൽ ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്സ്വയുടെ മുറിയുമുണ്ടായിരുന്നു. അതിനു പകരമായി ഒരു കെട്ടിടം ഖിബ്ലയോടു ചേർന്നുള്ള തെക്കു കിഴക്ക് ഭാഗത്ത് ചുമരിനോടു ചേർന്നു നല്കുകയുണ്ടായി. ഒരു ജാലകം വഴി അവരുടെ വീട്ടിലേക്കുള്ള പോക്കുവരവ് എളുപ്പമാക്കുകയും ചെയ്തു. അതുകൂടാതെ ഹദ്റത്ത് ജഅ്ഫർ ബിൻ അബൂത്വാലിബിന്റെ അനന്തരവകാശികളിൽ നിന്നു അവരുടെ കെട്ടിടത്തിന്റെ പകുതി ഭാഗം ഒരു ലക്ഷം ദിർഹം പകരം നല്കി വാങ്ങുകയുണ്ടായി. അതുപോലെ അബ്ബാസിന്റെ വീട്ടിന്റെ പകുതി ഭാഗം വാങ്ങി മസ്ജിദുന്നബ്വിയോടു ചേർക്കുകയുണ്ടായി. ഖിബ്ലയുടെ ചുമരിനെ തെക്കോട്ടേക്ക് കൊണ്ടുപോകുന്നത് കഴിഞ്ഞാൽ മസ്ജിദുന്നബ്വിയിലുണ്ടായ ഏറ്റവും സ്പഷ്ടമായ മാറ്റം നബിയുടെ മിഹ്റാബിന്റെ ഭാഗത്തെ ഖിബ്ലയുടെ സ്ഥലവും ഖിബ്ലയുടെ ചുമരിനൊപ്പം എത്തുന്ന വിധത്തിൽ നീട്ടിക്കൊണ്ടു പോകേണ്ടിവന്നു എന്നതാണ്. ഇപ്പോൾ നമ്മൾ 'മിഹ്റാബു ഉഥ്മാനി' കാണുന്ന ആ സ്ഥലത്താണ് അതുണ്ടായത്. അവിടെ ഒരു പ്രതീകാത്മക മിഹ്റാബും പണികഴിക്കപ്പെട്ടു. കളിമണ്ണിനു പകരം അവിടെ കല്ലുപൊടികളാണ് ഉപയോഗിച്ചത്. കല്ലുകൊണ്ടുണ്ടാക്കി തൂണുകളിൽ ഉരുക്കു നിർമ്മിതമായ കമ്പികൾ ഇട്ടു. നബി(സ)തിരുമേനിയുടെ കാലത്ത് ഈന്തപ്പനത്തടികൾ കൊണ്ടുള്ള തൂണുകളുണ്ടായ അതേ സ്ഥാനത്തുതന്നെ പുതിയ തൂണുകൾ ഉണ്ടാകുന്ന കാര്യത്തിൽ സവിശേഷ ശ്രദ്ധയുണ്ടായി.

ജറൂസലേമിൽ ബൈസന്റൈനുകൾ(പൗരസ്ത്യ റോമാക്കാർ) ഡോം ഓഫ് ദ റോക്ക് പണിത അതേ പണിക്കൂട്ടുകളും നിർമാണശൈലിയുമാണ് ഇവിടെയും അനുവർത്തിച്ചത്. മേൽക്കൂര കരിവീട്ടി കൊണ്ടായിരുന്നു നിർമിച്ചിരുന്നത്. ഉരുക്ക് വാർത്തൊഴിച്ച കല്ലുകൾ കൊണ്ടുള്ള തൂണുകളിൽ സ്ഥാപിച്ച മരത്തിന്റെ കഴുക്കോലിലായിരുന്നു മേൽക്കൂര നാട്ടിയിരുന്നത്. ഹദ്റത്ത് ഉമർ(റ) നബിയുടെ മിഹ്റാബിൽ (മിഹ്റാബുനബി) നമസ്കരിപ്പിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു ശഹീദാക്കപ്പെട്ടത്. അത്തരം സംഭവം ഇനി ഒരിക്കലും ഉണ്ടാകാതിരിക്കാൻ ഹദ്റത്ത് ഉഥ്മാൻ(റ) മിഹ് റാബിന്റെ സ്ഥലത്ത് ഒരു 'മഖ്സൂറ'(മസ്ജിദിൽ സഫ്ഫുകൾക്കു മുമ്പിൽ ഇമാമിനു നില്ക്കാനുള്ള സ്ഥലം, അതിൽ മിമ്പർ ഉണ്ടാകും) പണികഴിപ്പിച്ചു. അത് മണ്ണിഷ്ടികകൾ കൊണ്ടാണ് ഉണ്ടാക്കിയിരുന്നത്. മുഖ്തദികൾക്ക് തങ്ങളുടെ ഇമാമിനെ കാണുന്നതിന് അതിൽ ജനലുകളും സുഷിരങ്ങളും ഉണ്ടാക്കിയിരുന്നു. മസ്ജിദ് നബ്വിയിൽ ഉണ്ടാക്കിയ ആദ്യത്തെ സുരക്ഷാ സംവിധാനമായിരുന്നു അത്. പിന്നീട് ഔദ്യാഗികമായി അത് ഡമാസ്കസിലെ ബനുഉമയ്യാ ഖലീഫമാരുടെ സുരക്ഷാ പ്രോട്ടോക്കോളിന്റെ ഭാഗമായിത്തീർന്നു.(ജുസ്തജൂയെ മദീന, അബ്ദുൽ ഹമീദ് ഖാദിരി, പേജ് 463-465, ഓറിയന്റൽ പബ്ലിക്കേഷൻസ് പാക്കിസ്താൻ 2007)(ഉർദുലുഗത്ത് താരീഖീ ഉസൂലോപർ വാല്യം 18, പേജ് 492, മഖ്സൂറ എന്ന പദം)

അതായത് മിഹ്റാബിനെ മതിൽക്കെട്ടി സുരക്ഷിതമാക്കി. എന്നാലും മുഖ്തദികൾക്ക് ഇമാമിനെ കാണാൻ സാധിക്കുമായിരുന്നു. എന്തായാലും അതിനുശേഷം പലസമയങ്ങളിലായി മസ്ജിദിന് വിപുലീകരണം നടന്നുകൊണ്ടിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുന്നു: 'ഹദ്റത്ത് ഉഥ്മാനെ(റ) ഞാൻ ഹദ്റത്ത് സുലയ്മാനു(അ)മായി ഉപമിക്കുകയാണ്. അദ്ദേഹത്തിനും കെട്ടിടനിർമാണത്തിൽ വലിയ താൽപര്യമുണ്ടായിരുന്നു. ഹദ്റത്ത് അലിയുടെ സമയത്തും ഉറപ്പായും ആഭ്യന്തര കലഹമുണ്ടായിരുന്നു. ഒരു ഭാഗത്ത് മുആവിയയും മറുഭാഗത്ത് അലിയുമായിരുന്നു. ആ ഫിത്നകൾ കാരണം മുസ്ലിമീങ്ങളുടെ രക്തം ചൊരിയപ്പെട്ടു. ആറു വർഷം ഇസ്‌ലാമിനുവേണ്ടി

ഒരു പ്രവർത്തനവും ഉണ്ടായില്ല. ഉഥ്മാന്റെ കാലത്തോടെ എല്ലാ നടപടികളും അവസാനിച്ചിരുന്നു. തുടർന്ന് ആഭ്യന്തര യുദ്ധങ്ങൾ തുടങ്ങി.(മൽഫൂദാത്ത് വാല്യം 8, പേജ് 278)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മസ്ജിദ് വിലപിടിച്ച കല്ലുകൾ പതിച്ചതും വാർത്തതുമാകണമെന്ന് നിർബന്ധമില്ല. സ്ഥലമെടുത്ത് മസ്ജിദിന്റെ അതിരു നിർണയിക്കപ്പെട്ടാൽ മതി. വൈക്കോൽ കൊണ്ടോ മറ്റോ മേൽക്കൂരയിട്ടാലും മതി. മഴയിൽ നിന്നും മറ്റും രക്ഷകിട്ടിയാൽ മതിയാകും. അല്ലാഹു പുറംപൂച്ച് ഇഷ്ടപ്പെടുന്നില്ല. നബി(സ)തിരുമേനിയുടെ മസ്ജിദ് ഈന്തപ്പന ചില്ലകളുടേതായിരുന്നു. അതങ്ങനെ തുടരുകയും ചെയ്തു. പിന്നീട് ഹദ്റത്ത് ഉഥ്മാൻ(റ) കെട്ടിടനിർമാണത്തിൽ താൽപര്യമുള്ള ആളായിരുന്നതിനാൽ തന്റെ കാലത്ത് അത് വാർത്തുണ്ടാക്കി. ഹദ്റത്ത് സുലയ്മാന്റേയും ഉഥ്മാന്റേയും രൂപപ്രകൃതം വളരെ സാമ്യമുള്ളതാണ്. അതുകൊണ്ടായിരിക്കും ഇ ക്കാര്യത്തിൽ അദ്ദേഹത്തിന് താൽപര്യമുണ്ടായിട്ടുണ്ടാകുക എന്ന് എനിക്ക് തോന്നി.(മൽഫൂദാത്ത് വാല്യം 7, പേജ് 119)

ഹിജ്റ 26 ലാണ് മസ്ജിദുൽ ഹറാമിന്റെ വിപുലീകരണം ഉണ്ടായത്. ഹദ്റത്ത് ഉഥ്മാൻ(റ) ഹിജ്റ 26 ന് ഹറമിന്റെ അടയാളങ്ങൾ പുനഃക്രമീകരിച്ചു. മസ്ജിദുൽ ഹറാമിൽ ഉൾപ്പെടുത്തി ചിലർ സന്തോഷപൂർവം കെട്ടിടങ്ങൾ വിറ്റ്പന നടത്തി. എന്നാൽ, ചിലരാകട്ടെ അതിനു സമ്മതിച്ചതേയില്ല. ഹദ്റത്ത് ഉഥ്മാൻ(റ) അവരെ സാധ്യമാകും വിധമെല്ലാം അവരെ സമ്മതിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ, അവർ തങ്ങളുടെ നിലപാടിൽ ഉറച്ചു നിന്നു. അവസാനം ഹദ്റത്ത് ഉഥ്മാൻ(റ)ആ കെട്ടിടങ്ങളെല്ലാം പൊളിച്ചു. അവയുടെ മൂല്യം ബയ്ത്തുൽ മാലിൽ നിക്ഷേപിക്കുകയും ചെയ്തു. അപ്പോൾ അവർ ഹദ്റത്ത് ഉഥ്മാനെതിരെ ബഹളംവച്ചു. അദ്ദേഹം അവരെ ജയിലിലടക്കാൻ ആജ്ഞാപിച്ചു. എന്നിട്ട് അവരെ സംബോധന ചെയ്തു പറഞ്ഞു: 'നിങ്ങൾക്കറിയുമോ, എന്തുകാരണത്താലാണ് നിങ്ങൾക്ക് എന്നെ പ്രതിഷേധിക്കാനുള്ള ധൈര്യമുണ്ടായതെന്ന്? ആ ധൈര്യത്തിനുള്ള ഏകകാരണം എന്റെ സഹിഷ്ണുതയാണ്. ഹദ്റത്ത് ഉമറും നിങ്ങളോട് ഇതുപോലെ പ്രവർത്തിച്ചിരുന്നു. എന്നാൽ, അപ്പോൾ നിങ്ങൾ ഇപ്രകാരം പ്രക്ഷോഭം പുറപ്പെടുവിച്ചില്ല.' അതിനുശേഷം അബ്ദുല്ലാഹ് ബിൻ ഖാലിദ് ബിൻ ഉബയ്ദ് ഹദ്റത്ത് ഉഥ്മാനോട് ആ വിപ്ലവകാരികളെ കുറിച്ച് സംസാരിക്കുകയും അതെ തുടർന്ന് അവർ വിട്ടയക്കപ്പെടുകയും ചെയ്തു.(താരീഖു അത്ത്വബ്‌രി, വാല്യം 5, പേജ് 92..........ദാറുൽഫിക്ർ ബെയ്റുത്ത് 2002)

ഇസ്‌ലാമിന്റെ ആദ്യത്തെ നാവിക വ്യൂഹവും ഉണ്ടാക്കിയത് ഹിജ്റ 28 നാണ്. ഇതും ഹദ്റത്ത് ഉഥ്മാന്റെ കാലത്തായിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് കാലത്ത് ആദ്യമായി സമുദ്രയുദ്ധം നടത്തിയ വ്യക്തി അമീർ മുആവിയ ബിൻ അബൂ സുഫ്‌യാനാണ്. ഹദ്റത്ത് ഉമറിനോടും അമീർ മുആവിയ സമുദ്രയുദ്ധത്തിന് അനുമതി തേടിയിരുന്നു. എന്നാൽ, അദ്ദേഹം അതിനു സമ്മതിച്ചിരുന്നില്ല. ഹദ്റത്ത് ഉഥ്മാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അമീർ മുആവിയ അദ്ദേഹത്തോടും ഇതേക്കുറിച്ച് പലവട്ടം ചർച്ച ചെയ്യുകയും അനുമതി തേടുകയും ചെയ്തു. അവസാനം ഹദ്റത്ത് ഉഥ്മാൻ അനുമതി തേടുകയും ഹദ്റത്ത് ഉഥ്മാൻ അനുമതി നല്കുകയും ചെയ് തു. എന്നിട്ടു പറഞ്ഞു: 'താങ്കൾ സ്വയം ആളുകളെ തിരഞ്ഞെടുക്കരുത്. അവർക്കിടയിൽ 'നറുക്ക്' ഇടുകയു മരുത്. മറിച്ച് അവരെ സ്വന്തം തീരുമാനിക്കാൻ വിടുക. ആരാണോ സ്വന്തം ഇഷ്ടപ്രകാരം യുദ്ധത്തിൽ പങ്കെടുക്കുന്നത് അവരെ യുദ്ധത്തിന് കൊണ്ടു പോകുക. അവരെ സഹായിക്കുക.' അമീർ മുആവിയ അപ്രകാരം തന്നെ ചെയ്തു. അദ്ദേഹം അബ്ദുല്ലാഹ് ബിൻ ഖയ്സി ജാസിയെ നാവികത്തലവനാക്കി. അദ്ദേഹം സമുദ്രത്തിൽ ഉഷ്ണകാലത്തും ശൈത്യകാലത്തുമായി അമ്പത് യുദ്ധങ്ങൾ ചെയ്തു. ആ യുദ്ധങ്ങളിലൊന്നും തന്നെ മുസ്‌ലിം പക്ഷത്തുള്ള ഒരു സൈനികനും വെള്ളത്തിൽ മുങ്ങുകയോ, ഒരു നഷ്ടവും അവർക്കുണ്ടാകുകയോ ചെയ്തില്ല.(താരീഖു അത്ത്വബ് രി, വാല്യം 5, പേജ് 97).

നബി(സ)തിരുമേനിയോട് സ്വഭാവഗുണങ്ങളിൽ ഏറ്റവും കൂടുതൽ സാമ്യമുള്ളത് ഹദ്റത്ത് ഉഥ്മാനാണെന്ന് നിവേദനമുണ്ട്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഉഥ്മാൻ(റ) നിവേദനം. നബി(സ)തിരുമേനി തന്റെ മകളുടെ അടുത്തുവന്നു. അപ്പോൾ അവർ ഹദ്റത്ത് ഉഥ്മാന്റെ തലമുടി കഴുകുകയായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു, മകളേ! അബൂ അബ്ദുല്ലാഹ് അഥവാ ഹദ്റത്ത് ഉഥ്മാനോട് ഏറ്റവും നല്ലനിലയിൽ പെരുമാറുക. കാരണം എന്റെ സ്വഹാബാക്കളിൽവച്ച് എന്നോട് ഏറ്റവും കൂടുതൽ സ്വഭാവത്തിൽ സാമ്യതയുള്ള വ്യക്തിയാണ് അദ്ദേഹം.(മജ്മഉസ്സവാഇദ് വ മമ്പഉൽ ഫവാഇദ്. ഭാഗം 9, പേജ് 58, കിതാബുൽമനാഖിബ്, ബാബു മാ ജാഅ ഫീ ഖൽഖിഹീ, ഹദീഥ് നമ്പർ 14500, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

ഹദ്റത്ത് യഹ്‌യ ബിൻ അഹ്ദുർ റഹ്മാൻ ബിൻ ഹാത്വിബ്(റ) വിവരിക്കുന്നു: അദ്ദേഹം പറഞ്ഞു: ഞാൻ എന്റെ പിതാവ് ഇപ്രകാരം പറയുന്നതായി കേട്ടു. 'ഞാൻ നബി(സ)തിരുമേനിയുടെ സ്വഹാബാക്കളിൽ സംഭാഷണം മുഴുവനായും ഭംഗിയായും പറയുന്ന കാര്യത്തിൽ ഹദ്റത്ത് ഉഥ്മാനെക്കാളും ശ്രേഷ്ഠനായി ആരെയും കണ്ടിട്ടില്ല. എന്നാൽ, അദ്ദേഹം അമിത ഭാഷണത്തിൽ നിന്നു വിട്ടുനില്ക്കുമായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 32, ഉഥ് മാൻ ബിൻ അഫ്ഫാൻ(റ), ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 1996)

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ ഹദ്റത്ത് റുഖിയ്യായുടെ (നബി (സ) തിരുമേനിയുടെ മകൾ)സവിധത്തിൽ ഹാജരായി. ഹദ്റത്ത് റുഖിയ്യക്കു പകരം ഇവിടെ ഹദ്റത്ത് ഉമ്മു കുൽഥൂം ആകാനും സാധ്യതയുണ്ട്. കാരണം നിവേദനങ്ങളിൽ വന്നിട്ടുള്ളത് ബദ്ർ യുദ്ധവേളയിൽ ഹദ്റത്ത് റുഖിയ്യായുടെ വഫാത്ത് സംഭവിച്ചിരുന്നു എന്നാണ്. ഹദ്റത്ത് അബൂഹുറയ്റയാണെങ്കിൽ ബദ്റിന് അഞ്ചുവർഷത്തിനുശേഷമാണ് മുസ്‌ലിമാകാൻ മദീനയിലേക്ക് വന്നത്. അതുകൊണ്ട് ഇവിടെ ഉമ്മുകുൽഥൂമായിരിക്കും ഉദ്ദേശ്യം. കാരണം അവരുടെ വഫാത്ത് ഹിജ്റ 9 നായിരുന്നു. എന്തായാലും ഹദ്റത്ത് ഉഥ്മാന്റെ ഭാര്യയായ, നബി(സ) തിരുമേനിയുടെ മകളുടെ അടുത്തു വന്നു. അക്കാര്യമാണ് നിവേദനത്തിലുള്ളത്. അപ്പോൾ അവരുടെ കൈയിൽ ചീർപ്പുണ്ടായിരുന്നു. അവർ പറഞ്ഞു, ഇപ്പോൾ നബി(സ)തിരുമേനി എന്റെയടുത്തു വന്നിരുന്നു. ഞാൻ തിരുനബിക്ക് മുടി ചീകിക്കൊടുത്തു. അപ്പോൾ എന്നോട് ചോദിച്ചു, 'അബൂ അബ്ദുല്ലാഹ് ഹദ്റത്ത് ഉഥ്മാനെ കുറിച്ച് എന്താണ് അഭിപ്രായം? ഞാൻ പറഞ്ഞു, വളരെ നല്ല അഭിപ്രായമാണ്. നീയും അദ്ദേഹത്തോട് ബഹുമാനത്തോടെ പെരുമാറണം. കാരണം എന്റെ സ്വഹാബാക്കളിൽവച്ച് സ്വഭാവകാര്യത്തിൽ എന്നോട് ഏറ്റവുമധികം സാദൃശ്യമുള്ള വ്യക്തിയാണ് അദ്ദേഹം. (മജ്മഉസ്സവാഇദ് വ മമ്പഉൽ ഫവാഇദ്. ല അലിയ്യ് ബിൻ അബൂബക്ർ, ഭാഗം 9, പേജ് 58, കിതാബു ൽമനാഖിബ്, ബാബു മാ ജാഅ ഫീ ഖൽഖിഹീ, ഹദീഥ് നമ്പർ 14501, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

ഹദ്റത്ത് ഉഥ്മാന്റെ അനുസ്മരണം ഇതോടെ ഇവിടെ അവസാനിപ്പിക്കുകയാണ്. ഇന്നും കുറച്ചു ജനാസകൾ നമസ്കരിപ്പിക്കാനുണ്ട്. അതെ കുറിച്ച് പറയുന്നതാണ്.

ആദ്യത്തെ ജനാസ അഹ്മദ് ബഖ്ശ് സാഹിബിന്റെ മകൻ മുബശ്ശിർ അഹ്മദ് രിൻദ് സാഹിബ് മുഅല്ലിം വഖ്ഫെ ജദീദ് റബ്‌വയുടേതാണ്. അദ്ദേഹം മാർച്ച് 10 ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹം ഡേരാ ഗാസിഖാൻ ജില്ലയിലെ രിൻദ് പ്രദേശക്കാരനായിരുന്നു. ജന്മനാ അഹ്മദിയായിരുന്നു. 1990–ൽ ഥർപാർകറിലെ മുഅല്ലിം വഖ്ഫെ ജദീദായി അദ്ദേഹം സേവനം തുടങ്ങി. പിന്നീട് പല സ്ഥലങ്ങളിലും മുഅല്ലിമായും ഇൻസ്പെക്ടറായും സേവനമനുഷ്ഠിച്ചു. എവിടേക്ക് നിയമിച്ചാലും എപ്പോഴും അദ്ദേഹം ലബ്ബയ്ക്ക് പറയുമായിരുന്നു. ഒരിക്കലും ഒരുവിധത്തിലും ഒഴികഴിവു പറയില്ലായിരുന്നു. എപ്പോഴും വഖ്ഫിനെ ആത്മാർഥതയോടെ നിറവേറ്റാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ ബന്ധുക്കളും അന്യരുമെല്ലാം എഴുതിയിരിക്കുന്നത് വളരെ കഠിനാധ്വാനിയും ദുആശീലനും സ്ഥിരമായി തഹജ്ജുദ് നമസ്കരിക്കുന്ന ആളും ഉത്തമനിലയിൽ തബ്‌ലീഗ് ചെയ്യുന്ന വ്യക്തിയുമായിരുന്നു എന്നാണ്. നല്ല വാഗ്മിയും സോഷ്യലും അതിഥി സൽക്കാര പ്രിയനും സരസനും വിനയാന്വിതനും എപ്പോഴും സൗമ്യമായും മാധുര്യത്തോടും സംസാരിക്കുന്ന വ്യക്തിയുമായിരുന്നു. എന്നാൽ, ജമാഅത്ത് വ്യവസ്ഥിതിക്കോ, ഖിലാഫത്തിനോ എതിരെ എന്തെങ്കിലും കേട്ടാൽ ഊരിപ്പിടിച്ച വാളുപോലെ ആയിത്തീരുമായിരുന്നു. അങ്ങനെ സംസാരിക്കുന്ന വ്യക്തിയുടെ സ്വഭാവ സംസ്കരണം നടക്കുന്നതുവരെ അത്തരം സദസ്സിൽ നിന്നു മാറുമായിരുന്നില്ല. സന്തപ്തകുടുംബത്തിൽ ഭാര്യയെക്കൂടാതെ രണ്ട് ആൺകുട്ടികളും മൂന്നുപെൺകുട്ടികളുമുണ്ട്. അ ദ്ദേഹത്തിന്റെ ഇളയമകൻ ശാസിൽ അഹ്മദ് ജാമിയ അഹ്മദിയ്യാ റബ്‌വയിലെ ദർജ ഥാലിഥയിലെ വിദ്യാർഥിയാണ്. അല്ലാഹു മർഹൂമിനോട് പൊറു മയോടും കരുണയോടുംകൂടി വർത്തിക്കുമാറാകട്ടെ.

അടുത്ത ജനാസ, മുനീർ അഹ്മദ് ഫർഖ് സാഹിബ്, മുൻ അമീർ ജമാഅത്ത് ജില്ലാ ഇസ്‌ലാമാബാദിന്റേതാണ്. ദീർഘകാലത്തെ അസുഖത്തെ തുടർന്ന് ഇദ്ദേഹം മാർച്ച് 9 നു കനഡയിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1/9 ഭാഗം വസിയ്യത്ത് ചെയ്ത മൂസിയായിരുന്നു അദ്ദേഹം. മുനീർ ഫർഖ് സാഹിബ് എഞ്ചിനീയറിന്റെ പിതാമഹന്റെ പേര് ഹദ്റത്ത് മുൻശി അഹ്മദ് ബഖ്ശ്(റ)എന്നായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. അദ്ദേഹം ഖാദിയാനിൽ 1903 ലെ ജൽസ സാലാനയ്ക്ക് പോയി ബയ്അത്ത് ചെയ്തു. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് ചൗദരി അബ്ദുൽ അഹദ് സാഹിബ് എന്നാണ്. അദ്ദേഹം MSc യും Ph.D യുമായിരുന്നു. അഗ്രികൾച്ചറിലായിരുന്നു സ്പെഷ്യലൈസേഷൻ. അക്കാലത്ത് Ph.D എടുക്കുക വളരെ ബുദ്ധികൂർമതയുള്ളവർക്കു മാത്രമേ സാധ്യമായിരുന്നുള്ളൂ. എന്തായാലും അദ്ദേഹം Ph.D ചെയ്തു. അദ്ദേഹം കുറച്ചുകാലം അമീർ ജമാഅത്ത് ലായോപ്പൂരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1944–ൽ ഹദ്റ

## അല്ലാഹുവിന്റെ കലാം:

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

## അല്ലാഹുവിന്റെ കലാം:

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമ വെക്കുന്ന വല്ലവനുമുണ്ടോ?" (വിശുദ്ധ ഖുർആൻ 54:18)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) അഹ്മദീ യുവാക്കളോട് പ്രത്യേകിച്ച് സയന്റിസ്റ്റുകളോട് ദീനിസേവനത്തിന് വഖ്ഫ് ചെയ്യാൻ ആഹ്വാനം ചെയ്തപ്പോൾ ഫർഖ് സാഹിബിന്റെ പിതാവായ ഡോക്ടർ സാഹിബും വഖ്ഫ് ചെയ്ത് സർക്കാർ ജോലി ഉപേക്ഷിച്ച് കുടുംബസമേതം ഖാദിയാനിലേക്ക് താമസം മാറ്റി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഫള്ലെ ഉമർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായി. ഹുദൂർ അദ്ദേഹത്തെ ഡയറക്ടർ ഫള്ലെ ഉമർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടായി നിയമിച്ചു. അതോടൊപ്പംതന്നെ തഅ്ലീമുൽ ഇസ്‌ലാം കോളേജിൽ സയൻസ് ടീച്ചറായും നിയമിതനായി.

ഫർഖ് സാഹിബ് യൂണിവേഴ്‌സിറ്റി ഓഫ് എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജിയിൽ നിന്നു ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് ഡിഗ്രി നേടുകയും വിവിധ സ്ഥലങ്ങളിൽ തുടക്കത്തിൽ ജോലി ചെയ്യുകയും ശേഷം Telegram and Telephone Department of Pakistan Government ൽ സ്ഥിരനിയമനം നേടുകയും ചെയ്തു. സർവീസ് കാലയളവിൽ അദ്ദേഹം രാജ്യത്തിന്റെ നിരവധി പട്ടണങ്ങളിൽ സേവനമനുഷ്ഠിച്ചു. വിവിധ രാജ്യങ്ങളിൽ പാകിസ്താൻ സർക്കാറിനെ പ്രതിനിധാനം ചെയ്യുകയുണ്ടായി. 1997–ൽ Director Genaral of Pakistan Tele Communication Limited ൽ നിന്ന് Director Genaral of Pakistan Tele Communication ആയി വിരമിച്ചു. അദ്ദേഹത്തിന് ഭാര്യയെക്കൂടാതെ ഈരണ്ട് ആൺമക്കളും പെൺമക്കളുമാണുള്ളത്. അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ കാലടികളെ പിന്തുടരാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

റാവൽപ്പിണ്ടിയിൽ താമസിക്കുമ്പോൾ ജില്ലാ ഖായിദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ ആയും സേവനമനുഷ്ഠിക്കാനുള്ള സൗഭാഗ്യമുണ്ടായി. അത് 1974 –ലെ സംഘർഷഭരിതമായ കാലഘട്ടമായിരുന്നു. എന്തായാലും അദ്ദേഹത്തിന് ആ സമയത്തും സേവനമനുഷ്ഠിക്കാനുള്ള തൗഫീഖ് ലഭിച്ചു. 1977–ൽ ഇസ്‌ലാമാബാദിൽ സ്ഥിരതാമസമാക്കിയ ശേഷം നിരവധി സേവനങ്ങൾക്കുള്ള അവസരം ലഭിച്ചു. 1990–ൽ ഡെപ്പ്യൂട്ടി അമീർ(അവ്വൽ) ആയി സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു. റിട്ടയർമെന്റിനുശേഷം അദ്ദേഹം വഖ്ഫ് ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ന്റെ സന്നിധിയിൽ തന്നെ സമർപ്പിച്ചു. അതിന് അംഗീകാരം ലഭിച്ചു. 1999–ൽ ഇസ്‌ലാമാബാദ് സിറ്റിയുടേയും ജില്ലയുടേയും അമീർ ജമാഅത്തായി അദ്ദേഹത്തിന് ഉത്തരവാദിത്വം ലഭിച്ചു. റബ്‌വയിൽ അദ്ദേഹത്തിന്റെ സർവീസ് direct dialing സംവിധാനം ഒരുക്കുകയായിരുന്നു. അദ്ദേഹം Digital Exchange സ്ഥാപിക്കുന്നതിന് ഒരുപാട് പരിശ്രമിച്ചു. കേന്ദ്ര ഫിനാൻസ് കമ്മറ്റി മെമ്പറായിരുന്നു. IAAAE യുടെ എക്സിക്യൂട്ടീവ് മെമ്പറായിരുന്നു. വിവിധ വിഭാഗങ്ങളിൽ ഓണററിയായും അല്ലാതെയും സേവനമനുഷ്ഠിക്കുകയുണ്ടായി. 1996–ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് Director Fazl-e-Umar Foundation ആയി നിയമിച്ചു. അന്ത്യശ്വാസംവരെ ഈ സ്ഥാനത്തു തുടരുകയും സേവനമനുഷ്ഠിക്കുകയും ചെയ്തു. 1980–ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ കാലത്ത് റബ്‌വയിൽ ജൽസ സാലാനയിൽ പങ്കെടുക്കുന്ന വിദേശികളായ അതിഥികൾക്കുവേണ്ടി പ്രഭാഷണങ്ങൾ തർജമ ചെയ്യാനുള്ള സൗകര്യം ആദ്യമായി ഏർപ്പെടുത്തിയിരുന്നു. അപ്പോൾ അഹ്മദി എഞ്ചിനീയറുമാരുടെ ഒരു ടീം തയ്യാറാക്കിയിരുന്നു. അതിലും അദ്ദേഹം അത്യധ്വാനത്തോടെ പ്രവർത്തിച്ചിരുന്നു. സവിശേഷമായ പ്രവർത്തനങ്ങൾ കാഴ്ച്ച വയ്ക്കാൻ അവർക്ക് തൗഫീഖ് ലഭിച്ചിരുന്നു. ആ ടീമിന്റെ കാര്യദർശിയും മുനീർ ഫർഖ് സാഹിബായിരുന്നു. 1984 ഏപ്രിലിൽ ഇംഗ്ലണ്ടിലേക്ക് ഹിജ്റത്ത് നടത്തിയപ്പോൾ (ഖലീഫ റാബിഅ്) ഇവിടെ യു.കെ യിലും എല്ലാവർഷവും സ്ഥിരമായി ജൽസയ്ക്കു വരുമായിരുന്നു. ട്രാൻസ്‌ലേഷൻ ഡ്യൂട്ടി അദ്ദേഹത്തിനായിരുന്നു. വളരെ ഭംഗിയായി ഇദ്ദേഹം ഇക്കാര്യം നിറവേറ്റിയിരുന്നു. വളരെ അധ്വാനത്തോടെ ജോലി ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഇമാറത്ത് കാലയളവിൽ ഇസ്‌ലാമാബാദിൽ ജമാഅത്തിന്റെ ഒരുപാട് കെട്ടിടങ്ങൾ ഉയർന്നിരുന്നു. അദ്ദേഹത്തിന്റെ ഒരു മകൻ പറയുന്നു, 'ജമാഅത്തിന്റെ ജോലികളിൽ മുൻപന്തിയിൽ നില്ക്കാൻ മക്കളെ ഉപദേശിക്കുമായിരുന്നു. ഗവൺമെന്റ് ജോലിയായിട്ടും എപ്പോഴും ജമാഅത്ത് സേവനങ്ങളിൽ മുൻനിരയിലായിരുന്നു. ജോലിയിൽ നിന്നു നേരെ ജമാഅത്തിന്റെ ഓഫീസിൽ വരുമായിരുന്നു. ജമാഅത്ത് ഉത്തരവാദിത്വങ്ങൾ നിറവേറ്റുമായിരുന്നു. എല്ലാ വർഷവും ജൽസ സാലാന യു.കെ ക്കു വേണ്ടി പ്രത്യേകം ലീവുകൾ ബാക്കി വയ്ക്കുമായിരുന്നു. അഹ്മദി ആയ കാരണത്താൽ അദ്ദേഹത്തിന്റെ സ്ഥലമാറ്റം വളരെ ദൂരെയുള്ള ഡേരാ ഇസ്മായീഖാനിൽ ഉണ്ടായി. അദ്ദേഹത്തെ ഇനി ഇസ്‌ലാമാബാദിലേക്കു കൊണ്ടുവരരുതെന്ന് അന്നത്തെ പ്രധാനമന്ത്രി ഭൂട്ടോ സാഹിബ് പറഞ്ഞിരുന്നു. എന്നാൽ, അല്ലാഹു അനുഗ്രഹിച്ചു. വീണ്ടും അദ്ദേഹത്തിന്റെ പോസ്റ്റിംഗ് ഇസ്‌ലാമാബാദിലായി. തുടർന്ന് അവിടെ നിന്ന് അദ്ദേഹത്തിനു വിവിധ രാജ്യങ്ങളിൽ സർക്കാർ പ്രതിനിധിയായി പോകാനുള്ള തൗഫീഖും ലഭിച്ചു. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും കൂടി പെരുമാറട്ടെ.

അടുത്ത ജനാസ ബ്രിഗേഡിയർ റിട്ടയർഡ് ലത്വീഫ് സാഹിബ്, മുൻ അമീർ ജില്ലാ റാവൽപിണ്ടിയുടെതാണ്. ഫെബ്രുവരി 28 ന് 77–ാമത്തെ വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ബ്രിഗേഡിയർ ലത്വീഫ് സാഹിബ് തന്റെ പിതാവിനോടൊപ്പം ഏകദേശം 1955–ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. ബ്രിഗേഡിയർ സാഹിബിന്റെ പിതാവ് 2000 ൽ വഫാത്തായി. അതിനുശേഷം ബ്രിഗേഡിയർ സാഹിബ് കുടുംബത്തിലെ ഏക അഹ്മദിയ്യായിരുന്നു. അദ്ദേഹത്തിന്റെ മക്കളെ കൂടാതെ അദ്ദേഹത്തിന് ഭാര്യയും ഈരണ്ട് ആൺകുട്ടികളും പെൺകുട്ടികളുമാണുള്ളത്. അല്ലാഹു അവരുടെ മക്കൾക്കും അദ്ദേഹത്തിന്റെ കാലടികൾ പിന്തുടാരാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. 2000–ൽ റിട്ടയർമെന്റിനുശേഷം തന്റെ മുഴുവൻ സമയവും ജമാഅത്തിനെ സേവിക്കാൻ തൗഫീഖ് ലഭിച്ചു. സെക്രട്ടറി ഉമൂറെ ആമയും ഡെപ്പ്യൂട്ടി അമീർ ജില്ലാ റാവൽപ്പിണ്ടിയുമായിരുന്നു. 2019 മുതൽ 2021 വരെ അമീർ ജില്ലാ റാവൽപ്പിണ്ടിയായി സേവനങ്ങൾക്കുള്ള തൗഫീഖ് ലഭിച്ചു. ഏകദേശം 20 വർഷമാണ് ജമാഅത്തിനെ സേവിക്കാനുള്ള തൗഫീഖ് ലഭിച്ചത്. വളരെ അനുകമ്പാലുവും ദരിദ്രരെ സഹായിക്കുന്നയാളും ജമാഅത്ത് സേവനത്തെ ദൈവാനുഗ്രഹമായി കണക്കാക്കി നിർവഹിക്കുന്ന വ്യക്തിയുമായിരുന്നു. അവസാനം രോഗം മൂർച്ഛിച്ചപ്പോഴും ജമാഅത്തു സേവനത്തിനായി കേന്ദ്രത്തിൽനിന്നു ഏതു ഭാരവാഹി വിളിച്ചാലും പെട്ടെന്നു പോകുമായിരുന്നു. ചികിത്സയും നടത്തിയിരുന്നു. ഖിദ്മത്തിനായി എപ്പോഴും ഹാജരാകുമായിരുന്നു. ഒരിക്കലും ഒന്നിനും നിഷേധിച്ചിരുന്നില്ല. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും കൂടി പെരുമാറട്ടെ.

**ശേഷം അടുത്ത ലക്കത്തിൽ**




**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**(പേജ് 1ൽനിന്ന്)**

ത്രവും സുരക്ഷിതമെന്ന് പറയാൻ പറ്റുകയില്ല. ഇത്തരം പരിതഃസ്ഥിതികളിൽ ബൈബിളിന്റെ സാക്ഷ്യംകൊണ്ട് വിശുദ്ധ ഖുർആനുമേൽ ഒരാക്ഷേപവും ഉന്നയിക്കാൻ സാധിക്കുകയില്ല. അതിലെ യഹൂദചരിത്രങ്ങളിൽ പറഞ്ഞിട്ടുള്ള സംഭവങ്ങൾ ഇപ്പോൾ ഗവേഷണങ്ങൾകൊണ്ട് സ്ഥാപിതമായിക്കൊണ്ടിരിക്കുകയാണ്;യഹൂദീ ചരിത്രത്തിന്റെ വിവരണങ്ങൾ തെറ്റാണെന്ന് സ്ഥാപിതമായിക്കൊണ്ടിരിക്കുമ്പോഴാണിത്. ഉദാഹരണത്തിന് ഹാറൂണിന്റെ കാളക്കുട്ടിയെ പൂജിക്കൽ, മൂസായുടെ കാലത്തെ ഫിർഔനിന്റെ മൃതശരീരം സുരക്ഷിതമായിരിക്കൽ തുടങ്ങിയവ.

പക്ഷേ, നമ്മൾ ഇതുസംബന്ധമായി തൗറാത്തിന്റെ വിവരണത്തെ ശരിയെന്ന് മനസ്സിലാക്കുകയാണെങ്കിലും അതിൽ ആക്ഷേപമൊന്നുമുണ്ടാകുകയില്ല. കാരണം വിശുദ്ധ ഖുർആൻ കബീറുഹും എന്നാണ് പറഞ്ഞിട്ടുള്ളത്. അക്ബറുഹും എന്നു പറഞ്ഞിട്ടില്ല. 12 മക്കളിൽ നാലാമത്തെ മകനും തീർച്ചയായും 'കബീർ' എന്ന് പറയപ്പെടാവുന്നതാണ്. കാരണം കബീർ എന്നതിന്റെ അർഥം കേവലം വലുത് എന്നാണ്. അല്ലാതെ ഏറ്റവും വലുത് എന്നല്ല. ഇതിനുപുറമെ ഇങ്ങനേയും ബൈബിളിന്റെ വിവരണവും വിശുദ്ധ ഖുർആനിന്റെ വിവരണവുംതമ്മിൽ സംയോജിപ്പിക്കാൻ കഴിയുന്നതാണ്. കബീർ കൊണ്ടുള്ള ഉദ്ദേശ്യം പ്രായത്തിൽ വലുത് എന്നെടുക്കാതിരിക്കുക. പ്രസ്തുത പദവിയിൽ വലുത് എന്നർഥത്തിൽ എടുക്കുക. **ഖാല ലൻ ഉർസിലഹൂ മഅക്കും** എന്ന ആയത്തിൽ സ്ഥാപിച്ചു വന്നതുപോലെ. അതായത് യഅ്ഖൂബിന് യഹൂദായിലുണ്ടായിരുന്ന വിശ്വാസം റോബനിലുണ്ടായിരുന്നില്ല. ബിൻയാമീനെ അദ്ദേഹം അയച്ചതുതന്നെയും യഹൂദായുടെ ജാമ്യത്തിലായിരുന്നു.അതിനാൽ ഇക്കാര്യത്തിൽ ഏറ്റവും മൂത്തത് യഹൂദാ തന്നെയാണ്.(തഫ്സീറെ കബീർ, വാള്യം 3, പേജ് 346, ഖാദിയാൻ പ്രസിദ്ധീകരണം 2010)

## അല്ലാഹുവിന്റെ കലാം:

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

**(വിശുദ്ധ ഖുർആൻ 14:36)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala**

## ഹദീഥുന്നബ്‌വി(സ):

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

**(സ്വഹീഹ് മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

# ഖുത്ബ ജുമുഅ

'എന്റെ വരവിന്റെ ഉദ്ദേശ്യവും ലക്ഷ്യവും ഇസ്‌ലാമിന്റെ പരിഷ്കരണവും അതിനെ ബലപ്പെടുത്തലുമാണ്.'
**ഹദ്റത്ത് മസീഹ് മൗഊദ്(അ)**

മാർച്ച് 23, മസീഹ് മൗഊദ് ദിനത്തെ ഉദ്ധരിച്ച് അവിടത്തെ രചനകളിലൂടെ, അദ്ദേഹത്തിന്റെ നിയോഗത്തിന്റെ അനിവാര്യതയുടേയും ഉദ്ദേശ്യത്തിന്റേയും അവിടത്തെ സത്യസാക്ഷ്യത്തിന്റേയും വിവരണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ ഉദ്ദേശ്യം വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടേയും പ്രവചനങ്ങളനുസരിച്ച് ദീനിന്റെ പരിഷ്കരണവും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം ലേകത്ത് നടപ്പിൽ വരുത്തുകയുമാണ്.

'എനിക്ക് ഇറങ്ങിയിട്ടുള്ള ദൈവവെളിപാടുകൾ എത്രത്തോളം ദൃഢഗാഢവും അഖണ്ഡിതവുമാണെന്നാൽ അവ മുഖേന ഞാനെന്റെ ദൈവത്തെ പ്രാപിച്ചിരിക്കുന്നു. ആ വെളിപാടുകൾ ദിവ്യദൃഷ്ടാന്തങ്ങൾ മുഖേന അനുഭവജ്ഞാനത്തിന്റെ പദവിയിലെത്തി എന്നുമാത്രമല്ല അവയുടെ ഓരോരോ ഭാഗങ്ങളും ദൈവവചനമായ പരിശുദ്ധ ഖുർആൻകൊണ്ട് വിലയിരുത്തിയപ്പോൾ അവ അതിനു അനുഗുണമാണെന്ന് തെളിയുകയും അത് സാക്ഷ്യപ്പെടുത്താനായി മഴപോലെ ആകാശത്തുനിന്നുള്ള ദൃഷ്ടാന്തങ്ങളുടെ വർഷമുണ്ടാകുകയും ചെയ്തു.' **ഹദ്റത്ത് മസീഹ് മൗഊദ്(അ)**

**ഇന്ന് ലോകമാകമാനം വ്യാപിച്ചിരിക്കുന്ന അഹ്മദിയ്യാ ജമാഅത്തുതന്നെ അല്ലാഹു അദ്ദേഹത്തിനോടൊപ്പമാണെന്നതിന് സ്പഷ്ടമായ തെളിവല്ലേ?**

'ഞാൻ നബി(സ)തിരുമേനിയുടെ ഉമ്മത്തി അല്ലായിരുന്നെങ്കിൽ നബി(സ)തിരുമേനിയെ പിൻപറ്റിയിരുന്നില്ലെങ്കിൽ ലോകത്തുള്ള എല്ലാ പർവ്വതങ്ങൾക്കും സമാനമായി എന്റെ കർമങ്ങളുണ്ടായാലും ഒരിക്കലും എനിക്ക് ദൈവഭാഷണവും സംബോധനയും ലഭിക്കുമായിരുന്നില്ല. എന്തെന്നാൽ ഇപ്പോൾ മുഹമ്മദീ നുബുവ്വത്തല്ലാത്ത എല്ലാ നുബുവ്വത്തുകളും അടഞ്ഞുപോയിരിക്കുന്നു. ശരീഅത്തോടുകൂടിയുള്ള ഒരു പ്രവാചകനും ഇനി വരാവതല്ല. ശരീഅത്തില്ലാത്ത നബി വരാവുന്നതാണ്. അയാൾ ആദ്യം ഉമ്മത്തിയായിരിക്കേണ്ടതാണ്.'

അൽജീരിയായിലേയും പാക്കിസ്താനിലേയും അഹ്മദികൾക്കുവേണ്ടി പ്രാർഥിക്കാനും അഹ്മദികൾ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റി അല്ലാഹുവുമായി പ്രത്യേക ബന്ധം സ്ഥാപിക്കാനും ഉപദേശം.

**ഖുത്ബ ജുമുഅ 2021 മാർച്ച് 26/1400 അമാൻ 26**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ-الرَّحْمٰنِ الرَّحِيْمِ-مٰلِكِ يَوْمِ الدِّيْنِ-اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-
هُوَ الَّذِىْ بَعَثَ فِى الْاُمِّيّٖنَ رَسُوْلًا مِّنْهُمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ وَ يُزَكِّيْهِمْ وَ يُعَلِّمُهُمُ
الْكِتٰبَ وَالْحِكْمَةَ وَاِنْ كَانُوْا مِنْ قَبْلُ لَفِىْ ضَلٰلٍ مُّبِيْنٍ-

അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ)അവരിൽ നിന്നുള്ള ഒരു ദൂതനെ ഏഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്കു വായിച്ചുകേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനുമുമ്പേ അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും. **വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം വഹുവൽഅസീസുൽ ഹക്കീം.** അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും.(അവൻ ദൂതനെ എഴുന്നേല്പിക്കുന്നതാണ്), അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു.(62:3–4)

രണ്ടുമൂന്നുദിവസം മുമ്പേ മാർച്ച് 23 ആയിരുന്നു. അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായ ദിനം എന്ന നിലയിൽ ഈ ദിവസം അഹ്മദിയ്യ ജമാഅത്തിൽ സ്മരിക്കപ്പെടുന്നു. അന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വശിഷ്യന്മാരിൽനിന്ന് ബയ്അത്ത് സ്വീകരിച്ചത്. ഈ ദിവസം നമ്മെ എല്ലാ വർഷവും ചില കാര്യങ്ങൾ ഉണർത്തുന്നതായി മാറേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനോദ്ദേശ്യം വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടേയും പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ ഇസ്‌ലാം ദീനിന്റെ പരിഷ്കരണവും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ ലോകത്ത് പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ്. അദ്ദേഹത്തിന്റെ ശിഷ്യത്വത്തിൽ ഉൾപ്പെട്ടവരാണെന്ന് വാദമുള്ള നമ്മളും ഈ കാര്യനിർവഹണത്തിൽ നമ്മുടെ കഴിവനുസരിച്ച് ഭാഗഭാക്കാകേണ്ടതാണ്. വഴികേടിലായിപ്പോയ മനുഷ്യകുലത്തെ ദൈവവുമായി നമ്മൾ ബന്ധിപ്പിക്കേണ്ടതാണ്. പരസ്പരമുള്ള കാര്യങ്ങൾ നിറവേറ്റേണ്ട കാര്യത്തിലേക്ക് അല്ലാഹുവിന്റെ ദാസർക്കും ഉൾബോധനം ചെയ്യേണ്ടതാണ്. അതിന് ഏറ്റവുമാദ്യം നമ്മൾ സ്വയം നന്നാകണമെന്ന കാര്യം അവിതർക്കിതമാണ്. എന്തായാലും ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ലിഖിതശകലങ്ങൾ സമർപിക്കുന്നതായിരിക്കും. അവയിൽ അദ്ദേഹം തന്റെ ആഗമനത്തിന്റെ ആവശ്യകതയും, ആഗമനോദ്ദേശ്യവും അതുപോലെതന്നെ തന്റെ സത്യസാക്ഷ്യത്തിനുള്ള വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടേയും പുലർന്നതും പുലർന്നുകൊണ്ടിരിക്കുന്നതുമായ പ്രവചനങ്ങളേയും സംബന്ധിച്ച് പറയുകയുണ്ടായി. ജമാഅത്തിലുണ്ടാകേണ്ട സൽപരിവർത്തനങ്ങൾ എന്തെല്ലാമാണെന്നും ആ ദിവ്യാത്മാവ് വിവരിച്ചിട്ടുണ്ട്. അതും ഇവിടെ പ്രതിപാദിക്കുന്നതായിരിക്കും. സ്വഹാബാക്കൾ കടന്നുപോയിട്ടുള്ള പ്രതിസന്ധികളെക്കുറിച്ച് ജമാഅത്തംഗങ്ങളും സമാനമായ പ്രയാസങ്ങളാണ് നേരിടുന്നതെന്ന കാര്യവും അദ്ദേഹം വിവരിക്കുകയുണ്ടായി. അക്കാര്യങ്ങൾ എല്ലായ്പ്പോഴും നമ്മുടെ മുമ്പിലുണ്ടാകേണ്ടതാണ്. അങ്ങനെ നമ്മളും ജമാഅത്ത് എന്ന നിലയിൽ അഭിവൃദ്ധിപ്പെടണം. ഒരിക്കലും നമുക്ക് നിലവാരത്തകർച്ച ഉണ്ടാകാൻ പാടില്ല. അദ്ദേഹം തന്റെ ദൈവനിയോഗത്തേയും സത്യസാക്ഷ്യത്തേയും കുറിച്ച് അല്ലാഹുവിനെ സാക്ഷിനിറുത്തി വിളംബരപ്പെടുത്തിയിട്ടുണ്ട്. അവ ദീർഘമായും നമ്മുടെ വിശ്വാസത്തിന് ദൃഢത പ്രദാനം ചെയ്യുന്നവയാണ്. നമ്മൾ അക്കാര്യങ്ങൾ അയവിറക്കിക്കൊണ്ടിരിക്കുകയും അവയെ എപ്പോഴും മുമ്പിൽ വെക്കുകയും ചെയ്താൽ നിശ്ചയമായും അവ നമ്മുടെ വിശ്വാസവർധനയ്ക്ക് നിമിത്തമാകുകയും നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങളിലേക്ക് ശ്രദ്ധപ്പതിപ്പിക്കുകയും ചെയ്യുന്നതായിരിക്കും. എന്തായിരുന്നാലും ഞാൻ പ്രസ്തുത ഉദ്ധരണികൾ അവതരിപ്പിക്കുകയാണ്. ഇവ അഹ്മദികൾക്കും പ്രയോജനപ്രദമാണ്. മറ്റുള്ളവരെ ജമാഅത്തിലേക്ക് ക്ഷണിക്കുന്നതിലും ഗുണകരമാണ്. ഇവ അദ്ദേഹം വാഗ്ദത്ത മസീഹാണെന്നത് പകൽ വെളിച്ചംപോലെ തെളിയിക്കുന്ന കാര്യങ്ങളുമാണ്.

ഞാൻ തുടക്കത്തിൽ പാരായണം ചെയ്ത ഖുർആനികവചനങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ വചനത്തിന്റെ ചുരുക്കം ഇപ്രകാരമാണ്. അല്ലാഹു തന്റെ പ്രവാചകനെ അയച്ച സമയത്ത് ജനങ്ങൾ അജ്ഞരും യുക്തിഹീനരുമായിരുന്നു. ആത്മാവിന്റെ സമ്പൂർണതയ്ക്കും മനുഷ്യാത്മാക്കൾക്ക് ജ്ഞാനകർമാദികളിൽ ഉൽക്കൃഷതനേടാനും അനിവാര്യമായിരുന്ന മതയുക്തിജ്ഞാനങ്ങൾ അപ്രത്യക്ഷവും ജനങ്ങൾ വഴികേടിലുമായിക്കഴിഞ്ഞിരുന്നു. അതായത് അവർ ദൈവത്തിൽനിന്നും നേരായ പാതയിൽനിന്നും അകന്നുപോയി. അത്തരം നേരത്ത് അല്ലാഹു നിരക്ഷരനായ ഒരു പ്രവാചകനെ അയച്ചു. ആ പ്രവാചകൻ ജനങ്ങളുടെ ആത്മശുദ്ധീകരണം നടത്തി. ഖുർആനിന്റെ ജ്ഞാനങ്ങളെക്കൊണ്ടും യുക്തിന്യായങ്ങളെക്കൊണ്ടും അവരെ നിറച്ചു. അടയാളങ്ങളാലും ദൃഷ്ടാന്തങ്ങളാലും അവരെ പരിപൂർണവിശ്വാസത്തിന്റെ പദവിയിലെത്തിച്ചു. ദൈവത്തെ തിരിച്ചറിഞ്ഞതിന്റെ പ്രകാശംകൊണ്ട് അവരുടെ ഹൃദയങ്ങളെ നിറച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: മറ്റൊരു ജനവിഭാഗവുമുണ്ടാകും. അവർ അവസാന കാലഘട്ടത്തിലായിരിക്കും വെളിപ്പെടുക. അവരും ആദ്യം അന്ധകാരത്തിലും മാർഗഭ്രംശത്തിലും ആയിരിക്കുമുണ്ടാകുക. ജ്ഞാനം യുക്തി വിശ്വാസം തുടങ്ങിയവയിൽനിന്ന് അവർ അകലത്തായിരിക്കും. പിന്നീട് അല്ലാഹു അവരേയും സ്വഹാബത്തിന്റെ വർണത്തിലാക്കിത്തീർക്കും. അതായത് സ്വാഹാബത്ത് കണ്ടതെല്ലാം അക്കൂട്ടർക്കും അല്ലാഹു കാണിച്ചുകൊടുക്കും. ഏതുവരെയെന്നാൽ, അവരുടെ സത്യതയും വിശ്വാസവും സ്വഹാബാക്കളുടേതിന് സമാനമായി ഭവിക്കുന്നതായിരിക്കും.

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നുകൊണ്ട് അദ്ദേഹത്തിന്റെ

സത്യതയിൽ നമുക്കുണ്ടാകേണ്ട ദൃഢവിശ്വാസം ഇപ്രകാരമുള്ളതായിരിക്കണം. നമ്മുടെ വിശ്വാസത്തിന്റെ അവസ്ഥ ഇതായിരിക്കേണ്ടതാണ്. സ്വഹാബാക്കൾക്കുണ്ടായതിനു തുല്യം നമുക്കും അല്ലാഹുവിലും അവന്റെ പ്രവാചകനിലും ഇസ്‌ലാമിന്റെ സത്യതയിലും ദൃഢഗാഢമായ വിശ്വാസമുണ്ടായിരിക്കണം. സ്വഹാബത്തിന്റെ ജീവിതാവസ്ഥകളെ കുറിച്ച് ഞാൻ ഖുത്ബകളിലും വിവരിക്കുന്നുണ്ട്. അവരുടെ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദീഥുകളുടെ വെളിച്ചത്തിൽ ഈ ആയത്തിനെ വ്യാഖ്യാനിച്ചുകൊണ്ട് പറഞ്ഞു: 'ഈ ആയത്ത് അവതരിച്ചപ്പോൾ നബി(സ)തിരുമേനി സൽമാനുൽഫാരിസിയുടെ ചുമലിൽ കൈവച്ചുകൊണ്ട് പറഞ്ഞു: **ലൗ കാനൽ ഈമാനു മുഅല്ലഖൻ ബി ഥുറയ്യാ ലനാലഹൂ റജുലുൻ മിൻ ഫാരിസ്** അതായത് ഈമാൻ അഥവാ സത്യവിശ്വാസം കാർത്തികനക്ഷത്രത്തോളം അതായത് ആകാശത്തോളം ഉയർന്നുപോയാലും പേർഷ്യൻ വംശജനായ ഒരാൾ അതിനെ തിരികെ കൊണ്ടുവരുന്നതായിരിക്കും. ഇതിൽനിന്ന് ചിലകാര്യങ്ങൾ മനസ്സിലാകുന്നുണ്ട്. അവസാന കാലത്ത് ഒരു പേർഷ്യൻ വംശജൻ ജനിക്കുന്നതായിരിക്കും. അക്കാലത്തെ കുറിച്ച് എഴുതപ്പെട്ടിരിക്കുന്നത് ഖുർആൻ ആകാശത്തേക്ക് ഉയർന്നുപോകുമെന്നാണ്. ഇക്കാലമാണ് മസീഹ് മൗഊദ് അഥവാ വാഗ്ദത്ത മസീഹിന്റെ കാലം. അതായത് അക്കാലത്ത് ഇസ്‌ലാമികാധ്യാപനം, ഖുർആനികാധ്യാപനം തികച്ചും മറന്നുപോകുന്നതായിരിക്കും. 'മസീഹ് മൗഊദ്' എന്നുപേരുള്ള ഈ പേർഷ്യൻ വംശജൻ അദ്ദേഹം തന്നെയാണ്. എന്തുകൊണ്ടെന്നാൽ മസീഹ് മൗഊദ് വരേണ്ടത് കുരിശുപരമായ ആക്രമണത്തെ ഉടയ്ക്കുന്നതിനുവേണ്ടിയാണ്. ആക്രമണം ഈമാന്റെമേൽത്തന്നെയായിരിക്കും. ഈ എല്ലാ അടയാളങ്ങളും കുരിശുപരമായ ആക്രമണത്തിന്റെ കാലഘട്ടത്തിനുവേണ്ടി വിവരിക്കപ്പെട്ടിട്ടുള്ളതാണ്. ഈ ആക്രമണം ജനങ്ങളുടെ വിശ്വാസത്തെ വലിയ ദോഷകരമായി ബാധിക്കുമെന്ന് എഴുതിയിരിക്കുന്നു.' അക്കാലഘട്ടത്തിൽ അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത്, അവിടത്തെ ജീവിതത്തിൽത്തന്നെ ശക്തമായ ആക്രമണങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. എന്നല്ല ഈ ആക്രമണം ഒരുപാടുകാലം അതേ രീതിയിൽ തുടർന്നുവന്നു. ചരിത്രം അതിന് സാക്ഷിയാണ്. അദ്ദേഹം പറയുന്നു, 'ഈ ആക്രമണത്തെയാണ് മറ്റുവാക്കിൽ ദജ്ജാലിന്റെ ആക്രമണം എന്നു പറയുന്നത്. ആഥാറിൽ അതായത് നബി(സ)തിരുമേനിയുടെ പുണ്യസ്വഹാബത്തിന്റെ വാക്യങ്ങളിൽ ഇപ്രകാരം വന്നിട്ടുണ്ട്. ദജ്ജാലിന്റെ ആക്രമണങ്ങൾ നടമാടുന്ന നേരത്ത് അജ്ഞരായ ഒരുപാടാളുകൾ ഏകനും പങ്കുകാരനില്ലാത്തവനുമായ ദൈവത്തെ ഉപേക്ഷിക്കുന്നതായിരിക്കും. അനേകംപേരുടെ വിശ്വാസപരമായ സ്നേഹം തണുത്തു പോകുന്നതായിരിക്കും. മസീഹ് മൗഊദിന്റെ വലിയ കനപ്പെട്ട ജോലി വിശ്വാസ നവീകരണമായിരിക്കും. കാരണം ആക്രമണം വിശ്വാസത്തിന്റെ മേലായിരിക്കും. ലൗ കാനൽ ഈമാനു എന്നുതുടങ്ങുന്ന ഹദീഥുപ്രകാരം ആ പേർഷ്യൻ വംശജൻ വരുന്നത് വിശ്വാസത്തെ പുനഃസ്ഥാപിക്കുന്നതിനായിരിക്കും. അതിനാൽ വാഗ്ദത്ത മസീഹിന്റേയും പേർഷ്യൻ വംശജന്റേയും കാലഘട്ടവും അതുപോലെ പ്രവർത്തനങ്ങളും ഒന്നുതന്നെയായിരിക്കും; അതായത് വിശ്വാസത്തെ പുനഃസ്ഥാപിക്കുക. അതുകൊണ്ട് സ്പഷ്ടമായിരിക്കുന്ന സംഗതി വാഗ്ദത്ത മസീഹ് തന്നെയായിരിക്കും പേർഷ്യൻ വംശജൻ എന്നതാണ്. അതുപോലെ അദ്ദേഹത്തിന്റെ ജമാഅത്തിനെ കുറിച്ച് തന്നെയാണ് **വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം** എന്ന ആയത്ത് വന്നിട്ടുള്ളത്. ഈ ആയത്തുകൊണ്ടുള്ള വിവക്ഷിതം വഴികേട് അതിന്റെ മൂർധന്യാവസ്ഥയിലെത്തിയതിനുശേഷം സന്മാർഗവും യുക്തിജ്ഞാനവും പ്രാപിക്കുന്നതും നബി(സ)തിരുമേനിയുടെ ദൃഷ്ടാന്തങ്ങളേയും അനുഗ്രഹങ്ങളേയും ദർശിക്കുന്നതും രണ്ടുവിഭാഗക്കാരായിരിക്കുമെന്നാണ്. ആദ്യത്തേത് നബി(സ)തിരുമേനിയുടെ തിരുസഖാക്കൾത്തന്നെ. അവർ നബി(സ)തിരുമേനിയുടെ ആഗമനത്തിനുമുമ്പേ കൊടും അന്ധകാരത്തിൽപെട്ടവരായിരുന്നു. അതിനുശേഷം അവർ ദൈവാനുഗ്രഹത്താൽ പ്രവാചകന്റെ കാലം പ്രാപിക്കുകയും സ്വന്തം കണ്ണുകളാൽ ദൃഷ്ടാന്തങ്ങൾ ദർശിക്കുകയും പ്രവചനങ്ങൾ പുലർന്നതായി കാണുകയും ചെയ്തു. ദൃഢവിശ്വാസം കരസ്ഥമാക്കിയശേഷം അവരിൽ ആത്മാവുമാത്രം അവശേഷിക്കുന്നവിധത്തിലുള്ള സമൂലപരിവർത്തനമുണ്ടായി. പ്രസ്തുത ആയത്തിന്റെ അടിസ്ഥാനത്തിൽ തിരുസ്വഹാബാക്കൾക്ക് സമാനരായ വിഭാഗം ഹദ്റത്ത് മസീഹ് മൗഊദിന്റെ ജമാഅത്താണ്. എന്തെന്നാൽ ഇക്കൂട്ടരും സ്വഹാബാക്കളെപ്പോലെ നബി(സ)തിരുമേനിയുടെ ദൃഷ്ടാന്തങ്ങൾ കണ്ടവരാണ്. അന്ധകാരത്തിനും വഴികേടിനുംശേഷം സന്മാർഗം പ്രാപിച്ചവരാണ്. **വ ആഖരീം മിൻഹും** എന്ന ആയത്തിൽ ഇക്കൂട്ടരെ 'മിൻഹും' അഥവാ അവരിൽപെട്ട എന്ന വിശേഷണത്തിലൂടെ സ്വഹാബത്തിന് സദൃശരാകുക എന്ന സൗഭാഗ്യം പ്രദാനം ചെയ്തിരിക്കുന്നു. ഇത് മേൽപ്പറഞ്ഞ കാര്യത്തിലേക്കുള്ള സൂചനയാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അങ്ങനെ ഇക്കാലത്ത് അപ്രകാരംതന്നെ സംഭവിച്ചു. 13 നൂറ്റാണ്ടുകൾക്കുശേഷം നബി(സ)തിരുമേനിയുടെ ദൃഷ്ടാന്തങ്ങളുടെ കവാടം തുറക്കപ്പെട്ടു. ദാറുഖുത്നിയിലും ഫതാവാ ഇബ്നു ഹജറിലും വന്നിട്ടുള്ള ഹദീഥ് അനുസരിച്ച് സൂര്യചന്ദ്രഗ്രഹണങ്ങൾ റമളാനിൽ വെളിപ്പെട്ടത് ജനങ്ങൾ അവരുടെ കണ്ണുകൾകൊണ്ടു കണ്ടു. അതായത് ചന്ദ്ര ഗ്രഹണവും സൂര്യഗ്രഹണവും ഒരേ റമളാനിലുണ്ടായി. ഹദീഥിൽ പ്രതിപാദിക്കപ്പെട്ടതുപോലെ ചന്ദ്രഗ്രഹണം അതിനു നിശ്ചയിക്കപ്പെട്ട രാത്രികളിൽ ആദ്യത്തെ രാത്രിയിലും സൂര്യഗ്രഹണം അതിന് നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ മധ്യ ദിവസത്തിലും സംഭവിച്ചു. മഹ്ദിയാണെന്ന് വാദിക്കുന്ന ഒരാൾ നിലവിലുള്ള നേരത്താണ് അത് സംഭവിച്ചത്. ഈ അവസ്ഥ ഭൂമിയും ആകാശവും ഉണ്ടായ കാലംമുതൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്തതാണ്. കാരണം ഇന്നേവരെ അങ്ങനെയുണ്ടായിട്ടുണ്ടെന്ന് അതിന്റെ ചരിത്രത്തിന്റെ ഏടുകളിൽനിന്ന് ഒരാൾക്കും സ്ഥാപിച്ചു കാണിക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങൾ സ്വന്തം കണ്ണുകൾകൊണ്ട് ദർശിച്ച നബി(സ)തിരുമേനിയുടെ ഒരു ദിവ്യദൃഷ്ടാന്തമായിരുന്നു ഇത്. പിന്നെ മഹ്ദിയുടേയും വാഗ്ദത്ത മസീഹിന്റേയും കാലത്ത് വാൽനക്ഷത്രം ഉദിക്കുമെന്ന് പറയപ്പെട്ടിരിക്കുന്നതും പുലർന്നത് ആയിരക്കണക്കിന് മുനഷ്യർ കണ്ടു. അപ്രകാരം തന്നെ ജാവായിലെ അഗ്നിയും ലക്ഷക്കണക്കിന് ജനങ്ങൾ കണ്ടു. ഇപ്രകാരംതന്നെ പ്ലേഗ് പടർന്ന് പിടിച്ചതും ഹജ്ജ് തടയപ്പെട്ടതും സ്വന്തം കണ്ണുകൾകൊണ്ട് ജനങ്ങൾ കണ്ടതാണ്. രാജ്യത്ത് 'റയിൽ' സംവിധാനം തയ്യാറായതും ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെട്ടതുമെല്ലാം നബി(സ)തിമേനിയുടെ ദിവ്യാത്ഭുതങ്ങളായിരുന്നു. അതെല്ലാം സ്വഹാബത്ത്(റ) ദിവ്യാത്ഭുതങ്ങൾ കണ്ടിരുന്നതുപോലെ ഇക്കാലത്ത് കാണപ്പെട്ടു. ഇക്കാരണത്താൽ പ്രതാപവാനായ അല്ലാഹു ഈ അവസാനം വന്ന സംഘത്തെ 'മിൻഹും' എന്ന പദംകൊണ്ട് വിളിച്ചു; മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതങ്ങൾ കാണുന്നതിൽ ഇവരും സ്വഹാബത്തിന്റെ വർണത്തിലായിതീർന്നിരിക്കുന്നുവെന്ന് സൂചിപ്പിക്കുന്നതിനുവേണ്ടി! ചിന്തിച്ചു നോക്കുക. 13 നൂറ്റാണ്ടിൽ മിൻഹാജുന്നുബുവ്വത്തിന്റെ(പ്രവാചകത്വത്തിന്റെ ശ്രേണിയിലുള്ള)ഇത്തരം കാലം മറ്റാരാണ് പ്രാപിച്ചിട്ടുള്ളത്. നമ്മുടെ ജമാഅത്ത് സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഇക്കാലഘട്ടത്തിൽ, പല കാരണങ്ങളാൽ ഈ ജമാഅത്തിന് സ്വഹാബത്തുമായി(റ) സാദൃശ്യമുണ്ട്. സ്വഹാബത്ത് കണ്ടിരുന്നതുപോലെ ഇവരും ദിവ്യദൃഷ്ടാന്തങ്ങളും അടയാളങ്ങളും കാണുന്നു. സ്വഹാബത്ത് പ്രാപിച്ചിരുന്നതുപോലെ ഇവർ അല്ലാഹുവിന്റെ അടയാളങ്ങളും ചൂടോടെയുള്ള സഹായങ്ങളുംകൊണ്ട് പ്രകാശവും ദൃഢജ്ഞാനവും പ്രാപിക്കുന്നു. സ്വഹാബത്ത് സഹിച്ചതുപോലെ ഇവർ ദൈവവഴിയിൽ ജനങ്ങളിൽനിന്നുള്ള പരിഹാസം, നിന്ദ, ചീത്തവാക്ക്, ശകാരം പലതരത്തിലുള്ള ദുഷ്ടത, ചീത്തപറയൽ, നിർദ്ദയത്വം തുടങ്ങിയവയുടെ ദുഃഖം സഹിച്ചുകൊണ്ടിരിക്കുന്നു. ഇവർ സ്വഹാബത്ത് കരസ്ഥമാക്കിക്കൊണ്ടിരുന്നതുപോലെ അല്ലാഹുവിന്റെ സ്പഷ്ടമായ അടയാളങ്ങളും ദൈവികമായ സഹായങ്ങളും യുക്തിജ്ഞാനത്തിന്റെ അധ്യാപനവുംകൊണ്ട് പരിശുദ്ധ ജീവിതം കരസ്ഥമാക്കിക്കൊണ്ടുപോകുന്നു. ഇത് വലിയ പ്രധാനപ്പെട്ട കാര്യമാണ്. യുക്തിജ്ഞാനപരമായ അധ്യാപനംകൊണ്ട് പരിശുദ്ധ ജീവിതം കരസ്ഥമാക്കണമെന്ന കാര്യം നമ്മൾ എപ്പോഴും ഓർമവെക്കേണ്ടതാണ്. വിശുദ്ധ ഖുർആനിൽ ചിന്തിക്കേണ്ടതാണ്. ഇത് വളരെ അത്യാവശ്യമായ കാര്യമാണ്.

പറഞ്ഞു:'നമസ്കാരത്തിൽ വിലപിക്കുകയും സുജൂദ് ചെയ്യുന്ന സ്ഥലം കണ്ണീർകൊണ്ടു കുതിർക്കുകയും ചെയ്യുന്ന കാര്യത്തിൽ സ്വഹാബാക്കളെപ്പോലുള്ള ഒരുപാടാളുകൾ ഈ ജമാഅത്തിലുണ്ട്. സ്വഹാബാക്കളെപ്പോലെ സത്യസ്വപ്ന ദർശനങ്ങളുണ്ടാകുകയും ദൈവബോധനങ്ങളാൽ അനുഗൃഹീതരാകുകയും ചെയ്യുന്ന ധാരാളമാളുകളും ഇവരിലുണ്ട്. തങ്ങൾ അധ്വാനിച്ചുണ്ടാക്കിയ സമ്പത്തുകൾ ദൈവപ്രീതിമാത്രം ആഗ്രഹിച്ച് നമ്മുടെ ജമാഅത്തിനുവേണ്ടി ചെലവഴിക്കുന്നതിൽ സ്വഹാബത്തിന്റെ മാതൃകയുള്ളവരേയും ഇവരിൽ കാണാം. ഇക്കൂട്ടരിൽ പലരും മരണത്തെ ഓർമ്മ വെക്കുന്നവരാണ്. ഇക്കാര്യവും വളരെ പ്രധാനപ്പെട്ടതാണ്. മരണത്തെ സ്മരിക്കേണ്ടതുണ്ട്. ഇവർ ഹൃദയനൈർമല്യമുള്ളവരും സത്യപൂർണമായ ഭക്തിമാർഗത്തിൽ പദമൂന്നുന്നവരുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണ് ഇപ്പറഞ്ഞിരിക്കുന്നത്. ഇവ നമ്മൾ എപ്പോഴും മുമ്പിൽ വെക്കേണ്ടതാണ്. സ്വഹാബത്തിന്റെ ചരിത്രവും മുന്നിലുണ്ടായിരിക്കണം. ദൈവം നേരിട്ട് പരിപാലിക്കുന്ന ദൈവത്തിന്റെ ജനതയാണവർ. നിത്യവും ഇവരുടെ ഹൃദയങ്ങളെ അവൻ ശുദ്ധീകരിക്കുന്നു. ഇവരുടെ നെഞ്ചകങ്ങളിൽ വിശ്വാസത്തിന്റെ യുക്തിജ്ഞാനങ്ങൾ നിറയ്ക്കുന്നു. ഇക്കാര്യങ്ങളെല്ലാം നമ്മുടെ ഉള്ളിലുണ്ടാകുന്നുണ്ടോ എന്ന് നമ്മളും പരിശോധിക്കേണ്ടതാണ്. സ്വഹാബത്തിനെ വലിച്ചടുപ്പിച്ചതുപോലെ ദിവ്യദൃഷ്ടാന്തങ്ങൾ ഇവരെ ദൃഢവിശ്വാസത്തിലേക്ക് വലിച്ചടുപ്പിക്കുന്നു. ചുരുക്കത്തിൽ ഈ ജമാഅത്തിൽ **ആഖരീന മിൻഹും** എന്ന പദത്തിൽ വിവക്ഷിതമാക്കപ്പെട്ട എല്ലാ അടയാളങ്ങളും കാണാവുന്നതാണ്. അല്ലാഹു പറഞ്ഞ കാര്യം ഒരുനാൾ പൂർത്തിയാകേണ്ടതുതന്നെയാണ്!!!(അയ്യാമുസ്സ്വുൽഹ്, റൂഹാനീഖസാഇൻ വാള്യം14, പേജ് 304–307)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടർന്നു പറയുന്നു: വ്യത്യസ്ത കക്ഷികളെ ഒരുമിച്ച് ഒരൊറ്റ സമുദായമാക്കാനും മതപരമായ കലഹങ്ങൾക്ക് അറുതിവരുത്തി ഒരൊറ്റ മതത്തിൽ എല്ലാവരേയും ഒരുമിപ്പിക്കാനും ദൈവം നിശ്ചയിച്ച കാലഘട്ടമാണിത്. മതങ്ങൾ തിരമാലപോലെ പരസ്പരം കടന്നുകയറ്റം നടത്തുന്ന ഇക്കാലഘട്ടത്തെ കുറിച്ച് പരിശുദ്ധ ഖുർആനിൽ അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു:**വ നുഫിഖ ഫിസ്സ്വൂരി ഫജമഅ്നാഹും ജംഅ** കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ട് നാം അവരെയെല്ലാവരേയും ഒരുമിച്ചു കൂട്ടുകയും ചെയ്യും(18:100). ഈ ആയത്തിനെ മുൻആയത്തുകളുമായി ചേർത്താൽ ഇപ്രകാരം അർഥം ലഭിക്കും. പ്രസ്തുത കാലത്ത് ലോകത്ത് മതങ്ങളുടെ കോലാഹലങ്ങളായിരിക്കും നടമാടുക. ഒരു മതം മറ്റൊന്നിന്റെമേൽ തിലമാലകൾപോലെ ചാടിവീഴുന്നതാണ്. ഒന്നു മറ്റൊന്നിനെ നശിപ്പിക്കാനാഗ്രഹിക്കുന്നതാണ്. ഈ തിരമാലകൾ കൂട്ടിയിടിക്കുന്ന കാലഘട്ടത്തിൽ ആകാശഭൂമികളുടെ ദൈവം തന്റെ കരങ്ങളാൽ ഭൗതികോപാധികൾകൂടാതെ ഒരു പ്രസ്ഥാനത്തെ സൃഷ്ടിക്കും. കഴിവുകളും യോഗ്യതകളുമുള്ള എല്ലാ ആളുകളേയും അവൻ അതിൽ ഒരുമിച്ചു കൂട്ടുന്നതാണ്. അപ്പോഴാണ് മതമെന്താണെന്ന് അവർ ഗ്രഹിക്കുക. അവരിൽ ജീവന്റേയും യഥാർഥ ഭക്തിയുടേയും ആത്മാവ് ഊതപ്പെടുന്നതായിരിക്കും. ഈശ്വരീയ ജ്ഞാനത്തിന്റെ സത്ത് അവർ

കുടിപ്പിക്കപ്പെടുന്നതായിരിക്കും. ഇന്നേക്ക് 13 നൂറ്റാണ്ടുകൾക്കുമുമ്പേ വിശുദ്ധ ഖുർആൻ ലോകത്ത് പ്രസിദ്ധീകരിച്ച ഈ പ്രവചനം പൂർത്തിയാകാതെ ലോകവ്യവസ്ഥിതി കണ്ണിയറ്റുപോകില്ലെന്നത് സുനിശ്ചിതമാണ്. എല്ലാ സമുദായങ്ങളും ഒരൊറ്റ മതത്തിൽ ഒരുമിച്ചുകൂട്ടപ്പെടുന്ന അവസാന കാലഘട്ടത്തെ കുറിച്ച് അല്ലാഹു ഒരു അടയാളം മാത്രമല്ല വിവരിച്ചിട്ടുള്ളത്. പ്രത്യുത പരിശുദ്ധ ഖുർആനിൽ വേറെയും നിരവധി അടയാളങ്ങൾ എഴുതിയിരിക്കുന്നു. അവയിൽപ്പെട്ടതാണ് നദികളിൽനിന്ന് ധാരാളം കനാലുകൾ നിർമിക്കപ്പെടുന്നതും ഭൂമിയിൽ മറഞ്ഞിരിക്കുന്ന ഒരുപാട് ഖനികൾ പുറത്തുവരുന്നതും ഒരുപാട് ഭൗമികജ്ഞാനങ്ങൾ വെളിപ്പെടുന്നതുമെല്ലാം. അതുപോലെ ഗ്രന്ഥങ്ങൾ ധാരാളമായി പ്രസിദ്ധീകരിക്കപ്പെടുന്നതിനുള്ള സംവിധാനങ്ങൾ ഉടലെടുക്കുന്നതാണ്. അക്കാലത്ത് ഒട്ടകങ്ങൾ ഉപയോഗശൂന്യമായിത്തീരുംവിധം യാത്രാസംവിധാനങ്ങൾ ഉണ്ടാകുന്നതായിരിക്കും. അങ്ങനെ പരസ്പരം കാണുവാനുള്ള മാർഗങ്ങൾ സുഗമമാകുന്നതാണ്. ലോക രാജ്യങ്ങൾക്കു തമ്മിൽ പരസ്പരം ബന്ധപ്പെടാനുള്ള മാർഗങ്ങളും എളുപ്പമാകുന്നതാണ്. പരസ്പരം വാർത്തകൾ കൈമാറാനും പെട്ടെന്ന് സാധിക്കുന്നതാണ്. (ഇക്കാലത്താണെങ്കിൽ മറ്റു ഒരുപാട് സൗകര്യങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്). അതുപോലെ അക്കാലത്ത് ഒരേ മാസത്തിൽ സൂര്യനും ചന്ദ്രനും ഗ്രഹണങ്ങളും സംഭവിക്കുന്നതായിരിക്കും. അതിനുശേഷം ഭൂമയിൽ കഠിനമായ പ്ലേഗിന്റെ അതിവ്യാപനവും ഉണ്ടാകുന്നതായിരിക്കും. എത്രത്തോളമെന്നാൽ, പ്ലേഗിനാൽ മലീമസമാകാത്ത ഒരു ഗ്രാമവും നഗരവും ബാക്കിയുണ്ടാകുകയില്ല. ലോകത്ത് മരണങ്ങൾ വർധിക്കും. ലോകം ജനശൂന്യമാകുന്നതാണ്. ചിലനാടുകൾ തികച്ചും നശിക്കുന്നതായിരിക്കും. അവയുടെ പേരും അടയാളവുംപോലും അവശേഷിക്കുകയില്ല. ചില പ്രദേശങ്ങൾ ശിക്ഷയിൽ അകപ്പെട്ടശേഷം ഒരളവുവരെ രക്ഷിക്കപ്പെടുന്നതാണ്. അത് ദൈവത്തിന്റെ ഉഗ്രകോപത്തിന്റെ നാളുകളായിരിക്കും. അല്ലാഹു തന്റെ ദൂതനുവേണ്ടി ഇക്കാലത്ത് വെളിപ്പെടുത്തിയ ദൃഷ്ടാന്തങ്ങളെ ജനങ്ങൾ സ്വീകരിക്കാത്തതാണ് അതിനു കാരണം. സൃഷ്ടികളെ സമുദ്ധരിക്കാനായി വന്ന അല്ലാഹുവിന്റെ പ്രവാചകനെ അവർ തള്ളിക്കളഞ്ഞു. അദ്ദേഹത്തെ വ്യാജനായി മുദ്രകുത്തി. ഈ അടയാളങ്ങളെല്ലാം നാമുള്ള ഇക്കാലഘട്ടത്തിൽ പൂർത്തിയായി. വിശുദ്ധ ഖുർആനിൽ എഴുതിയിട്ടുള്ള സകല അടയാളങ്ങളും എന്റെ വെളിപ്പെടലിനുവേണ്ടി പ്രകടമായിക്കഴിഞ്ഞിരിക്കുന്ന നേരത്ത് അല്ലാഹു എന്നെ നിയോഗിച്ചുവെന്നത് ബുദ്ധിമാന്മാർക്ക് സ്പഷ്ടവും തെളിമയാർന്നതുമായ മാർഗമാണ്.'(ലക്ചർ ലാഹോർ, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 182–184)

ഈ എല്ലാ കാര്യങ്ങളും ആ മഹാത്മാവിന്റെ കാലഘട്ടത്തിൽ പുലർന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്. അവയിൽ ചിലത് ഇപ്പോൾ പുലർന്നുകൊണ്ടിരിക്കുകയുമാണ്.

പിന്നീട് ആ ദിവ്യാത്മാവ് പറയുന്നു:'അല്ലാഹു കാലഘട്ടത്തിന്റെ നിലവിലുള്ള അവസ്ഥ ദർശിക്കുകയും ഭൂമി പലതരത്തിലുള്ള ദുഷ്കർമങ്ങൾകൊണ്ടും പാപങ്ങൾകൊണ്ടും ദുർമാർഗങ്ങൾകൊണ്ടും നിറഞ്ഞിരിക്കുന്നത് കാണുകയും ചെയ്തപ്പോൾ എന്നെ പ്രബോധനദൗത്യം നിർവഹിക്കുന്നതിനും ജനങ്ങളെ സമുദ്ധരിക്കുന്നതിനും വേണ്ടി നിയോഗിച്ചു. ലോക ജനത ഹിജ്റ 13–ാം നൂറ്റാണ്ട് അവസാനിപ്പിച്ച് 14–ാം നൂറ്റാണ്ടിന്റെ തലയ്ക്കലെത്തിയ കാലമായിരുന്നു അത്. അപ്പോൾ ഞാൻ ദൈവകല്പന പാലിക്കുന്നതിന് എഴുത്തുകളിലൂടേയും പ്രഭാഷണങ്ങളിലൂടേയും ഇപ്രകാരം വിളംബരം ചെയ്യാൻ തുടങ്ങി. ദൈവത്തിൽനിന്ന് മതസമുദ്ധാരണത്തിനായി ഈ നൂറ്റാണ്ടിന്റെ തലയ്ക്കൽ വരാനിരുന്ന വ്യക്തി ഞാൻ തന്നെയാകുന്നു. ഭൂമിയിൽനിന്ന് ഉയർന്നുപോയ സത്യവിശ്വാസത്തെ പുനഃസ്ഥാപിക്കാനും ദൈവത്തിൽനിന്ന് ശാക്തീകരിക്കപ്പെട്ട അവന്റെ കരങ്ങളുടെ പരിശ്രമത്താൽ ലോകത്തിന്റെ സമുദ്ധാരണത്തിലേക്കും ഭക്തിമാർഗത്തിലേക്കും സത്യസന്ധതയിലേക്കും ആനയിക്കാനും ജനങ്ങളുടെ വിശ്വാസപരവും കർമപരവുമായ തെറ്റുകൾ ദൂരികരിക്കാനുമായി നിയോഗിക്കപ്പെട്ടയാളാണ് ഞാൻ. അതിനു ഏതാനും വർഷങ്ങൾക്കുശേഷം ദൈവവെളിപാടിലൂടെ എന്നിൽ ചിലകാര്യങ്ങൾ വിശദമായി വെളിപ്പെട്ടു. അതായത് തുടക്കംമുതൽക്കെ വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് ഞാൻ തന്നെയാണ്. അതുപോലെ ഇസ്‌ലാമിന്റെ അധഃപതനകാലത്തും വഴികേടിന്റെ വ്യാപനസമയത്തും ദൈവത്തിൽനിന്ന് നേരിട്ട് സന്മാർഗം പ്രാപിക്കുകയും ആകാശത്തുനിന്നുള്ള ഭക്ഷണത്തളിക മനുഷ്യർക്കു മുമ്പാകെ വീണ്ടും ആദ്യം മുതൽക്കെ അവതരിപ്പിക്കുകയും ചെയ്യുന്ന അവസാന കാലത്തെ മഹ്ദി ഞാൻതന്നെയാണ്. ഇത് ദൈവവിധിയിൽ നിശ്ചയിക്കപ്പെട്ടതാകുന്നു. ഇതേ കുറിച്ച് ഇന്നേക്ക് 13 നൂറ്റാണ്ടുമുമ്പേ നബി(സ)തിരുമേനി സുവാർത്ത നല്കിയിരുന്നതാണ്. ആ വ്യക്തി ഞാൻ തന്നെയാകുന്നു. ദൈവഭാഷണത്താലും കാരുണ്യവാനായ ദൈവത്തിന്റെ സംബോധനകളാലും ഇക്കാര്യം വളരെ സ്പഷ്ടമായും ആവർത്തിച്ചാവർത്തിച്ചും അറിയിക്കപ്പെട്ടു. സംശയങ്ങൾക്ക് ഇനി ഇടമൊന്നുമില്ല. ഓരോ വെളിപാടുകളും ഹൃദയത്തിൽ ഉരുക്കാണിപോലെ തുളഞ്ഞുകയറിയിരുന്നു. ഈ ദൈവിക ഭാഷണങ്ങൾ മഹത്തായ പ്രവചനങ്ങൾകൊണ്ട് നിറഞ്ഞതായിരുന്നു. പകൽവെളിച്ചംപോലെ അവ പുലർന്നുകൊണ്ടിരുന്നു. അവയുടെ ആവർത്തനത്തിന്റേയും ആധിക്യത്തിന്റേയും അജയശക്തിയുടേയും മായാജാലം എന്നെ ഇക്കാര്യം പറയാൻ നിർബന്ധിതനാക്കി. അതായത് പരിശുദ്ധ ഖുർആൻ ആരുടെ വചനങ്ങളാണോ ആ ഏകനും പങ്കുകാരനില്ലാത്തവനുമായ ദൈവത്തിന്റെതന്നെ വചസ്സുകളാണിവ. ഞാനിവിടെ തൗറാത്തിന്റേയും ഇഞ്ചീലിന്റേയും പേരെടുക്കുന്നില്ല. കാരണം തൗറാത്തും ഇഞ്ചിലും മാറ്റിമറിക്കുന്നവരുടെ കൈയാൽ ദൈവഗ്രന്ഥം എന്ന് പറയാൻ പറ്റാത്തവിധം മാറ്റിമറിക്കപ്പെട്ടിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ എനിക്ക് ഇറങ്ങിയിട്ടുള്ള ദൈവവെളിപാടുകൾ എത്രത്തോളം ദൃഢഗാഢവും അഖണ്ഡിതവുമാണെന്നാൽ അവ മുഖേന ഞാനെന്റെ ദൈവത്തെ പ്രാപിച്ചിരിക്കുന്നു. ആ വെളിപാടുകൾ ദിവ്യദൃഷ്ടാന്തങ്ങൾ മുഖേന അനുഭവജ്ഞാനത്തിന്റെ പദവിയിലെത്തി എന്നുമാത്രമല്ല അവയുടെ ഓരോരോ ഭാഗങ്ങളും ദൈവവചനമായ പരിശുദ്ധ ഖുർആൻകൊണ്ട് വിലയിരുത്തിയപ്പോൾ അവ അതിനു അനുഗുണമാണെന്ന് തെളിയുകയും അത് സാക്ഷ്യപ്പെടുത്താനായി മഴപോലെ ആകാശത്തുനിന്നുള്ള ദൃഷ്ടാന്തങ്ങളുടെ വർഷമുണ്ടാകുകയും ചെയ്തു. അന്നാളുകളിൽത്തന്നെ റമളാൻ മാസത്തിൽ സൂര്യചന്ദ്രഗ്രണങ്ങളുമുണ്ടായി. അതേ കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു: നമ്മുടെ മഹ്ദിയുടെ കാലത്ത് റമളാനിൽ സൂര്യനും ചന്ദ്രനും ഗ്രഹണങ്ങളുണ്ടാകുന്നതാണ്. അന്നാളുകളിൽത്തന്നെ പഞ്ചാബിൽ അതിശക്തമായ പ്ലേഗും പടർന്നുപിടിച്ചിരുന്നു. പരിശുദ്ധ ഖുർആനിലും ഇതു സംബന്ധിച്ച് വൃത്താന്തങ്ങളുണ്ട്. മുൻപ്രവാചകന്മാരും ഇക്കാര്യം ദീർഘവീക്ഷണം ചെയ്തിരുന്നു. അതായത് അന്നാളുകളിൽ ഒരുപാട് മരണങ്ങൾ സംഭവിക്കുന്നതും ഇപ്രകാരംതന്നെ നടക്കുന്നതുമാണെന്ന്! ഒരു ഗ്രാമവും നഗരവും ഈ മരണങ്ങളിൽനിന്ന് മുക്തമായിരിക്കുകയില്ല. അതുപോലെതന്നെ സംഭവിച്ചു. എന്നല്ല അത് തുടരുന്നുമുണ്ട്. ഈ രാജ്യത്ത് പ്ലേഗിന്റെ സൂചന പോലുമില്ലാതിരുന്ന നേരത്ത് പ്ലേഗം പൊട്ടിപ്പുറപ്പെടുന്നതിന് ഏതാണ്ട് 22 വർഷം മുമ്പേ അതിനെക്കുറിച്ച് ദൈവം എന്നെ അറിയിച്ചിരുന്നു.'(തദ്ക്കിറത്തുശ്ശഹാദത്തയ്ൻ, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 3–4) തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ വാദത്തെകുറിച്ച് പറയുന്നു:

കൃത്യസമയത്തുതന്നെ വെളിപ്പെട്ട വ്യക്തിയാണ് ഞാൻ. എനിക്കുവേണ്ടി പരിശുദ്ധ ഖുർആൻ, തിരുഹദീഥുകൾ, സുവിശേഷങ്ങൾ, ഇതരപ്രവാചകന്മാരുടെ വൃത്താന്തങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ റമളാൻ മാസത്തിൽ സൂര്യനും ചന്ദ്രനും ഗ്രഹണങ്ങളുണ്ടായി. എന്റെ കാലഘട്ടത്തിൽ എല്ലാ പ്രവാചകന്മാരുടേയും പരിശുദ്ധ ഖുർആനിന്റേയും അറിയിപ്പിനനുസൃതമായി ഈ രാജ്യത്ത് അനിതരസാധാരണമാം വിധം പ്ലേഗം വ്യാപിച്ചു. സ്വഹീഹായ ഹദീഥുകളിലുള്ളതുപോലെ എന്റെ കാലത്ത് ഹജ്ജ് മുടങ്ങുകയുണ്ടായി. ഈസബ്നു മർയമിന്റെ കാലത്ത് ഉദിച്ച വാൽനക്ഷത്രം എന്റെ കാലത്തും ഉദിച്ചു. എന്റെ കാലത്ത് ഈ രാജ്യത്ത് റയിൽ തുടങ്ങുകയും ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. മക്കയുടേയും മദീനയുടേയുമിടയിൽ റയിൽ ആരംഭിക്കുകയും എല്ലാ ഒട്ടകങ്ങളും ഉപേക്ഷിക്ക പ്പെടുകയും ചെയ്യുന്ന കാലം പെട്ടെന്നുതന്നെ ഉണ്ടാകുന്നതാണ്. അത് വളരെ സമീപസ്ഥമാണ്. മുമ്പേ റോഡുകൾ മുഖേനയായിരുന്നു ഗതാഗതം നടന്നിരുന്നത്. എന്നാൽ, ഇപ്പോൾ അവിടേയും റയിൽഗതാഗതം തുടങ്ങുകയുണ്ടായി. പതിമൂന്നു നൂറ്റാണ്ടായി ഈ പുണ്യയാത്ര ഒട്ടകങ്ങളിലായിരുന്നുവെങ്കിൽ ആ ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. ആ സമയത്ത് ആ ഒട്ടകങ്ങളെ കുറിച്ച് സ്വഹീഹ് മുസ്‌ലിമിൽ വന്നിട്ടുള്ള **ല യുതറക്കന്നൽ ഖിലാസ്വു ഫലാ യുസ്ആ അലയ്ഹാ** ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടും; അവയിന്മേൽ സവാരി ചെയ്യുകയില്ല എന്ന ഹദീഥ് സാർഥകമാകും. എന്റെ കരങ്ങളാൽ നൂറുക്കണക്കിന് അടയാളങ്ങൾ വെളിപ്പെട്ടു. ദൃഷ്ടാന്തങ്ങളിൽ എന്നോടു മത്സരിച്ച് എന്നെ തോല്പിക്കാൻ കഴിയുന്ന ഏതെങ്കിലുമൊരു മനുഷ്യൻ ഇന്ന് ഭൂമയിൽ ജീവിച്ചിരിപ്പുണ്ടോ? ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവിനെ തൊട്ടു സത്യം! ഇതുവരെ രണ്ടുലക്ഷത്തിലുമധികം ദൃഷ്ടാന്തങ്ങൾ എന്റെ കൈകളാൽ വെളിപ്പെട്ടിരിക്കുന്നു. ഏതാണ്ട് പതിനായിരമോ അതിലധികമോ ആളുകൾ സ്വപ്നത്തിൽ നബി(സ)തിരുമേനിയെ ദർശിച്ചിരിക്കുന്നു. നബി(സ)തിരുമേനി എന്നെ സാക്ഷ്യപ്പെടുത്തുകയുണ്ടായി. ഈ രാജ്യത്തെ മൂന്നും നാലും ലക്ഷം ശിഷ്യന്മാരുള്ള പ്രസിദ്ധരായ കശ്ഫുകാർക്ക്(ജാഗ്രദർശനത്തിന് ഉടമായായവർക്ക്) ഈ വ്യക്തി ദൈവപ്രേഷിതനാണെന്ന് സ്വപ്നത്തിൽ കാണിക്കപ്പെട്ടു. എന്റെ ആവിർഭാവത്തിന് 30 വർഷം മുമ്പേ ഈ ലോകം വെടിഞ്ഞവരും എന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് ലുധിയാന ജില്ലയിലെ ഗുലാബ് ശാഹ് എന്ന പേരുള്ള വ്യക്തി ജമൽപൂരിലെ മർഹൂം കരീം ബഖ്ശിനെ ഈസാ ഖാദിയാനിൽ ജനിച്ചിരിക്കുന്നുവെന്നും ലുധിയാനയിൽ വരുന്നതാണെന്നും അറിയിക്കുകയുണ്ടായി. മിയാൻ കരീം ബഖ്ശ് ഒരു സുകൃതവാനും ഏകദൈവാരാധകനുമായ വൃദ്ധനായിരുന്നു. അദ്ദേഹം എന്നെ ലുധിയാനയിൽവെച്ചു കാണുകയും ഈ പ്രവചനത്തെ കുറിച്ച് എന്നോടു വിശദമായി സംസാരിക്കുകയും ചെയ്തു. അക്കാരണത്താൽ മൗലവിമാർ അദ്ദേഹത്തെ ഒരു പാട് കഷ്ടപ്പെടുത്തിയെങ്കിലും അദ്ദേഹം അത് വകവെച്ചില്ല. അദ്ദേഹം എന്നോടു പറഞ്ഞു: ഗുലാബ് ശാഹ് എന്നോടു പറയുമായിരുന്നു, ഈസബ്നുമർയം ജീവച്ചിരിപ്പില്ല, മരിച്ചുപോയി. അദ്ദേഹം ഈ ലോകത്ത് തിരിച്ചു വരികയില്ല. ഈ സമുദായത്തിന് മിർസാഗുലാം അഹ്മദാണ് ഈസാ. അദ്ദേഹത്തെ ദൈവത്തിന്റെ ശക്തി പ്രഭാവവും യുക്തിയും ആദ്യം ഈസായുടെ സദൃശനാക്കി. വാനലോകത്ത് അദ്ദേഹത്തിന്റെ പേര് ഈസാ എന്നുവച്ചു. എന്നിട്ട് തന്റെ ശിഷ്യനോടു അദ്ദേഹം ഇപ്രകാരം പറഞ്ഞു, കരീം ബഖ്ശേ!ആ ഈസാ വെളിപ്പെട്ടുകഴിഞ്ഞാൽ അദ്ദേഹത്തെ മൗലവിമാർ എത്രമാത്രം എതിർക്കുമെന്ന് നീ കാണുന്നതാണ്. അവർ അതിശക്തമായി എതിർക്കുന്നതാണ്. പക്ഷേ, അവർ പരാജയപ്പെടും. ഇന്നും അവർ പരാജിതരായി തുടരുകയാണ്. അദ്ദേഹം ആഗതനാകുന്നത് പരിശുദ്ധ ഖുർആനിൽ ചേർക്കപ്പെട്ട വ്യാജമായ അടിക്കുറിപ്പുകൾ നീക്കം ചെയ്യുന്നതിനാണ്. ഖുർആനിന്റെ യഥാർഥ മുഖം ലോകത്തിന് കാണിക്കുവാനുമാണ്. ആ പ്രവചനത്തിൽ ആ മഹാത്മാവ് ഒരു കാര്യം സ്പഷ്ടമായി സൂചിപ്പിച്ചിരുന്നു, അതായത് നീ ഈസായെ കാണുന്നതുവരെ ജീവിച്ചിരിക്കുന്നതായിരിക്കും. (തദ്ക്കിറത്തുശ്ശഹാദത്തയ്ൻ,

റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 3537)

അതായത് അദ്ദേഹം തന്റെ ശിഷ്യന്റെ ആയുസ്സിനെക്കുറിച്ചും ഇതിൽ പ്രവചിച്ചിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഓർത്തുകൊള്ളുക, അല്ലാഹുവിന്റെ ഒരു നാമം ഗഫൂർ അഥവാ പാപം പൊറുക്കുന്നവൻ എന്നാണ്. എന്നിരിക്കെ പശ്ചാത്തപിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കാതിരിക്കുന്നതെങ്ങനെ?ഇത്തരത്തിലുള്ള അബദ്ധ ധാരണകൾ സമുദായത്തിൽ കടന്നുകൂടിയിരുന്നു. അവയിൽപ്പെട്ട മറ്റൊരു അബദ്ധമാണ് ജിഹാദിനെക്കുറിച്ചുള്ള ധാരണാപിശക്. എനിക്ക് അത്ഭുതം തോന്നുന്നു, ഞാൻ ജിഹാദ് നിഷേധിയാണെന്ന് പറയുമ്പോൾ ഇക്കൂട്ടർ എന്നെ തുറിച്ചുനോക്കുന്നു. എന്നാലോ രക്തദാഹിയായ മഹ്ദിയെക്കുറിച്ചുള്ള ഹദീഥുകൾ പ്രക്ഷിപ്തമാണെന്ന് ഇവർതന്നെ സമ്മതിക്കുകയും ചെയ്യുന്നു. മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി ഈ വിഷയത്തിൽ ലഘുലേഖകളും എഴുതിയിട്ടുണ്ട്. അത്തരം ഹദീഥുകൾ പ്രക്ഷിപ്തമാണെന്ന് സമ്മതിച്ചിട്ടുമുണ്ട്. മിയാൻ നദീർ ഹുസയ്ൻ ദഹ്‌ലവിയുടേയും വിശ്വാസം ഇതു തന്നെയായിരുന്നു. ഇക്കാലത്തും ചില പണ്ഡിതന്മാർ പറയുന്നത് ഈ ഹദീഥുകളെ അവർ പൂർണമായും ശരിവെക്കുന്നില്ലെന്നാണ്. എന്നിട്ട് പിന്നെന്തിനാണ് എന്നെ നുണയനെന്ന് പറയുന്നത്? സത്യവും അതുതന്നെയാണ്. വാഗ്ദത്ത മസീഹിന്റേയും മഹ്ദിയുടേയും ജോലി ഈ യുദ്ധ പരമ്പര അവസാനിപ്പിക്കുക എന്നതാണ്. തൂലിക പ്രാർഥന ശ്രദ്ധ എന്നിവയിലൂടെ ഇസ്‌ലാമിന് പ്രചുരപ്രചാരം നല്കുക എന്നാണ്. അതുകൊണ്ട് അദ്ദേഹത്തെ അംഗീകരിക്കുന്നവരുടേയും ഇന്നുള്ള ജോലി തൂലികയുടേയും പ്രാർഥനയുടേയും ശ്രദ്ധയുടേയുമാണ്. അദ്ദേഹം പറയുന്നു: അഹോ കഷ്ടം! ജനങ്ങൾക്ക് ഇക്കാര്യം മനസ്സിലാകുന്നില്ല. ലോകത്തെ കുറിച്ചുള്ളത്ര ശ്രദ്ധ മതത്തെ കുറിച്ചില്ല എന്നതാണ് അതിനു കാരണം. നമ്മളും സ്വന്തം അവസ്ഥ വിലയിരുത്തേണ്ടതാണ്. മസീഹ് മൗഊദിനെ അംഗീകരിച്ച ശേഷം നമ്മുടെ ശ്രദ്ധയും വീണ്ടും ലൗകികതയിലേക്ക് അമിതമായി ഉണ്ടാകുന്നുണ്ടോ എന്ന് നോക്കണം. അവിടന്ന് പറഞ്ഞു:ലോകത്തിന്റെ മാലിന്യങ്ങളിലും അശുദ്ധികളിലും അകപ്പെട്ടുകൊണ്ട് പരിശുദ്ധ ഖുർആനിന്റെ ജ്ഞാനങ്ങൾ സിദ്ധിക്കുമെന്ന് അവർക്കെങ്ങനെ പ്രതീക്ഷിക്കാനാകും! **ലായമുസ്സുഹു ഇല്ലൽ മുത്വഹ്ഹറൂൻ** അതായത് പരിശുദ്ധന്മാരല്ലാതെ ഇതിനെ സ്പർശിക്കുകയില്ല എന്ന് ഖുർആൻ സ്പഷ്ടമായി എഴുതുന്നു. ഇക്കാര്യവും ഹൃദയംകൊണ്ട് കേൾക്കുവിൻ, എന്റെ ആഗമനത്തിന്റെ പരമമായ ഉദ്ദേശ്യമെന്താണ്? എന്റെ നിയോഗത്തിന്റെ അടിസ്ഥാനഉദ്ദേശ്യമെന്താണ്? എന്റെ വരവിന്റെ ഉദ്ദേശ്യവും ലക്ഷ്യവും ഇസ്‌ലാമിന്റെ പരിഷ്കരണവും പരിപോഷണവും മാത്രമാണ്. ഇതുകൊണ്ട് ഞാനൊരു പുതിയ ശരീഅത്ത് പഠിപ്പിക്കാനോ പുതിയ കല്പനകൾ നല്കാനോ വന്നതാണെന്നോ ഇനി പുതിയൊരു ഗ്രന്ഥം ഇറങ്ങുമെന്നോ ഒരിക്കലും മനസ്സിലാക്കരുത്. അങ്ങനെ ഒരിക്കലുമല്ല. അപ്രകാരം ധരിക്കുന്നവൻ എന്റെ അഭിപ്രായത്തിൽ അങ്ങേയറ്റം വഴിപിഴച്ചവനും നിർമതനുമാണ്. നബി(സ)തിരുമേനിയിൽ ശരീഅത്തും നുബുവ്വത്തും പരിപൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇനി ഒരു ശരീഅത്ത് ഗ്രന്ഥവും വരാവതല്ല. പരിശുദ്ധ ഖുർആൻ ഖാത്തമുൽകുതുബാണ്. അതിൽ ഇനി വള്ളിയോ പുള്ളിയോ ഏറ്റക്കുറച്ചിലിന് വകയില്ല. അതേ! നബി(സ)തിരുമേനിയുടെ കൃപാവരങ്ങളുടേയും അനുഗ്രഹങ്ങളുടേയും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടേയും സന്മാർത്തിന്റേയും ഫലദായകത്വം അവസാനിച്ചിട്ടില്ലെന്നതും സത്യമാണ്. അത് എക്കാലത്തും ചൂടോടെ നിലവിലുള്ളതാണ്. ആ കൃപാവരങ്ങളുടേയും അനുഗ്രഹങ്ങളുടേയും തെളിവിനായി അല്ലാഹു എന്നെ എഴുന്നേല്പിച്ചിരിക്കുന്നു. ഇസ്‌ലാമിന്റെ ഇപ്പോഴുള്ള അവസ്ഥ ഗോപ്യമല്ല. എല്ലാത്തരം ദൗർബല്യങ്ങൾക്കും അധഃപതനങ്ങൾക്കും മുസ്‌ലിമീങ്ങൾ കുറിമാനമാകുന്നെന്ന കാര്യം സർവ സമ്മതമാണ്. അവർ എല്ലാ നിലയ്ക്കും അധഃപതിക്കുകയാണ്.' അവർ ഇക്കാലത്ത് അതിലും കൂടുതൽ മോശമായിക്കൊണ്ടരിക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. 'അവരുടെ നാവുകൾ കൂടെയുണ്ട്; ഹൃദയമില്ല. ഇസ്‌ലാം യത്തീമായിരിക്കുന്നു. അത്തരം ഒരവസ്ഥയിലാണ് അല്ലാഹു എന്നെ അയച്ചിട്ടുള്ളത്. ഞാൻ അതിനെ പിന്തണയ്ക്കാനും അതിന്റെ രക്ഷാധികാരിയാകാനുംതന്നെ. അവൻ തന്റെ വാഗ്ദാനപ്രകാരമാണ് എന്നെ അയച്ചിട്ടുള്ളത്. അവൻ പറഞ്ഞു: **'ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ**(15:10) ഇപ്പോൾ പിന്തുണയും സഹായവും സംരക്ഷണവും നല്കിയില്ലെങ്കിൽ പിന്നെ എപ്പോഴാണ് അതിനുള്ള സമയം വരിക? ബദ്ർ വേളയിലുണ്ടായ അതേസ്ഥിതിതന്നെയാണ് ഈ പതിനാലാം നൂറ്റാണ്ടിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതെക്കുറിച്ച് അല്ലാഹു പറയുന്നു:**വലഖദ് നസ്വറക്കുമുല്ലാഹു ബിബദ്രിൻ അ അൻതും അളില്ല**(3:124) ഈ ആയത്തും ഒരു പ്രവചനം ഉൾക്കൊണ്ടിട്ടുണ്ട്. അതായത് 14-ാം നൂറ്റാണ്ടിൽ ഇസ്‌ലാം ദുർബലവും അശക്തവുമാകുമ്പോൾ അല്ലാഹു തന്റെ ഈ സംരക്ഷണ വാഗ്ദാനപ്രകാരം അതിനെ സഹായിക്കുന്നതായിരിക്കും. പിന്നെ നിങ്ങൾ എന്തിനാണ് അവൻ ഇസ്‌ലാമിനെ സഹായിച്ചിരിക്കുന്നുവെന്ന കാര്യത്തിൽ അത്ഭുതപ്പെടുന്നത്?'

തനിക്കെതിരെ എതിരാളികളുടെ ഭർത്സനങ്ങളെ കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അവർ എനിക്ക് ദജ്ജാലെന്നും കൊടുംനുണയനെന്നും പേരു വയ്ക്കുന്നതിലും എനിക്കുമേൽ വ്യാജാരോപണങ്ങൾ ഉന്നയിക്കുന്നതിലുമല്ല എനിക്ക് ദുഃഖം. എന്തെന്നാൽ എനിക്കു മുമ്പേയുണ്ടായ ദൈവദൂതന്മാരോടു ഉണ്ടായ അതേ പെരുമാറ്റം എന്നോടും ഉണ്ടാകേണ്ടത് അനിവാര്യമായിരുന്നു. ഞാൻ ഈ പണ്ടേയുള്ള നടപടി ക്രമത്തിൽ ഭാഗഭാക്കാകേണ്ടതുമായിരുന്നു. ഞാൻ അവർക്കു മേലുണ്ടായ നിഷ്ഠൂരപ്രവൃത്തികളിൽനിന്നും പ്രയാസങ്ങളിൽനിന്നും പങ്കപറ്റിയിട്ടില്ല. എന്നാൽ, നമ്മുടെ യജമാനപ്രഭുവായ നബി(സ)തിരുമേനിയുടെ മാർഗത്തിലുണ്ടായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സമാനതകളില്ലാത്തതും പ്രവാചക പരമ്പരയിൽ മറ്റാർക്കും ലഭിക്കാത്തതുമാണ്. നബി(സ)തിരുമേനി ഇസ്‌ലാമിനു വേണ്ടി അനുഭവിച്ച യാതനകളെക്കുറിച്ച് എഴുതാൻ തൂലികയും അതു വിവരിക്കാൻ നാവും അശക്തമാണ്. അതിൽനിന്ന് നബി(സ)തിരുമേനി എത്രത്തോളം പ്രതാപോജ്ജ്വലനും നിശ്ചയദാർഢ്യമുള്ളവനുമായ പ്രവാചകനാണെന്ന് മനസ്സിലാക്കാം. ദൈവത്തിന്റെ സഹായ സഹകരണങ്ങൾ നബി(സ)തിരുമേനിയോടൊപ്പം ഇല്ലായിരുന്നെങ്കിൽ ആ കഷ്ടപ്പാടുകളുടെ മല ചുമക്കുന്നത് അസാധ്യമാണ്. മറ്റേതെങ്കിലും പ്രവാചകനായിരുന്നെങ്കിലും അങ്ങനെ തന്നെയാകുമായിരുന്നു. എന്നാൽ, ഇത്രയും കഷ്ടപ്പാടുകളും യാതനകളുമായി നബി(സ) തിരുമേനി പ്രചരിപ്പിച്ച ഇസ്‌ലാമിന്റന്റെ അവസ്ഥയെ കുറിച്ച് ഞാനെങ്ങനെ പറയും.(ലക്ചർ ലാഹോർ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 279-280)

മുസ്‌ലിമീങ്ങൾ ഇസ്‌ലാമിനെ എന്തവസ്ഥയിലാണ് ആക്കിയിട്ടുള്ളത്? എന്നിട്ട് ദീനിന്റെ പുനരുദ്ധാരണത്തിന് വരേണ്ടിയിരുന്ന ആ വ്യക്തിയെ അംഗീകരിക്കാനും അവർ തയ്യാറല്ല.'

തുടർന്ന് അദ്ദേഹം പറയുന്നു:'ഇസ്‌ലാമിനെ വിജയിപ്പിക്കുകയും അന്യമതങ്ങൾക്കുമേൽ അതിനെ ജയിപ്പിക്കുകയും ചെയ്യുന്ന മാർഗത്തെ ഞാനെന്റെ ലിഖിതങ്ങളാൽ പൂർണ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. എന്റെ ലഘുലേഖകൾ അമേരിക്കയിലും യൂറോപ്പിലും എത്തുന്നുണ്ട്. അവർക്ക് അല്ലാഹു വിവേകം പ്രദാനം ചെയ്തിട്ടുണ്ട്. അവർ തങ്ങളുടെ ദൈവദത്തമായ വിവേക ബുദ്ധിയാൽ ഇക്കാര്യം മനസ്സിലാക്കുകയുമുണ്ടായി. എന്നാൽ, ഇതുതന്നെ ഒരു മുസ്‌ലിമിനു മുമ്പിൽ അവതരിപ്പിക്കുമ്പോൾ ഒരു ഭ്രാന്തനായോ കൊലചെയ്യാൻ ആഗ്രഹിക്കുന്നവനെപ്പോലെയോ അവന്റെ വായിൽനിന്ന് നുര പൊന്തുന്നു.' ഈയിടെയായി ഇക്കൂട്ടർ അഹ്മദികളോടു ഇപ്രകാരം ചെയ്തുകൊണ്ടിരിക്കുന്നു. 'എന്നാൽ, പരിശുദ്ധ ഖുർആനിന്റെ അധ്യാപനമെന്നത് ഇദ്ഫഅ് ബില്ലത്തി ഹിയ അഹ്സൻ(41:35) (അതായത് നല്ലതിനെക്കൊണ്ട് പ്രതിരോധിക്കുക)എന്നതാണ്. ഈ അധ്യാപനം ശത്രുക്കളോടും സൗമ്യമായും നല്ലനിലയിലും പെരുമാറി അവരെ മിത്രങ്ങളാക്കാൻ വേണ്ടിയുള്ളതാണ്. ഇക്കാര്യങ്ങൾ സമാധാനപരമായും ശാന്തമായും കേൾക്കാനുള്ളതാണ്. ഞാൻ പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്തു പറയുന്നു, ഞാൻ അവനിൽനിന്നുള്ളവനാണ്. ഞാൻ കറ്റുകെട്ടുകാരനോ കള്ളനോ അല്ലെന്ന് അവന് നല്ലവണ്ണം അറിയാം. ഇനി നിങ്ങൾ ദൈവനാമത്തിൽ സത്യം ചെയ്തതിനും എന്നെ പിന്തുണയ്ക്കുവാനായി അവൻ വെളിപ്പെടുത്തിയ ദൃഷ്ടാന്തങ്ങൾക്കും ശേഷം ഞാൻ കറ്റുകൊട്ടുകാരനാണെന്നും പെരങ്കള്ളനാണെന്നും പറയുകയാണെങ്കിൽ ഞാൻ നിങ്ങളോടു ദൈവത്തെക്കൊണ്ട് സത്യം ചെയ്ത് ആവശ്യപ്പെടുകയാണ് എല്ലാ ദിവസവും കറ്റുകെട്ടിപറയുകയും കള്ളം പറയുകയും ചെയ്തിട്ടും അല്ലാഹു നിരന്തരം സഹായിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും കറ്റുകെട്ടുകാരനെ നിങ്ങൾ കാണിച്ചുതരിക. ദൈവത്തിൽ കറ്റുകെട്ടിപറയുകയും അവനെ കുറിച്ച് കളവു പറയുകയും ചെയ്തിട്ടും ദൈവസഹായം ലഭിക്കുന്ന ഏതെങ്കിലുമൊരു വ്യാജനെ നിങ്ങളൊന്ന് കാണിച്ചു തരിക.' ഒന്നു കാണിച്ചു തരിക. അല്ലാഹുവിൽ കറ്റുകെട്ടി പറയുകയും കളവുപറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന അത്തരം മനുഷ്യനെ അല്ലാഹു വീണ്ടും സഹായിച്ചുകൊണ്ടിരിക്കുന്നുവെന്നോ! ഇന്ന് ലോകമാകമാനം വ്യാപിച്ചിരിക്കുന്ന അഹ്മദിയ്യാ ജമാഅത്തുതന്നെ അല്ലാഹു അദ്ദേഹത്തിനോടൊപ്പമാണെന്നതിന് സ്പഷ്ടമായ തെളിവല്ലേ? ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഇവനെ അതായത് ഇത്രമാത്രം വ്യാജനായ ഒരുവനെ അല്ലാഹു നശിപ്പിക്കുകയായിരുന്നില്ലേ വേണ്ടിയിരുന്നത്? എന്നാൽ, ഇവിടെ സ്ഥിതി മറിച്ചാണ്. ഞാൻ ദൈവത്തെ സത്യം ചെയ്തു പറയുന്നു, ഞാൻ സത്യവാനാണ്. അവനാൽ അയക്കപ്പെട്ടവനുമാണ്. ഇവരെന്നെ പെരുംനുണയനെന്നും കറ്റുകെട്ടുകാരനെന്നും പറയുന്നു. എന്നാൽ, ഈ സമുദായം എനിക്കെതിരെ നടത്തുന്ന എല്ലാ കേസുകളിലും ഉപദ്രവങ്ങളിലും അവൻ എന്നെ സഹായിക്കുകയും രക്ഷിക്കുകയും ചെയ്യുന്നു. പിന്നീട് എങ്ങനെയുള്ള സഹായമാണ് ചെയ്തതെന്നാൽ ലക്ഷക്കണക്കിനാളുകളുടെ ഹൃദയങ്ങളിൽ അവൻ എന്നോടുള്ള സ്നേഹമിട്ടു.' ഇതിന്റെ അർഥം അക്കാലത്ത് ഇന്ത്യയിൽ മാത്രമായിരുന്നു. പിന്നീട് ദൂരത്തും അടുത്തുംവരെ, യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും, സൗത്ത് അമേരിക്കയിലും, ദ്വീപുസമൂഹങ്ങളിലും ആസ്ത്രേലിയായിലും അറേബ്യൻ രാഷ്ട്രങ്ങളിലുമുള്ള ലക്ഷക്കണക്കിന് ഹൃദയങ്ങളിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു, എന്നോടുള്ള സ്നേഹമിട്ടു. ഒരു വ്യാജനോടാണ് ഇത്തരം പെരുമാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നത് ആശ്ചര്യകരം തന്നെ! 'ഞാൻ ഇതിൽ എന്റെ സത്യതയ്ക്ക് അതിരിടുകയാണ്.'ഇതുതന്നെയാണ് എന്റെ സത്യതയ്ക്കുള്ള തെളിവ്. അല്ലാഹുവിൽ കറ്റുകെട്ടിപ്പറയുന്ന, പെരുങ്കള്ളം പറയുന്ന വ്യാജനായ ഒരുവനെ ഇങ്ങനെയൊക്കെ അല്ലാഹു സഹായിക്കുകയും ഇത്രത്തോളം കാലം ജീവിപ്പിക്കുകയും തന്റെ ഉദ്ദേശ്യങ്ങളെല്ലാം പൂർത്തീകരിച്ചുകൊടുക്കുടയും ചെയ്ത ഒരാളെ എനിക്ക് കാണിച്ചുതരിക.'(ലക്ചർ ലുധിയാന, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 270-276)

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മുസ്‌ലിമീങ്ങൾ ആകാശത്തുനിന്ന് ഇപ്പോഴിറങ്ങിക്കൊണ്ടിരിക്കുന്ന അനുഗ്രഹവർഷങ്ങളെ വിലമതിക്കേണ്ടതാണ്. അവരെ അവൻ തക്കസമയത്ത് സഹായിച്ചതിന് നന്ദി കാണിക്കേണ്ടതാണ്. അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് പ്രതിസന്ധിഘട്ടത്തിൽ അവരെ തുണച്ചു. അവർ അല്ലാഹുവിന്റെ ഈ അനുഗ്രഹത്തെ വിലമതിച്ചില്ലെങ്കിൽ അല്ലാഹു അവരെ ലവലേശം വകവെക്കുകയില്ല. അവൻ അവന്റെ പ്രവൃത്തി ചെയ്യുകതന്നെ ചെയ്യും. എന്നാൽ, അവരുടെ കാര്യം കഷ്ടമാകും.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ
Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 29 April 2021 Issue-17

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ഞാൻ പൂർണവിശ്വാസത്തോടും നല്ല ബോധത്തോടും ശക്തമായ നിലയിലും പറയുന്നു, ‘അല്ലാഹു മറ്റു മതങ്ങളെ ഉന്മൂലനം ചെയ്യാനും ഇസ്‌ലാമിന് ശക്തിയും വിജയവും പ്രദാനം ചെയ്യാനും ഉദ്ദേശിച്ചിരിക്കുകയാണ്. ഈ ദൈവനിശ്ചയത്തെ വെല്ലാൻ ഒരു കൈയൂക്കിനും ശക്തിക്കും സാധിക്കുകയില്ല. അവൻ **ഫഅ്ആലുല്ലിമാ യുരീദാണ്**(85:17) ഇച്ഛിക്കുന്നത് ചെയ്യുന്നവനാണ്. അല്ലയോ മുസ്‌ലിമീങ്ങളേ! ഓർമ വെച്ചുകൊള്ളവിൻ! അല്ലാഹു എന്നിലൂടെ ഇക്കാര്യം നിങ്ങളെ അറിയിച്ചിരിക്കുകയാണ്. ഞാൻ എന്റെ സന്ദേശം എത്തിച്ചിരിക്കുന്നു. ഇനി അത് ചെവിക്കൊള്ളുന്നതും കൊള്ളാതിരിക്കുന്നതും നിങ്ങളുടെ ഇഷ്ടം. ഹദ്റത്ത് ഈസാ(അ) മരണപ്പെട്ടിരിക്കുന്നു എന്ന കാര്യം സത്യമാണ്. ഞാൻ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്തു പറയുന്നു: വരാനിരുന്ന, വാഗ്ദത്തം ചെയ്യപ്പെട്ടവൻ ഞാൻ തന്നെയാണ്. അതുപോലെ ഇസ്‌ലാമിന്റെ ജീവിതം ഈസായുടെ മരണത്തിലാണുള്ളതെന്നതും ഉറപ്പായ കാര്യമാണ്.’(ലക്ചർ ലുധിയാന, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 290)

തൂടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘അജ്ഞരായ എന്റെ എതിരാളികളെ അല്ലാഹു ദിനംപ്രതി വിവിധങ്ങളായ ദൃഷ്ടാന്തങ്ങൾ പ്രകടമാക്കി നിന്ദിച്ചുകൊണ്ടിരിക്കുന്നു. അവനെ സത്യം ചെയ്ത് ഞാൻ പറയുന്നു:‘അവൻ ഇബ്റാഹീമിനോടു സംസാരിക്കുകയും സംബോധന ചെയ്യുകയും ചെയ്തതുപോലെ, തുടർന്ന് ഇസ്ഹാഖിനോടും ഇസ്മായീലിനോടും യഅ്ഖൂബിനോടും യൂസുഫിനോടും മൂസായോടും മസീഹ് ഇബ്നു മർമയമിനോടും എല്ലവർക്കുംശേഷം നമ്മുടെ നബി(സ) തിരുമേനിയോടും സംസാരിച്ചതുപോലെ, അത് ഏറ്റവുമധികം തിളക്കമാർന്നതും പരിശുദ്ധവുമായിരുന്നു, എന്നേയും സംഭാഷണവും സംബോധനയും കൊണ്ട് അനുഗ്രഹിക്കുകയുണ്ടായി. എന്നാൽ, ഈ സൗഭാഗ്യം എനിക്ക് നബി(സ)തിരുമേനിയെ പിൻപറ്റിയതുകൊണ്ടുമാത്രം ലഭിച്ചതാണ്. ഞാൻ നബി(സ)തിരുമേനിയുടെ ഉമ്മത്തി അല്ലായിരുന്നെങ്കിൽ നബി(സ)തിരുമേനിയെ പിൻപറ്റിയിരുന്നില്ലെങ്കിൽ ലോകത്തുള്ള എല്ലാ പർവ്വതങ്ങൾക്കും സമാനമായി എന്റെ കർമങ്ങളുണ്ടായാലും ഒരിക്കലും എനിക്ക് ദൈവഭാഷണവും സംബോധനയും ലഭിക്കുമായിരുന്നില്ല. എന്തെന്നാൽ ഇപ്പോൾ മുഹമ്മദീ നുബുവ്വത്തല്ലാത്ത എല്ലാ നുബുവ്വത്തുകളും അടഞ്ഞുപോയിരിക്കുന്നു. ശരീഅത്തോടുകൂടിയുള്ള ഒരു പ്രവാചകനും ഇനി വരാവതല്ല. ശരീഅത്തില്ലാത്ത നബി വരാവുന്നതാണ്. എന്നാൽ, അയാൾ ആദ്യം ഉമ്മത്തിയായിരിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഉമ്മത്തിയും നബിയുമാണ്. എന്റെ നുബുവ്വത്ത് അതായത് ദൈവഭാഷണവും ദൈവസംബോധനയും നബി(സ)തിരുമേനിയുടെ നുബുവ്വത്തിന്റെ പ്രതിച്ഛായയാണ്. എന്റെ നുബുവ്വത്ത് അതല്ലാത്ത മറ്റൊന്നുമല്ല. മുഹമ്മദിയ്യ നുബുവ്വത്ത് തന്നെയാണ് എന്നിൽനിന്ന് പ്രകടമായിട്ടുള്ളത്. ഞാൻ വെറും പ്രതിച്ഛായയും ഉമ്മത്തിയുമായതിനാൽ അത് നബി(സ)തിരുമേനിയുടെ പ്രതാപത്തിന് ഒരു കോട്ടവും വരുത്തുന്നില്ല. എനിക്കു ലഭിക്കുന്ന ദൈവഭാഷണം വിശ്വസനീയമാണ്. ഒരു നിമിഷനേരത്തേക്കുപോലും അതിൽ ഞാൻ സംശയിച്ചാൽ ഞാൻ കാഫിറാകുന്നതും എന്റെ പര്യവസാനം നാശകരമാകുന്നതുമാണ്. എനിക്കുമേൽ അവതീർണമായ ദൈവഭാഷണം വിശ്വസനീയവും അഖണ്ഡിതവുമാണ്. സൂര്യനേയും സൂര്യപ്രകാശത്തേയും കണ്ട ഒരാൾക്ക് അത് സൂര്യനും സൂര്യപ്രകാശവുമാണെന്ന കാര്യം നിഷേധിക്കാനാകാത്തതുപോലെ എനിക്കുമേൽ ദൈവപക്ഷത്തുനിന്നിറങ്ങുന്ന ഭാഷണത്തെ എനിക്കും സംശയിക്കാനാകില്ല. ദൈവഗ്രന്ഥത്തിലെന്നപോലെ ഞാൻ അതിൽ വിശ്വസിക്കുന്നു.’(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 411–412)

തുടർന്ന് അവിടന്ന് പറഞ്ഞു: ‘ഏതൊരു കാര്യത്തിനുവേണ്ടിയാണോ അല്ലാഹു എന്നെ നിയോഗിച്ചത് അതിതാണ്: അല്ലാഹുവും അവന്റെ സൃഷ്ടികളും തമ്മിലുള്ള പൊരുത്തക്കേട് ദൂരീകരിക്കുകയും സ്നേഹത്തിന്റേയും ആത്മാർഥതയുടേയും ബന്ധം പുനഃസ്ഥാപിക്കുകയും സത്യം വെളിപ്പെടുത്തിക്കൊണ്ട് മതയുദ്ധങ്ങൾക്ക് അറുതി വരുത്തുകയും രഞ്ജിപ്പിന് അടിത്തറ പാകുകയും ചെയ്യുക. ലോകദൃഷ്ടയിൽനിന്ന് മറഞ്ഞിരിക്കുന്ന മതസത്യങ്ങൾ ലോകർക്ക് വെളിപ്പെടുത്തിക്കൊടുക്കുക. ശരീരേച്ഛകളുടെ അന്ധകാരത്തിനു കീഴിൽ അമർന്നുപോയ ആത്മീയതയുടെ മാതൃക കാണിക്കുക. അതുപോലെ മനുഷ്യന്റെ അന്തഃരംഗങ്ങളിൽ പ്രവേശിച്ച് ധ്യാനത്താലോ പ്രാർഥനയാലോ വെളിപ്പെടുന്ന ദൈവത്തിന്റെ ശക്തിയെ ആനന്ദഭാവം മുഖേന കേവലം വാക്കുകളാലല്ല വെളിപ്പെടുത്തുക. എല്ലാത്തിലുമുപരി എല്ലാതരം ശിർക്കിന്റേയും മായത്തിൽനിന്നു മുക്തവും എന്നാൽ, ഇന്ന് ലേകത്തുനിന്ന് തിരോഭവിക്കുകയും ചെയ്ത തിളക്കമാർന്ന തൗഹീദിന്റെ ചെടി വീണ്ടും സമുദായത്തിൽ നടുകയുമാണ്. എന്നാൽ, ഇതൊന്നും എന്റെ ശക്തികൊണ്ടായിരിക്കുകയില്ല സംഭവിക്കുക. മറിച്ച് ആകാശഭൂമികളുടെ ദൈവത്തിന്റെ ശക്തിമുഖേനയായിരിക്കും സംഭവിക്കുക. ഞാൻ കാണുന്നു, ഒരു ഭാഗത്ത് ദൈവം സ്വകരങ്ങളാൽ എന്റെ ശിക്ഷണം നടത്തിയും എന്നെ തന്റെ ദിവ്യവെളിപാടിനാൽ അനുഗൃഹീതനാക്കിയും ഇത്തരം സമുദ്ധാരണത്തിനായി എഴുന്നേറ്റു നില്ക്കുംവിധം എനിക്ക് ആർജവം തന്നിരിക്കുന്നു. മറുവശത്ത് എന്റെ വാക്കുകൾ അംഗീകരിക്കുന്നതിന് സുസജ്ജമായ ഹൃദയങ്ങളും അവൻ തയ്യാറാക്കിയിരിക്കുന്നു. എന്നെ അല്ലാഹു ലോകത്ത് നിയോഗിച്ചയച്ച സമയത്തുതന്നെ ഇവിടെ വമ്പിച്ച വിപ്ലവവും ഉണ്ടാകുന്നതായി ഞാൻ കാണുന്നു. യൂറോപ്പിലും അമേരിക്കയിലും ഹദ്റത്ത് ഈസായുടെ ദൈവത്വത്തെ വാഴ്ത്തുന്നവരുടെ ഇടയിലുള്ള ഗവേഷകർ ഇപ്പോൾ സ്വയമേവ ആ വിശ്വാസത്തിൽനിന്നു അകലുകയാണ്. ഈ വിശ്വാസത്തെ നിഷേധിക്കുന്ന ഒരുപാടുപേർ ഇപ്പോഴുണ്ട്. പൂർവികർ മുതൽക്കു ബിംബങ്ങളേയും ദേവന്മാരേയും പൂജിക്കുന്ന പലരും ബിംബങ്ങൾക്ക് ഒരു യാഥാർഥ്യവുമില്ലെന്ന് മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. അവർ ഇപ്പോഴും ആത്മീയ തയിൽനിന്ന് അജ്ഞരാണെങ്കിലും ആചാരമെന്നോണം ചിലവാക്കുകൾ ഉരുവിട്ടുകൊണ്ടിരിക്കുന്നെങ്കിലും അനേകായിരം വ്യർഥമായ ആചാരങ്ങളുടേയും അനാചാരങ്ങളുടേയും അന്യാരാധനയുടേയും കയർ തങ്ങളുടെ കഴുത്തിൽ നിന്നു ഊരിക്കളയുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അവർ ഏകദൈവസിദ്ധാന്തത്തിന്റെ പടിവാതിലിനു സമീപത്ത് എത്തി നില്ക്കുകയാണ്. കുറച്ചുകാലങ്ങൾക്കുശേഷം ദൈവാനുഗ്രഹങ്ങളുടെ സവിശേഷമായ കരം അവരിൽ പലരേയും തൽസ്ഥാനത്തുനിന്ന് മുന്നോട്ടു തള്ളി അവരെ സത്യപൂർണവും സമ്പൂർണവുമായ തൗഹീദിന്റെ സമാധാനഗേഹത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. അതിനോടൊപ്പം അവർക്ക് സമ്പൂർണസ്നേഹവും സമ്പൂർണദൈവഭയവും സമ്പൂർണ പരിജ്ഞാനവും നല്കപ്പെടുന്നതാണെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ പ്രതീക്ഷ വെറും ഭാവനാത്മകമല്ല. മറിച്ച് ദൈവത്തിന്റെ പരിശുദ്ധ വെളിപാടിനാൽ എനിക്ക് ഈ സുവാർത്ത ലഭിച്ചിരിക്കുന്നു. ഈ രാജ്യത്ത് ദൈവയുക്തി ഇത്തരത്തിൽ പ്രവർത്തിച്ചിരിക്കുന്നു. വിഘടിച്ചുനില്ക്കുന്ന സമുദായങ്ങളെ ഏക സമുദായമാക്കുവാനും രഞ്ജിപ്പിന്റേയും ശാന്തിയുടേയും നാളുകൾ കൊണ്ടുവരാനുമാണ് അങ്ങനെ ചെയ്തത്. ഈ എല്ലാ വിഭിന്ന സമുദയങ്ങളും ഒരുനാൾ ഒറ്റസമുദായമായി മാറുന്നതാണ് എന്നതിന്റെ സുഗന്ധം എല്ലാവർക്കും ലഭിക്കുന്നുണ്ട്.(ലക്ചർ ലാഹോർ, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 180–181)

ലോകത്ത് വസിക്കുന്ന ജനങ്ങൾ പ്രത്യേകിച്ച് മുസ്‌ലിമീങ്ങൾ ഈ യാഥാർഥ്യം ഗ്രഹിക്കാനും അദ്ദേഹത്തിന്റെ വാദത്തെ മനസ്സിലാക്കാനും പെട്ടെന്നുതന്നെ ആ മസീഹിന്റേയും മഹ്ദിയുടേയും ബയ്ത്തിൽ വരാനും അല്ലാഹു സഹായിക്കുമാറാകട്ടെ. അല്ലാഹു അദ്ദേഹത്തെ ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിന് അയച്ചിരിക്കുകയാണ്. അല്ലാഹു നമ്മളേയും നമ്മുടെ ബയ്അത്തിന്റെ കടമകൾ നിറവേറ്റുന്നവരാക്കി തീർക്കുമാറാകട്ടെ.

പാക്കിസ്താനിലെ അഹ്മദികൾക്കും അൽജീരിയായിലെ അഹ്മദികൾക്കുംവേണ്ടി വീണ്ടും ദുആയ്ക്കു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അവിടെ വീണ്ടും സ്ഥിതി വഷളാകുകയാണ്. പ്രശ്നങ്ങൾ കൂടിയും കുറഞ്ഞുമിരിക്കുന്നു എന്നു പറയാം. അവിടെ പൂർണമായും ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കപ്പെട്ടുവെന്ന് പറയാൻ ആയിട്ടില്ല. പാക്കിസ്താനിലും ദിവസവും സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതുപോലെ അൽജീരിയായിലേയും ചില ഭരണാധികാരികളുടെ ഉദ്ദേശ്യം നല്ലതായി തോന്നുന്നില്ല. അവർ രണ്ടാമതും കേസുകൾ തുറക്കാനാഗ്രഹിക്കുന്നു. അല്ലാഹു സകല അഹ്മദികളേയും എല്ലാ തരത്തിലുള്ള പ്രയാസങ്ങളിൽനിന്നും സംരക്ഷിക്കുമാറാകട്ടെ. അതോടൊപ്പം മുമ്പത്തെക്കാളുപരി അല്ലാഹുവിലേക്ക് കുനിയാൻ എല്ലാ അഹ്മദികളും ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ ആരാധനകളോടുള്ള കടമകൾ നിറവേറ്റുന്നവരും അവസ്ഥകൾ മെച്ചപ്പെടുത്തുന്നുവരും അല്ലാഹുവുമായി സവിശേഷബന്ധം സ്ഥാപിക്കുന്നവരുമാകേണ്ടതുണ്ട്. അല്ലാഹു നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖു തന്നരുളുമാറാകട്ടെ.

**അല്ലാഹുവിന്റെ കലാം:**

**“ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.” (വിശുദ്ധ ഖുർആൻ 3:148)**

**ത്വാലിബെ ദുആ**
**Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin